# പതിനഞ്ചാം കേരള നിയമസഭ

# നാലാം സമ്മേളനം

2022 മാർച്ച് 14, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--432]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 1109 മുതൽ 1286 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1287 മുതൽ 1420 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1421 മുതൽ 1519 വരെ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി | : 1520 മുതൽ 1540 വരെ |

**കൂത്തുപറമ്പ് - പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

1109 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ കരാർ കാലാവധി അവസാനിക്കുന്നതുവരെ പ്രവൃത്തി നീട്ടിക്കൊണ്ടുപോവുകയും കരാറിൽ നിന്ന് പിൻവാങ്ങുകയും ചെയ്യുന്നത് മൂലം വികസന പ്രവർത്തനങ്ങളുടെ വേഗത കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര മരാമത്ത് പ്രവൃത്തികളുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരാർ കാലാവധിക്ക് മുമ്പുതന്നെ ടെർമിനേറ്റ് ചെയ്യുന്നതിനും പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പി. ഡബ്ല്യു. ഡി മാന്വലിലും ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഇതിനാവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര-പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗം പ്രവൃത്തികൾ**

1110 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022 ഫെബ്രുവരി മാസം വരെ പ്രസ്തുത മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് വിഭാഗം ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും ഫയൽ നമ്പർ വ്യക്തമാക്കാമോ?

## കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിലുള്ള കാലതാമസം

1111 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ സോയിൽ ടെസ്റ്റ്, ഡിസൈൻ തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുന്ന വലിയ കാലതാമസം വികസന പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ സോയിൽ ടെസ്റ്റ്, ഡിസൈൻ തുടങ്ങിയവ ലഭ്യമാകാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് വേർതിരിച്ച് വിശദമാക്കുമോ; പ്രസ്തുത ഫയലുകൾ നിലവിൽ എത് ഉദ്യോഗസ്ഥന്റെ പരിഗണനയിലും കൈവശത്തിലുമാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നടപടികൾക്ക് വേഗം കൂട്ടി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ഡി) തീർപ്പാകാതെ കിടക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് മികച്ച അംഗീകൃത ആർക്കിടെക്ടുകളുടെയും മറ്റ് വിദഗ്ധരുടേയും സേവനം താൽക്കാലിക അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി പ്രവൃത്തികൾക്ക് വേഗം കൂട്ടുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കാപ്പിൽ റെയിൽവേ അണ്ടർ പാസ്സേജ്

1112 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിൽ റെയിൽവേ അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ആയതിലേക്ക് ഈ സർക്കാർ ബഡ്ജറ്റിൽ ഫണ്ട് നീക്കി വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പ്രവൃത്തികളുടെ നിർവ്വഹണം

1113 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി.യിൽ പുതിയതായി ആവിഷ്കരിച്ച മോണിറ്ററിംഗ് സംവിധാനങ്ങളുടെയും നിയോജകമണ്ഡലതല കമ്മറ്റികൾ, ലയബിലിറ്റി പിരീഡ് പ്രദർശിപ്പിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെയും പരിശോധന സംസ്ഥാന തലത്തിൽ എപ്രകാരമാണ് നടത്തുന്നത്;

(ബി) കിഫ്ബി ഫണ്ടുകൾ ഉപയോഗിച്ചുള്ള വലിയ പ്രവൃത്തികളുടെ നിർവ്വഹണം കെ.ആർ.എഫ്.ബി-യെ ഏൽപ്പിച്ചതിന് ശേഷം കൂടുതൽ പ്രവൃത്തിയുള്ള പ്രദേശങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥലമെടുപ്പ് ആവശ്യമായി വരുന്ന വൻകിട പദ്ധതികൾക്ക് റവന്യൂ വകുപ്പിലെ എൽ.എ. വിഭാഗത്തിലെ നടപടികൾ മൂലം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാന പദ്ധതികൾക്ക് സ്ഥലമെടുപ്പ് വേഗത്തിലാക്കുവാൻ റവന്യൂ വകുപ്പുമായി ആലോചിച്ച് പ്രത്യേക സംവിധാനം രൂപപ്പെടുത്തുമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1114 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 വർഷങ്ങളിലെ ബജറ്റിൽ 20% തുക വകയിരുത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാനുള്ളവയുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ലോറി ഷെഡ് നിർമ്മാണം

1115 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റേഷനറി ഹെഡ് കോർട്ടേഴ്സ് വകുപ്പിലെ കരാർ പ്രകാരമുള്ള ലോറി ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പേയ്മെന്റ് പൂർണ്ണമായും നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

## തിരൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1116 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ചതും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

## മരാമത്ത് പ്രവൃത്തികളുടെ ചെയിനേജ് മാറ്റം

1117 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികളുടെ പേരിലെ മാറ്റത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് ധാരാളം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടങ്കൽ തുകയിൽ അധികരിക്കാതെയുള്ള പ്രസ്തുത മാറ്റം കാരണം പ്രവൃത്തികൾ നടപ്പിലാക്കുന്നത് വൈകുന്നതിനിടയാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് ;

(സി) ചീഫ് എഞ്ചിനീയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വഴി പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരം നൽകുന്നതിനുള്ള പദ്ധതിയുണ്ടോ ;

(ഡി) തിരുവള്ളൂർ ആയഞ്ചേരി റോഡ് ഇത്തരത്തിൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

## തരൂർ - കോട്ടായി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം

1118 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായി ജി.എൽ.പി.എസ്സിനായി 2020-21 വർഷത്തെ ബജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് കോടതി അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കോടതി വിധിയുടെ സ്പഷ്ടീകരണം പൊതുമരാമത്ത് വകുപ്പ് നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ജി.എൽ.പി.എസ്സിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലനിൽക്കുന്ന കേസ്, കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും തരത്തിൽ തടസ്സമാണെന്ന് പൊതുമരാമത്ത് വകുപ്പിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ;

(ഇ) ജി.എൽ.പി.എസ്സിന്റെ നിലവിലുള്ള കെട്ടിടം ഏതു നിമിഷവും തകർന്നുവീഴാവുന്ന നിലയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടം നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥന്റെ തസ്തിക, കാര്യാലയം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്ന കാര്യാലയം, ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ;

(ജി) പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച് പരാതികൾ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് മറുപടി നൽകിയിട്ടുണ്ടോ?

## ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾക്ക് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടേഴ്സ് ലൈസൻസ്

1119 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടേഴ്സ് ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ നടപടി പുന പരിശോധിക്കുന്നതിന് തയ്യാറാകുമോ;

(ബി) പി.ഡബ്ല്യൂ.ഡി കോൺട്രാക്ടേഴ്സ് ലൈസൻസ് അനുവദിക്കലും പുതുക്കലും ഓൺലൈനായ സാഹചര്യത്തിൽ സഹകരണസംഘങ്ങൾക്ക് പ്രത്യേക ഓപ്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിനായി പൊതുമരാമത്ത് വകുപ്പ് മാന്വൽ ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ടോയെന്ന വ്യക്തമാക്കുമോ;

(സി) സഹകരണ വകുപ്പ് രജിസ്ട്രേഷനുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ പ്രവൃത്തികളുടെ ടെൻഡറിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്ന രീതിയിൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1120 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളെ സംബന്ധിക്കുന്ന ബോർഡ്

1121 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദ വിവരം രേഖപ്പെടുത്തിയ ബോർഡുകൾ നിശ്ചിതസ്ഥാനങ്ങളിൽ സ്ഥാപിക്കണമെന്ന തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ബോർഡ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന് എത്ര തുകയാണ് ചെലവായത്;

(സി) ബോർഡ് സ്ഥാപിച്ച ശേഷം നിർമ്മാണ പദ്ധതികളുടെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; അവയിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ചാത്തമംഗലത്ത് അണ്ടർപാസ് നിർമ്മാണം</u>**

1122 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാത്തമംഗലത്ത് പ്രവർത്തിക്കുന്ന എൻ.ഐ.ടിയുടെ കോംപൗണ്ടുകൾ പരസ്പരം ബന്ധിപ്പിക്കുന്നതിന് അണ്ടർപാസ് നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന് പണം കൈമാറിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

**<u>മുണ്ടക്കയം-കൂട്ടിക്കൽ-ഇളങ്കാട്-വല്യേന്ത-വാഗമൺ റോഡ് പുനർനിർമ്മാണം</u>**

1123 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരുന്ന മുണ്ടക്കയം-കൂട്ടിക്കൽ-ഇളങ്കാട്-വല്യേന്ത-വാഗമൺ റോഡിന്റെ നിർമ്മാണം നടന്ന ഭാഗങ്ങൾ ഉൾപ്പെടെ ഇക്കഴിഞ്ഞ പ്രളയത്തിൽ തകരാറിലാവുകയും ഒലിച്ചുപോവുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച തുകയിലും അധികരിച്ച തുക ആവശ്യമാകയാൽ അതിനനുസൃതമായി എസ്റ്റിമേറ്റ് പുതുക്കി അധിക തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പുതുക്കോട് സർവ്വജന സ്കൂൾ കെട്ടിട നവീകരണം</u>**

1124 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന സ്കൂളിന്റെ കെട്ടിട നവീകരണത്തിനായി 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം ഏതു സമയത്തും തകർന്നു വീഴുമെന്ന സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022 ജൂൺ മാസത്തിനുള്ളിൽ ടി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**<u>മഞ്ചേശ്വരം -പുതിയ പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾ</u>**

1125 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;ഇത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ;വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതിയ ഓഫീസുകൾ എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## പുറമ്പോക്ക് ഭൂമിയിൽ കൂട്ടിയിട്ട മെറ്റലുകൾ മാറ്റുന്ന നടപടി

1126 **ശ്രീ. കെ.എം.സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പുറം പോക്ക് ഭൂമിയിൽ പൊതുമരാമത്ത് വിഭാഗം പ്രവൃത്തികൾ നടത്തുന്നതിനായി വർഷങ്ങളായി കൂട്ടിയിട്ട മെറ്റലുകൾ മാറ്റുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പുറം പോക്ക് ഭൂമിയിൽ വർഷങ്ങളായി കൂട്ടിയിട്ട മെറ്റലുകൾ എപ്പോൾ മാറ്റാൻ കഴിയുമെന്ന് അറിയിക്കാമോ?

## ആനക്കാംപൊയിൽ -കള്ളാടി -മേപ്പാടി തുരങ്ക പാത നിർമ്മാണ പ്രവർത്തനങ്ങൾ

1127 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പ്രാഥമിക നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ വേണ്ടി സർക്കാർ ഏറ്റെടുക്കേണ്ട സ്വകാര്യ-പൊതു സ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും ആയത് സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ടിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണം

1128 **ശ്രീ. പി.വി.അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും മേൽ ഫയലിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) 2016 -ൽ പ്രസ്തുത റോഡ് നവീകരണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്നറിയിക്കാമോ; നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക ശേഷിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ ആകെ നീളം എത്രയെന്നും, സംസ്ഥാന അതിർത്തിയായ നാട്ടുകാണി ചുരം മുതൽ വടപുറം പാലം വരെയുള്ള നിലമ്പൂർ നിയോജക മണ്ഡലത്തിലെ പാതയുടെ നീളം എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) നിലമ്പൂർ സെക്ഷനിൽ നിന്നും എത്ര തുകയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലമ്പൂർ നഗരസഭയിലെ കരിമ്പുഴ മുതൽ വടപുറം പാലം വരെ റോഡ് 12 മീറ്ററാക്കി വീതി കൂട്ടി ഡ്രൈനേജ് നിർമ്മിക്കുന്നതിനുള്ള തുക പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണത്തിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; പുതുക്കിയ എസ്റ്റിമേറ്റിന് എന്നത്തേക്ക് അനുമതി ലഭിക്കുമെന്ന് അറിയിക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

1129 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ കിഫ്ബി അനുമതി ലഭ്യമായ കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, ചൊവ്വള്ളൂർ-സി.എ.റ്റി. കോളേജ് റോഡ്, പൊട്ടൻ കാവ്-തെരളിക്കുഴി റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കമോ;

(ബി) പ്രസ്തുത റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് റോഡുകളിൽ കേബിളുകൾ ,പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സംവിധാനം

1130 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയാലുടൻ വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനും ,വിവിധങ്ങളായ കേബിളുകൾ സ്ഥാപിക്കുന്നതിനും വെട്ടിപ്പൊളിക്കുന്നതുമൂലം കാലാവധിക്കു മുൻപ് റോഡുകളിൽ ഗർത്തങ്ങൾ രൂപപ്പെടുന്നതും റോഡുകൾ മോശമാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം സ്ഥിരമായി പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയ റോഡുകൾ ഉടനെ കുഴിക്കാതെ റോഡുകളോട് ചേർന്ന് പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കേബിളുകളും പൈപ്പുകളും അതിലൂടെ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ?

## റോഡുകളുടെ ബി.സി.ഓവർ ലേ

1131 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് ഏതു ഘട്ടത്തിലാണ് ബി. സി. ഓവർ ലേ ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) ഡി.എൽ.പി. കഴിഞ്ഞ റോഡുകൾക്ക് ബി. സി. ഓവർ ലേ ചെയ്യുന്നതിന് എന്തൊക്കെ നിബന്ധനകളാണുള്ളത്; ബി. എം. ബി. സി. ചെയ്ത റോഡുകൾക്ക് നിശ്ചിത കാലയളവിനുള്ളിൽ ബി. സി. ഓവർ ലേ ചെയ്യേണ്ടതുണ്ടോ; അറിയിക്കാമോ;

(സി) കാവിൽ തീക്കുനി കുറ്റ്യാടി റോഡ് ബി. സി. ഓവർ ലേ പ്രവൃത്തിയുടെ വിശദ വിവരങ്ങൾ നൽകുമോ; പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## റോഡുകളിലെ കുണ്ടും കുഴികളും അടക്കാൻ നടപടി

1132 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റി, ടെലികോം, കെ.എസ്.ഇ.ബി., കേബിൾ കമ്പനികൾ എന്നിവർ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ അനുമതിയോടും വേണ്ടുന്ന ഫീസുകളടച്ചും കുഴിയ്ക്കുന്നത് യഥാസമയം പൊതുമരാമത്ത് വകുപ്പ് പൂർവ്വസ്ഥിതിയിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡുകൾ യഥാസമയം പൂർവ്വസ്ഥിതിയിലെത്തിക്കാനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങളും കൃത്യവിലോപമുണ്ടങ്കിൽ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിക്കാനായുള്ള പ്രവർത്തനങ്ങളും വിശദമാക്കാമോ ; കൃത്യവിലോപം കണ്ടെത്തിയിട്ടുണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) റോഡുകളിലെ കുണ്ടും കുഴികളും അടയ്ക്കുന്ന പ്രവർത്തികൾ യഥാസമയം നിർവഹിക്കുവാൻ വിമുഖത കാണിയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ സർക്കാർ നാളിതുവരെ എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കോതമംഗലം-പെരുമ്പാൻകുത്ത് റോഡ്

1133 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പെരുമ്പാൻകുത്ത് റോഡ് (പഴയ ആലുവ-മൂന്നാർ രാജപാത) പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ കോതമംഗലം-മുതൽ പെരുമ്പാൻ കുത്ത് വരെയുള്ള ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണോ; എത്ര കിലോമീറ്റർ ദൂരമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്നത്; വ്യക്തമാക്കാമോ;

(സി) 1924ലെ വെള്ളപ്പൊക്കത്തിൽ (99ലെ വെള്ളപ്പൊക്കം) കരിന്തിരിമല ഇടിഞ്ഞ്

റോഡ് സഞ്ചാരയോഗ്യമല്ലാതായി തീർന്നശേഷം നാളിതുവരെ പുനർ നിർമ്മാണം സാധ്യമായിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നാളിതുവരെയായി റോഡ് പുനർനിർമ്മിക്കാത്തതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത റോഡ് പുനർ നിർമ്മിച്ചാൽ വളരെ ദൂരക്കുറവിലും, കുത്തനെയുള്ള കയറ്റിറക്കങ്ങളോ കൊടും വളവുകളോ ഇല്ലാതെ എളുപ്പത്തിൽ മൂന്നാറിലേക്ക് എത്തിച്ചേരുവാൻ കഴിയുന്നതോടൊപ്പം കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനും സഹായകരമാകുമെന്നതിനാൽ അടിയന്തരമായി റോഡ് പുനർ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

1134 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ളത് ഏതെല്ലാം റോഡുകൾക്കാണ്; വ്യക്തമാക്കാമോ;

(ബി) ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും മഴക്കാലത്തിനു മുൻപ് പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ ;

(സി) ടി മണ്ഡലത്തിലെ തകരാറിലായ ഏതൊക്കെ റോഡുകളുടെ എസ്റ്റിമേറ്റുകൾക്കാണ് ഭരണാനുമതി നൽകാൻ ശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കോന്നിയിലെ ആങ്ങാമൂഴി- പ്ലാപ്പള്ളി റോഡിന്റെ പുനർനിർമ്മാണം

1135 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ആങ്ങാമൂഴി-പ്ലാപ്പള്ളി റോഡിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## മഞ്ചേരി-വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾ

1136 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ നാടുകാണി - പരപ്പനങ്ങാടി പാതയിൽ തൃക്കലങ്ങോട് പഞ്ചായത്തിലെ ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെയുള്ള റോഡിന്റെ പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി നിലച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാത വീതി കൂട്ടി ഗതാഗത യോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) തുടിയൻമല - കോടഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തി നടന്നു വരുന്നതിനിടെ പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മരണപ്പെട്ടത് കൊണ്ട് പ്രസ്തുത പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയും; വിശദമാക്കാമോ;

(എഫ്) സംസ്ഥാന പാതയായ മുള്ള്യാകുർശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ ഗതാഗതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭാഗം വീതി കൂട്ടി ബി.എം. &ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പൊതുമരാമത്ത് റോഡുകളിലെ കുഴികളിൽ വീണുള്ള അപകടങ്ങൾ

1137 **ശ്രീ . പി . ഉബൈദുള്ള**
**ഡോ. എം.കെ . മുനീർ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ നവീകരണപ്പണികൾക്കായി എടുത്ത കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്തവും അനാസ്ഥയും ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടി-താമരശ്ശേരി പാതയിലെ ചുങ്കം വെഴുപ്പൂരിൽ കലുങ്ക് നിർമ്മാണത്തിന് എടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രികന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ഉത്തരവാദികളായവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## കണ്ണൂർ ജില്ലയിലെ പള്ളിപ്പാലെ-വയന്നൂർ-വേക്കളം-തെറ്റുവഴി റോഡിന് ഭരണാനുമതി

1138 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പള്ളിപ്പാലെ-വയന്നൂർ-വേക്കളം-തെറ്റുവഴി റോഡിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

## അലിഗർ മുസ്‌ലിം യൂണിവേഴ്സിറ്റി മലപ്പുറം സെന്ററിലേക്കുള്ള റോഡ് നിർമ്മാണം

1139 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി സെന്ററിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത ഭൂമി ഉപയോഗിച്ച് കൊണ്ടുള്ള റോഡ് നിർമ്മാണം വർഷങ്ങളായിട്ടും ആരംഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## റോഡുകളുടെ ശോച്യാവസ്ഥ -ഹൈക്കോടതിയുടെ നിർദേശങ്ങൾ

1140 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നുണ്ടായ വിമർശനം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നുമുള്ള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കോടതി ഇടപെടൽ മൂലം കഴിഞ്ഞ വർഷം നിർമ്മാണം നടത്തിയ റോഡുകൾ മാസങ്ങൾക്കകം തകർന്നുവെന്നും അവ വീണ്ടും പണിയേണ്ട അവസ്ഥയിലാണെന്നുമുള്ള കോടതിയുടെ നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ; അറ്റകുറ്റപണി നടത്തി മാസങ്ങൾക്കകം റോഡുകൾ തകരുന്നതിന്റെ കാരണം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ഉത്തരവുകൾ ഇറക്കിയെങ്കിലും ഫലമില്ലാത്ത അവസ്ഥയാണെന്ന് കോടതി നിരീക്ഷണം നടത്തിയിട്ടുണ്ടോ; റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ പുതിയ ആശയങ്ങൾ നടപ്പിലാക്കണമെന്ന കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## പയ്യന്നൂർ - റോഡുകളുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാനുള്ള കാലതാമസം

1141 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ, പയ്യന്നൂർ സൗത്ത് ബസാർ കണ്ടങ്കാളി പുന്നക്കടവ് റോഡ് , വടക്കുംമ്പാട് മൂരിക്കോട് റോഡ് എന്നീ റോഡുകൾ റീടാർ ചെയ്യുന്നതിന് ഫണ്ട് അനുവദിച്ചിരുന്നെങ്കിലും തുക വർദ്ധിപ്പിക്കാതെ റീടാർ മാറ്റി മെക്കാഡം ടാറിഗ് ആക്കി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുകയിൽ അധികരിക്കാതെയുള്ള നിർദ്ദേശം ആയിട്ടും അതിന് പുതുക്കിയ ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**വിഴിഞ്ഞം-പാരിപ്പള്ളി പുതിയ പാത നിർമ്മാണം**

1142 **ശ്രീ ഡി കെ മുരളി**
**ശ്രീ വി ജോയി**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ ഐ ബി സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം തുറമുഖത്തു നിന്നാരംഭിച്ച് പാരിപ്പള്ളി വരെ നീളുന്ന ഒരു പുതിയ പാത നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പാത നിർമ്മാണത്തിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി, വീട്, വരുമാനം എന്നിവ നഷ്ടപ്പെടുന്നവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനെ സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിലുള്ള വികസന പദ്ധതികൾക്കെതിരെ ചില തത്പര കക്ഷികൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സർക്കാരിനെതിരെ സമരപരിപാടികൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാരോടുള്ള പ്രതികരണം എന്താണെന്ന് വിശദമാക്കാമോ?

**റോഡ് വികസന പദ്ധതികളുടെ കേന്ദ്രസർക്കാർ അനുമതി**

1143 **ശ്രീ എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഫലമായി ഏതെല്ലാം ഔട്ടർ റിംഗ് റോഡുകളുടെയും മറ്റു റോഡുകളുടെയും നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതി നടത്തിപ്പ്, സ്ഥലം ഏറ്റെടുക്കൽ, എന്നിവക്കാവശ്യമായ തുക കണ്ടെത്തുന്നകാര്യങ്ങളിൽ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) റോഡ് വികസനത്തോടൊപ്പം സാമ്പത്തിക-വാണിജ്യ മേഖലകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കുന്നത്തുനാട് -റോഡ് നിർമാണ പ്രവൃത്തികൾ**

1144 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) പെരിങ്ങാല-പുത്തൻകുരിശ് റോഡ് നിർമ്മാണം ആരംഭിച്ചുവെങ്കിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റി സ്ഥാപിക്കാത്തതിനാൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കി റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മുതുകുളം തട്ടാരുമുക്ക്റോഡിലെ വെള്ളക്കെട്ട് പ്രശ്നം</u>

1145 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർത്തികപ്പള്ളി-കായംകുളം റോഡിൽ മുതുകുളം തട്ടാരുമുക്കിന് സമീപം മഴക്കാലത്ത് വെള്ളക്കെട്ട് നിലനിൽക്കുന്നതിനാൽ റോഡിന് കിഴക്ക് വശത്ത് ജനങ്ങൾക്ക് വലിയ തോതിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക വർക്ക് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>ആലുവ-മൂന്നാർ റോഡിൽ (ആലുവ മുതൽ-കോതമംഗലം വരെ) നാല് വരി പാത</u>

1146 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡിൽ (ആലുവ മുതൽ കോതമംഗലം വരെ) നാല് വരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നാല് വരിയാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഡി.പി.ആർ ആണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഡി.പി.ആർ ൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നാല് വരിപ്പാതയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കലിനായി എത്ര തുകയുടെ ധനാനുമതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡ് നാലുവരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർനടപടികൾ വേഗത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) നിലവിൽ പ്രസ്തുത റോഡിന്റെ പലഭാഗങ്ങളും തകർന്ന് കിടക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി നിലവിലുള്ള റോഡ് നവീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികൾ</u>

1147 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വർഷം സെൻട്രൽ റോഡ് ഫണ്ടിൽ സമർപ്പിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഓമശ്ശേരി-ശാന്തിനഗർ-കോടഞ്ചേരി-പുലിക്കയം-വലിയ കൊല്ലി-പുല്ലൂരാംപാറ റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

## പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്ന നടപടി

1148 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മങ്കട മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ ഇത്തരത്തിൽ ഏറ്റെടുത്ത് നവീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഏതെങ്കിലും റോഡുകൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ചാഞ്ഞാൽ-കുറുവ റോഡ്, കൂട്ടിൽ-വലിയപറമ്പ് റോഡ് എന്നീ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

## റോഡുകൾ മുറിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുന്ന നടപടി

1149 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റ് ഏജൻസികളുടെ ആവശ്യത്തിനുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഉത്തരവാദിത്തം ഏത് വകുപ്പിൽ നിക്ഷിപ്തമാണെന്നും റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടി സമയപരിധി നിശ്ചയിച്ചതുൾപ്പെടെയുള്ള നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കാമോ;

(ബി) ബി.എം.&ബി.സി. റോഡുകളുടെ മുറിക്കുന്ന ഭാഗം പൈപ്പുകൾ സ്ഥാപിച്ചതിനു ശേഷം പുനർനിർമ്മിക്കുമ്പോൾ അത് ബി.എം.&ബി.സി. രീതിയിൽ തന്നെയാണോ എന്നും അപ്രകാരമല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(സി) പുതുതായി നിർമ്മിച്ച/പുനർ നിർമ്മിച്ച റോഡുകളുടെ ഉപരിതലം ഏത് ആവശ്യത്തിനായാലും മുറിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) റോഡുകൾ നിർമ്മിക്കുമ്പോൾ/പുനർ നിർമ്മിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ്,

കേരള വാട്ടർ അതോറിറ്റി, വൈദ്യുതി വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ ചേർന്ന സംവിധാനത്തിന്റെ നിയന്ത്രണം/നിരീക്ഷണം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിനായി ഇതേ വകുപ്പുകൾ ഉൾപ്പെടുത്തി കോർഡിനേഷൻ കമ്മിറ്റികളോ മറ്റ് സംവിധാനങ്ങളോ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം**

1150 **ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളത്;

(ബി) പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തി കൊണ്ട് ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി റോഡുകളുടെ നിർമ്മാണ പുരോഗതി**

1151 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത റോഡ് പ്രവൃത്തികൾ എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

**റോഡ് നിർമാണത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ സ്കൂളിന്റെ ഭാഗങ്ങൾ പുനർനിർമ്മിക്കാൻ നടപടി**

1152 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതുവേലി സർക്കാർ ഹയർസെക്കന്ററി സ്കൂളിന്റെ ഭാഗങ്ങൾ പൊളിച്ചു മാറ്റിയ വകയിൽ സ്കൂളിന്റെ ഗേറ്റും മതിലും കെട്ടിടഭാഗങ്ങളും പുനർ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും CE/BL/84418/2021 പ്രകാരം കെ.എസ്.ടി.പി.ക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ പൊളിച്ചു മാറ്റിയ ഭാഗങ്ങൾ തിരികെ നിർമ്മിച്ച് നൽകുന്നതിന്

പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

**ഈരാറ്റുപേട്ട കേന്ദ്രമായി റോഡ് വിഭാഗം സബ്ഡിവിഷൻ ഓഫീസ്**

1153 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 600 കിലോ മീറ്ററിൽ അധികം വരുന്ന പൊതുമരാമത്ത് റോഡുകൾ പാലാ, കാഞ്ഞിരപ്പള്ളി എന്നീ സബ്ഡിവിഷൻ ഓഫീസുകൾക്ക് കീഴിലായി വിഭജിച്ച് കിടക്കുന്നതിനാൽ ഭരണപരമായ നടപടികൾക്കും റോഡ് പരിപാലന പ്രവർത്തനങ്ങൾക്കും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റോഡ് വിഭാഗം സബ്ഡിവിഷൻ ഓഫീസ് ഇല്ലാത്തത് മൂലം ഏറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ ഇതു പരിഹരിക്കുന്നതിനും മികച്ച റോഡ് പരിപാലനം ഉറപ്പാക്കുന്നതിനും ഈരാറ്റുപേട്ട കേന്ദ്രമായി റോഡ് വിഭാഗത്തിന്റെ ഒരു സബ്ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കാസർഗോഡ് മണ്ഡലത്തിലെ ബി.എം., ബി.സി റോഡുകൾ**

1154 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ഇനി എത്ര റോഡുകൾ ബി.എം, ബി.സി നിലവാരത്തിൽ നിർമിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം റോഡുകളാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ബി.എം, ബി.സി ചെയ്യാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഏത് റോഡിനാണ് മുൻഗണനയെന്നും മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പതിനൊന്ന് വർഷം പൊതുമരാമത്ത് വകുപ്പ് കാസർഗോഡ് മണ്ഡലത്തിനനുവദിച്ച ഫണ്ട്, ചെലവഴിച്ച തുക, ഇതുപയോഗിച്ച് ചെയ്ത പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിനനുവദിച്ച ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ?

**പൊന്നാനി - റോഡ് വീതി കൂട്ടുന്നതിനു നടപടി**

1155 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ കുണ്ടുകടവ് ജംഗ്ഷൻ മുതൽ പൊന്നാനി ടൗൺ വരെയുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റോഡ് വീതി കൂട്ടി പണിയുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

## നബാർഡ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ നവീകരണം

1156 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഏതൊക്കെ റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് തുകയടക്കം മണ്ഡലംതിരിച്ച് വ്യക്തമാക്കാമോ?

## റാന്നി മണ്ഡലത്തിലെ മലയോര ഹൈവേ

1157 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; ഇതിനായി ആകെ എത്ര രൂപയാണ് ചെലവഴിക്കുന്നത്;

(ബി) റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; മലയോര ഹൈവേയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ

1158 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ റോഡ് ആണ് നിലവിലുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 1980, 1990, 2000, 2010, 2020 എന്നീ കാലങ്ങളിൽ എത്ര കിലോമീറ്റർ റോഡുകൾ ആണ് ഉണ്ടായിരുന്നത്?

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

1159 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്നും, അവയുടെ ദൈർഘ്യം എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം എത്രയാണെന്ന് നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

## മണ്ണന്തല - പൗഡിക്കോണം റോഡ് വികസനം

1160 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല - പൗഡിക്കോണം റോഡ് വികസനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഈ വർഷം പൂർത്തിയാക്കാൻ സാധിക്കുമോ;

(സി) പ്രസ്തുത റോഡ് വികസനം സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ?

**കുറ്റ്യാടിയിലെ കാക്കുനി-നമ്പാം വയൽ റോഡ് പ്രവൃത്തി**

1161 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാക്കുനി-നമ്പാം വയൽ റോഡിന്റെ നിർമാണ പ്രവൃത്തികൾ പൂർത്തിയാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി,കരാർ തീയതി,കരാർ കാലാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഘടകങ്ങൾ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി മൺസൂൺ കാലത്തിനു മുൻപ് പൂർത്തിയാക്കിയില്ലെങ്കിൽ ജനങ്ങൾ നേരിടേണ്ടിവരുന്ന പ്രയാസം കണക്കിലെടുത്ത് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**തിരുവനന്തപുരം - അങ്കമാലി ഗ്രീൻഷീൽഡ് ഇടനാഴി**

1162 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ നാല് വരിയിൽ ഗ്രീൻഷീൽഡ് ഇടനാഴി പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ഫൈനൽ അലൈൻമെന്റ് ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ അലൈൻമെന്റിന്റെ പകർപ്പും പാതയുടെ കൃത്യമായ ദിശയും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാതയുടെ ദൂരം എത്ര കിലോമീറ്ററാണെന്നും ടി പാത കോതമംഗലം താലൂക്കിൽ കൂടി കടന്നു പോകുന്ന ദൂരം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാത കടന്നു പോകുന്ന കോതമംഗലം താലൂക്കിലെ വില്ലേജുകളും പ്രദേശങ്ങളും ഏതെല്ലാമെന്നു വ്യക്തമാക്കാമോ; കോതമംഗലം താലൂക്കിൽ കൂടി കടന്നുപോകുന്ന പാതയുടെ അലൈൻമെന്റ് പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പാതയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ;

(എഫ്) കോതമംഗലം താലൂക്കിൽ സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതിയും ആയത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ**

1163 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ ഔദ്യോഗിക

നാമം,സ്ഥലം,ദൈർഘ്യം എന്നിവ ലഭ്യമാണോ;എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവ നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കണ്ണൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി</u>**

1164 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജക മണ്ഡലത്തിലെ മേലെ ചൊവ്വ അണ്ടർ പാസ്സ്, തെക്കീ ബസാർ ഫ്ലൈ ഓവർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ഉൽഘാടനം എന്നത്തേയ്ക്ക് നടത്താനാകുമെന്ന് വ്യക്തമാക്കുമോ ?

**<u>കുട്ടനാട്ടിലെ റോഡ് നവീകരണം</u>**

1165 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ റോഡുകൾ നവീകരിക്കുവാൻ അനുവദിക്കുന്ന തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) മറ്റു സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായ ഭൂപ്രകൃതി മൂലം കുട്ടനാട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള വലിയ റോഡുകളുടെ പ്രവൃത്തി</u>**

1166 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി നടപ്പാക്കാൻ സാധിക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള വലിയ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എം.എൽ.എ.മാർ ശിപാർശ നൽകിയാൽ പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദ വിവരം നൽകുമോ?

**<u>പെരിന്തൽമണ്ണ-ഓരോടം പാലം-മാനത്തുമംഗലം ബൈപ്പാസ് റോഡ് നിർമ്മാണം</u>**

1167 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ,അങ്ങാടിപ്പുറം ടൗണുകളിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓരോടം പാലം-മാനത്തുമംഗലം ബൈപ്പാസ് റോഡ്

യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ തുടർ നടപടികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ വിശദമായ പദ്ധതി രേഖ(ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നിർമ്മാണ പ്രവൃത്തി

1168 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് പാതയിൽ കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രവൃത്തി എന്നത്തേയ്ക്കു ആരംഭിക്കുമെന്ന് അറിയിക്കാമോ?

## കോട്ടയ്ക്കലിലെ കോട്ടൂർ-ഇന്ത്യാനൂർ ബൈപാസ് റോഡ് നിർമ്മാണം

1169 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ 20% തുക നീക്കിവെച്ച കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടൂർ-ഇന്ത്യാനൂർ ബൈപാസ് റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## തലശ്ശേരിയിലെ കെ.ആർ.എഫ്.ബി. മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ

1170 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖാന്തിരം നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ?

## ചാലക്കുടി നഗരസഭയിലെ അടിപ്പാത നിർമ്മാണം

1171 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-എറണാകുളം ദേശീയപാതയിലെ ചാലക്കുടി അടിപ്പാതയുടെ നിർമ്മാണം ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും വേണ്ടത്ര പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അടിപ്പാതയുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

(സി) അടിപ്പാതയുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>ഭാരതമാല പദ്ധതിയിൽപെട്ട റോഡുകളുടെ നിർമ്മാണം</u>

1172 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതമാല പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോഴിക്കോട് - പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ, ബാംഗ്ലൂർ - മൈസൂർ - കോഴിക്കോട് - മലപ്പുറം ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാതകളുടെ ഡി പി ആർ, അലൈൻമെന്റ്, പാത കടന്നുപോകുന്ന വില്ലേജുകളിലെ സർവ്വേ നമ്പറുകൾ എന്നിവ തയ്യാറായിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ;

(സി) ഇവയിൽനിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്ക് കണക്ടിവിറ്റിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ബാംഗ്ലൂർ --മൈസൂർ -കോഴിക്കോട് -മലപ്പുറം ഹൈവേ യിൽ നിന്നും മലപ്പുറത്തെ ഒഴിവാക്കാൻ നീക്കം നടക്കുന്നുവെന്ന വാർത്തകൾക്ക് എന്തെങ്കിലും സ്ഥിരീകരണം ഉണ്ടോ ?

## <u>കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകൾ</u>

1173 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2019-20 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം റോഡുകൾ നന്നാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്; ഇവയുടെ വർഷം, തുക, കരാറുകൾ, ടെൻഡർ നല്കിയിട്ടുണ്ടെങ്കിൽ കരാറുകാരന്റെ പേര്, ഡി.എൽ.പി ഉള്ള റോഡുകളുടെ സമയപരിധി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് എയർപോർട്ട് റോഡ് പുനരുദ്ധാരണത്തിനും എയർപോർട്ടിലേയ്ക്ക് എത്തിച്ചേരുന്ന ഇടറോഡുകൾ നന്നാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ ശരിയാക്കുന്നതിന് ഓരോ റോഡിനും എത്ര തുക കെട്ടിവച്ചുവെന്നും ഓരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ബാക്കിവരുന്ന തുക മണ്ഡലത്തിലെ മറ്റു റോഡുകളുടെ പ്രവൃത്തികൾക്ക് ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡിന്റെ നവീകരണ പ്രവൃത്തി

1174 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കേച്ചേരി-മറ്റം റോഡിന്റെ നവീകരണ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്;

(ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതെന്നാണെന്നും പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ച ശേഷം പൊതുമരാമത്ത് വകുപ്പ് എന്നാണ് പ്രവൃത്തികൾ പുനരാരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ റോഡുകളുടെ ആധുനികവൽകരണം

1175 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒരോ നിയമസഭാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ എത്ര കി.മി റോഡുകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ;

(ബി) ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ എത്ര കി.മി. പൊതുമരാമത്ത് റോഡുകൾ ബി.എം. ആൻഡ് ബി.സി. ചെയ്ത് ആധുനികവൽകരിച്ചിട്ടുണ്ട് എന്നും നിലവിൽ എത്ര കി.മി. റോഡുകൾ നവീകരിക്കേണ്ടതുണ്ട് എന്നും മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ മലയോര മേഖല ഉൾപ്പെടുന്ന മണ്ഡലങ്ങളിലെ റോഡുകൾ ബി.എം. ആൻഡ് ബി.സി. ചെയ്ത് നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

## കൊടകര-വെള്ളിക്കുളങ്ങര കോടാലി റോഡിന്റെ നവീകരണം

1176 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കൊടകര-വെള്ളിക്കുളങ്ങര കോടാലി റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി അനുമതി ലഭിച്ചെങ്കിലും നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത റോഡിന്റെ നവീകരണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിനാവശ്യമായ അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ഉള്ളിയേരി-കുറ്റിയാടി റോഡിന്റെ നവീകരണ പ്രവൃത്തി

1177 **ശ്രീ. കെ.എം.സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ(P.U.K.C) റോഡിലെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള റീച്ചിന്റെ നവീകരണ പ്രവൃത്തിയുടെ ഡീറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

## തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയിലെ റോഡ് കൈയ്യേറ്റം

1178 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയിലെ പ്രധാന ജംഗ്ഷനുകളിൽ ഒന്നായ മുതുവറ-അടാട്ട് റോഡിൽ ഭൂമി കൈയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൈയ്യേറ്റവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## നെന്മാറ -ബി.എം.&ബി.സി. റോഡുകൾ

1179 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എത്ര റോഡുകളെയാണ് ബി.എം.&ബി.സി. റോഡുകളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇനി ഏതെല്ലാം റോഡുകളെയാണ് ബി.എം.&ബി.സി. ആയി ഉയർത്താനുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കോട്ടയ്ക്കൽ മണ്ഡലം- ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പുരോഗതി

1180 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ, പുത്തൂർ-ചെനക്കൽ എന്നീ ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികളുടെ പൂർത്തീകരണത്തിനാവശ്യമായ അധിക ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

1181 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന്റെയും, വടക്കുമ്പാട്-വഞ്ചിപ്പാറ ഗോപുരത്തിലിടം റോഡിന്റെയും പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി നേരത്തെ ഏറ്റെടുത്ത കരാറുകാർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മൂന്നാർ-സൈലന്റ് വാലി റോഡിന്റെ പുനരുദ്ധാരണം

1182 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ബഡ്ജറ്റിൽ അനുവദിച്ച മൂന്നാർ-സൈലന്റ് വാലി റോഡിന്റെ പുനരുദ്ധാരണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ ഇ-ഓഫീസ് നമ്പർ അറിയിക്കുമോ?

## "ഭാരത് പരിയോജന"- ഔട്ടർ റിംഗ് റോഡ് പദ്ധതി

1183 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിലെ റോഡുകളുടെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും നടത്തിയ സന്ദർശനത്തിന്റെ ഫലമായി ഏതെല്ലാം റോഡ് വികസന പദ്ധതികൾക്ക് അംഗീകാരം നേടുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) "ഭാരത് പരിയോജന"-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് അന്തിമ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എറ്റെടുക്കുന്ന സ്ഥലത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടത്; വിശദാംശം നൽകാമോ?

## പയ്യന്നൂർ -നഗര വികസന പദ്ധതി

1184 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി. വഴി നടപ്പിലാക്കുന്ന നഗര വികസന പദ്ധതിയിൽ പയ്യന്നൂർ നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി വേഗത്തിൽ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## തീരദേശ ഹൈവേ വികസനം

1185 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'തീരദേശ ഹൈവേയുടെ' വികസനം സാക്ഷാൽക്കരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) 'തീരദേശ ഹൈവേ' വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ഏത് സ്ട്രെച്ചിനുള്ള സ്ഥലമേറ്റെടുക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത റോഡിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് ഡി.പി.ആർ. നടപടികൾ പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഓരോ സ്ട്രെച്ചിലും ഇപ്പോൾ നടക്കുന്ന പ്രവൃ ത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് ?

## ബി.എം.&ബി.സി. റോഡുകളിലെ കേടുപാടുകൾ

1186 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എം.&ബി.സി. നിലവാരത്തിൽ പ്രവൃത്തി നടത്തിയിട്ടുള്ള റോഡുകളിൽ ചെറിയ കേടുപാടുകൾ സംഭവിച്ചാൽ ആ ഭാഗത്ത് കനത്തിൽ ടാർ ചെയ്ത് റോഡിന്റെ ലെവലിന് വ്യത്യാസം വരുത്തുന്ന രീതി ഒഴിവാക്കുമോ;

(ബി) പകരം കേടുപാടുകൾ സംഭവിച്ച സ്ഥലം മാത്രം ചെറിയ ആഴത്തിൽ കുഴിച്ചെടുത്ത് പഴയ റോഡിന്റെ ലെവലിൽ തന്നെ പാച്ച് വർക്ക് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവേ മേൽപ്പാലം നിർമ്മാണം

1187 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

**<u>ഇരിക്കൂർ-അലക്സ്നഗർ പാലം</u>**

1188 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അലക്സ്നഗർ പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും അമ്പത് ശതമാനം പോലും നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>നെന്മാറ ഊട്ടറ പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം</u>**

1189 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക തുടങ്ങാനാകുമെന്ന വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ പാലങ്ങൾക്ക് ഭരണാനുമതി</u>**

1190 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പടനിലം,തൊണ്ടിലക്കടവ്, നടമ്മൽകടവ് എന്നീ പാലങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) നടമ്മൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ടെണ്ടർ എടുത്ത കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചുപോകാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം നിർമാണത്തിന് ആവശ്യമായ 90% ഭൂമിയും ലഭ്യമായിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമാണോ എന്ന് വ്യക്തമാക്കാമോ?

**<u>മഞ്ചേരി ജസീല ജംഗ്ഷൻ ഫ്ലൈഓവർ</u>**

1191 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജസീല ജംഗ്ഷൻ ഫ്ലൈഓവർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന്

വ്യക്തമാക്കാമോ?

## വള്ളിക്കുന്നിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണം

1192 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കൂട്ടുമൂച്ചി അത്താണിക്കൽ റോഡിൽ പാളിക്കൽ തോടിന് കുറുകെയുള്ള ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണത്തിന്റെ അനുമതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് വകുപ്പ് തലത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് ആവശ്യമായ ഭരണാനുമതി നൽകുമോ; വ്യക്തമാക്കാമോ;

(സി) ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ' സ്വീകരിക്കുമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണം

1193 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിനിർവ്വഹണ എജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് പ്രസ്തുത ഡി.പി.ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ നഷ്ടപരിഹാര തുക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

## ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം പദ്ധതി

1194 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും അപകടങ്ങൾ നിയന്ത്രിക്കുന്നതിനും "ലെവൽ ക്രോസുകൾ ഇല്ലാത്ത കേരളം" പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാന പാതകളിൽ നിർമ്മിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി വിവരിക്കാമോ;

(ബി) സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കേണ്ട ഓവർ ബ്രിഡ്ജുകളുടെ സ്ഥലം ഏറ്റെടുക്കൽ അതിവേഗം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ടെണ്ടർ നടപടികൾ സുതാര്യവും വേഗതയിലും നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;വിശദമാക്കുമോ?

## അരൂരിലെ മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണം

1195 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ മാക്കേകടവ്-നേരെകടവ് പാലത്തിന്റെ നിലവിലെ നിർമ്മാണ അവസ്ഥ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന് പുതിയ റേറ്റ് റിവിഷൻ ബാധകമായിട്ടുണ്ടോ?

## കല്ല്യാശ്ശേരി-കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലങ്ങൾ

1196 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട തുടർ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ കൊടുന്താർ-മേൽപ്പാടം പാലം

1197 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുട്ടനാട് നിയോജകമണ്ഡലങ്ങളെ കൂട്ടിയോജിപ്പിക്കുന്നതും പള്ളിപ്പാട്, ചേപ്പാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തിരുവല്ലയിലേക്ക് പോകുവാനുള്ള എളുപ്പമാർഗവുമായ കൊടുന്താർ-മേൽപ്പാടം പാലത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്കു ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നായരമ്പലം ഹെർബർട്ട് പാലം നിർമ്മാണം

1198 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 30.10.2016-ന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് ആറ് വർഷമായിട്ടും സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം എന്തെന്നും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ കോൺകോഡ് പാലം

1199 **ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കോൺകോഡ് പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പാലത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നത്തേക്ക് പണികൾ തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കുട്ടനാട്ടിലെ പാലങ്ങളുടെ അപ്രോച്ച് റോഡ്-സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം

1200 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാലങ്ങളുടെ അപ്രോച്ച് റോഡുകൾ ഉൾപ്പെടെയുള്ള സ്ഥലം ഏറ്റെടുപ്പ് വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ ഓരോ പാലത്തിന്റെയും സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ സ്ഥലം ഏറ്റെടുക്കാനുള്ള പാലങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ ;

(ഡി) കുട്ടനാട്ടിലെ പാലങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ റയിൽവേ മേൽപ്പാലം നിർമ്മാണം

1201 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റയിൽവേ മേൽപ്പാലം നിർമ്മിയ്ക്കുന്നതിനുള്ള പി & ഇ ചാർജ് ഒടുക്കിയതിനുശേഷം നിർമ്മാണത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന്റെ നിലവിലത്തെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ത്വരിതഗതിയിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പദ്ധതി പൂർത്തീകരിയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ള സമയപരിധി അറിയിയ്ക്കുമോ?

## കായംകുളം മണ്ഡലത്തിലെ പാലങ്ങൾ

1202 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽ അനുവദിക്കപ്പെട്ട

പാലങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ ഓരോ പ്രവൃത്തികളുടെയും നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

**<u>പിറവത്തെ ഇടയാർ പാലം നിർമ്മാണത്തിന്റെ പ്രവർത്തനപുരോഗതി</u>**

1203 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ ഇടയാർ പാലം നിർമ്മാണത്തിന്റെ നിലവിലെ പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) 2022 മാർച്ചിൽ പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമോ; ഇതിനുവേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ തോരായിക്കടവ് പാലം നിർമ്മാണം</u>**

1204 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കോഴിക്കോട് ജില്ലയിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരതുക വിതരണം ചെയ്യുന്ന നടപടികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ;

(ബി) ഭൂമി വിട്ട് നൽകിയവർക്ക് എത്ര സമയത്തിനുള്ളിൽ നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കലിന് വേണ്ടി മാത്രം എത്ര രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) അവാർഡ് തുക വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഇനി എന്തെല്ലാം നടപടികളാണ് ചെയ്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പാലത്തിന്റെ ഇരുഭാഗത്തുമായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആകെ എത്ര സെന്റ് സ്ഥലം നിർമ്മാണത്തിനായി ഏറ്റെടുക്കണമെന്നും വ്യക്തമാക്കാമോ?

**<u>കാക്കനാട് റെയിൽവേ മേൽപ്പാലം നിർമ്മാണം</u>**

1205 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം-തിരുവല്ല സംസ്ഥാന പാതയിൽ കാക്കനാട് റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കോന്നിയിലെ കരിമാൻതോട് പാലത്തിന്റെ നിർമ്മാണം</u>**

1206 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കരിമാൻതോട് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## <u>പയ്യന്നൂർ മണ്ഡലത്തിലെ കുഞ്ഞിതോട്ടം പാലം നിർമ്മാണം</u>

1207 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കുഞ്ഞിതോട്ടം പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സാങ്കേതികാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>ആറ്റിങ്ങലിലെ ഒറ്റൂർ പാലത്തിന്റെ നിർമ്മാണം</u>

1208 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ 'ഒറ്റൂർ പാലം' നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

## <u>ആറ്റിങ്ങൽ -വയ്യാറ്റിൻകര പാലം നിർമ്മാണം</u>

1209 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ 'വയ്യാറ്റിൻകര' പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>പയ്യന്നൂർ പെരുമ്പ പുഴയിൽ പുതിയ പാലം</u>

1210 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളെയും നഗരങ്ങളെയും ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ഹെഡ്ഡിൽ 2018-19 വർഷം പയ്യന്നൂർ പെരുമ്പ പുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് തുക നീക്കിവെച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അരീക്കോട് റോഡ് സെക്ഷൻ ഓഫീസ് രൂപീകരണം**

1211 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലം ഒന്നിലധികം പി.ഡബ്ല്യൂ.ഡി. സെക്ഷനുകളുടെ കീഴിൽ വരുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നിയോജകമണ്ഡലങ്ങളാണ് ഒന്നിലധികം പി.ഡബ്ല്യൂ.ഡി. സെക്ഷനുകളുടെ കീഴിൽ വരുന്നതെന്നും തന്മൂലം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും പി.ഡബ്ല്യൂ.ഡി. സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) അരീക്കോട് കേന്ദ്രമാക്കി റോഡ് സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്താൻ ചുമതലപ്പെടുത്തിയ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും തസ്തികകൾ ഷിഫ്റ്റ് ചെയ്തുകൊണ്ട് പുതിയ ഓഫീസുകൾ സ്ഥാപിക്കുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അരീക്കോട് സെക്ഷൻ രൂപീകരണം ഈ പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ അരീക്കോട് സെക്ഷൻ ഓഫീസ് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**കഴക്കൂട്ടം- പാലം/റോഡ് നിർമ്മാണ പ്രവൃത്തികൾ**

1212 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം മേൽപ്പാലം നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നു വ്യക്തമാക്കാമോ;

(ബി) പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് നവീകരണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കാമോ;

(സി) മണ്ണന്തല - പൗഡിക്കോണം, പൗഡിക്കോണം - ശ്രീകാര്യം റോഡുകളുടെ നവീകരണം എന്ന് ആരംഭിക്കുവാൻ കഴിയും എന്നും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചും വിശദമാക്കാമോ;

(ഡി) ആറ്റിൻകുഴി - മുക്കോലയ്ക്കൽ മേൽപ്പാലം നിർമ്മാണപുരോഗതി വിശദമാക്കാമോ; ഈ പദ്ധതി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ കമ്മീഷൻ ചെയ്യുമെന്നും വിശദമാക്കാമോ;

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ എത്ര 'നബാർഡ്' വർക്കുകൾ അനുവദിച്ചു എന്ന് പറയാമോ; നബാർഡ് വർക്കുകൾ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(എഫ്) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ നിമിത്തം പൊതുമരാമത്ത് പ്രവൃത്തികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) തുമ്പ ബഹിരാകാശ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്റ്റേഷൻകടവ് ജംഗ്ഷൻ വി.എസ്.എസ്.സിയുടെ സഹകരണത്തോടു കൂടി വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കെ.എസ്.ടി.പി. പ്രോജെക്ട് 2

1213 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രൊജക്റ്റ് 2 മായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

1214 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ പദ്ധതി തിരിച്ച് വിശദമാക്കാമോ?

## ഭാരത് മാല പരിയോജന പദ്ധതി

1215 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേരളത്തിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് തത്വത്തിൽ അംഗീകരിച്ച റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് നോർത്ത് - സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട്

1216 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര-വെങ്ങളം ദേശീയപാതക്കു കുറുകെ കടന്നു പോകുന്ന സിറ്റി റോഡ്

ഇംപ്രൂവ്മെന്റ് പ്രൊജക്ടിന്റെ ഭാഗമായ സി.ഡബ്ല്യ.ആർ.ഡി.എം- പനാത്ത് താഴം റോഡ് ക്രോസ് ചെയ്യുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) പ്രസ്തുത റോഡിൽ വേങ്ങേരി മുതൽ തൊണ്ടയാട് വരെയുള്ള ഭാഗങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) നാഷണൽ ഹൈവേയിൽ വെള്ളം ഒഴുകി പോകുന്നതിനു മതിയായ കൽവർട്ടറുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത നാഷണൽ ഹൈവേ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലൂടെയാണ് കടന്നുപോകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നാഷണൽ ഹൈവേയ്ക്കു സമീപമുള്ള തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനു പ്രത്യേക പദ്ധതി തയ്യാറാക്കുമോയെന്നു വിശദമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിനുകീഴിലെ പ്രവൃത്തികൾ</u>

1217 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ കഴിഞ്ഞ സർക്കാർ നടത്തിയ പ്രധാന പ്രവൃത്തികളും അതിനായി ചെലവാക്കിയ തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച ഏതെല്ലാം പദ്ധതികൾ നിലവിലെ സർക്കാർ ഏറ്റെടുത്തു മുന്നോട്ടു പോകുന്നുണ്ട് എന്ന് അറിയിക്കാമോ; പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആരംഭിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയ്ക്കായി എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കുമോ?

## <u>യൂട്ടിലിറ്റി ഷിഫ്റ്റിങ്</u>

1218 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിങ് സമയബന്ധിതമായി (കെ.ഡബ്ല്യൂ.എ., കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ) നടപ്പിലാക്കുവാൻ ജില്ലാ തലത്തിൽ ഒരു മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിൽ ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധന-നടപടി</u>

1219 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ് പരിശോധന വിഭാഗം പൊതുമരാമത്ത് വകുപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പിന് നൽകിയ പരിശോധനാ റിപ്പോർട്ടുകളിൽ യഥാസമയം തുടർ

നടപടികൾ സ്വീകരിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം ധനകാര്യ പരിശോധന വിഭാഗം നൽകിയ ഏതെങ്കിലും റിപ്പോർട്ടുകൾ ഇപ്പോഴും യാതൊരു തുടർ നടപടികളും സ്വീകരിക്കാതെ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി ഡി.എൽ.പി**

1220 **ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ദെലീമ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പൊതുമരാമത്തു നിർമ്മാണ പ്രവൃത്തികളിലെ കൃത്യത ബോദ്ധ്യപ്പെടുന്ന തരത്തിലും ക്രമക്കേടൊഴിവാക്കാൻ ഇടപെടാൻ കഴിയും വിധവും ഓരോ ഘട്ടവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സാദ്ധ്യമാകുന്ന തരത്തിലും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി പുതിയ സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിന് ഡി.എൽ.പി. രീതി വ്യാപകമാക്കിയിട്ടുണ്ടോ;

(സി) വിവിധ പ്രവൃത്തികളുടെയും കെട്ടിടങ്ങളുടെയും പാലങ്ങളുടെയും അവസ്ഥയും പരിപാലനവും നിരീക്ഷിക്കാൻ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവയുടെ ഘടനയും കടമയും വ്യക്തമാക്കാമോ?

**എൻ.എച്ച്. 66 വികസനം**

1221 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 66 വികസനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെട്ട ചെറുകിട വ്യാപാരികളുടെയും വ്യവസായികളുടെയും പുനരധിവാസവും നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; നഷ്ടപരിഹാര വിതരണവും പുനരധിവാസവും വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഭൂമി നഷ്ടപ്പെട്ട വസ്തു ഉടമകൾക്ക് പുതിയ കെട്ടിടങ്ങളും കടകളും നിർമ്മിക്കുന്നതിന് എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പുനലൂർ പിഡബ്ല്യൂഡി റസ്റ്റ് ഹൗസ് ഗ്രേഡ് വൺ ആയി ഉയർത്തുന്ന നടപടി**

1222 **ശ്രീ പി എസ് സുപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പിഡബ്ല്യൂഡി റസ്റ്റ് ഹൗസ് ഗ്രേഡ് വൺ ആയി ഉയർത്തുന്നത് സംബന്ധിച്ച

വിഷയം ഗൗരവമായി പരിഗണിക്കുമോ ;

(ബി) ഹെറിറ്റേജ് ബിൽഡിങ് ഉൾപ്പെടെ 2 കെട്ടിടങ്ങൾ ഉള്ളതും രണ്ടു നിലകളിലായി 1714ച:മീ. വിസ്തൃതിയുള്ള പുതിയ കെട്ടിടവും എ.സി.വി .ഐ .പി . സ്യൂട്ട് റൂമും,നോൺ എ.സി.വി .ഐ .പി . സ്യൂട്ട് റൂമും, ഉൾപ്പെടെ 12അറ്റാച്ച്ഡ് റൂമുകളും 1 കോൺഫറൻസ് ഹാൾ,2ഡൈനിങ് റൂം,1 കിച്ചൻ എന്നിവ ഉള്ളതും, നിലവിൽ ഗ്രേഡ് 2വിഭാഗത്തിലുള്ളതുമായ ഈ വിശ്രമമന്ദിരത്തിലെ ആധുനിക സൗകര്യങ്ങൾ പരിഗണിച്ച് ക്ലാസ്1 പദവിയിലേക്ക് ഈ വിശ്രമ മന്ദിരത്തെ ഉയർത്താവുന്നതാണെന്നെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## റെസ്റ്റ് ഹൗസിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്താൻ നടപടി

1223 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തിൽ താഴെ മുറികളുള്ളതും, വരുമാനം താരതമ്യേന കുറഞ്ഞതുമായ റെസ്റ്റ് ഹൗസുകളിൽ മാനേജർ തസ്തികയും എന്നാൽ പത്തിനു മുകളിൽ മുറികളുള്ളതും നല്ല വരുമാനമുള്ളതുമായ റെസ്റ്റ് ഹൗസുകളിൽ ഇപ്പോഴും കെയർ ടേക്കർ തസ്തികയും തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കമാലി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ എത്ര മുറികളുണ്ടെന്നും പ്രസ്തുത റെസ്റ്റ് ഹൗസ് ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും റെസ്റ്റ് ഹൗസിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കാമോ;

(സി) അങ്കമാലി റെസ്റ്റ് ഹൗസിന്റെ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചത് മുതൽ നാളിതുവരെയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്കമാലി റെസ്റ്റ് ഹൗസിൽ മനേജർ തസ്തിക അനുവദിക്കുന്നതിനായി വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം 13/08/2021-ലെ 741/എം (ഡബ്ളിയു &റ്റി )21/ വി ഐ പി / ഡബ്ളിയു നമ്പർ കത്ത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) അങ്കമാലി റെസ്റ്റ് ഹൗസിലെ നിലവിലെ കെയർ ടേക്കർ തസ്തിക മാനേജർ തസ്തികയായി ഉയർത്തുന്നതിനായി പരിഗണനയിലുള്ള ഫയലിലെ നടപടികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വളയംകുളം റസ്റ്റ് ഹൗസിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

1224 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയംകുളം റസ്റ്റ് ഹൗസിൽ ഭക്ഷണസൗകര്യം ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കൊയിലാണ്ടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിലെ കാന്റീൻ

1225 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ പുതിയതായി നിർമ്മിച്ച കാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കാന്റീനിന്റെ നിർമ്മാണത്തിൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എന്നത്തേക്ക് കാന്റീനിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നവീകരണം

1226 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ ബുക്കിംഗ് അനുവദിച്ച ശേഷം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ വരുമാനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## തിരൂർ അമിനിറ്റി സെന്റർ

1227 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച തിരൂർ അമിനിറ്റി സെന്ററിന്റെ കെട്ടിടം 2019 ഫെബ്രുവരി 17-ന് അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്ഥാപനം ഇതുവരെ ജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം തുറന്ന് കൊടുക്കുന്നതിന് അനിശ്ചിതമായി കാലതാമസം നേരിടുന്നതിൽ ഉണ്ടാകുന്ന പരാതികളും, പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനം പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് 07.09.2021-ന് എം.എൽ.എ. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്തിന് ഇതുവരെ മറുപടി നൽകാത്തതിന്റെ കാരണം അറിയിക്കുമോ;

(ഇ) തിരൂർ അമിനിറ്റി സെന്റർ കാലതാമസം കൂടാതെ പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ചാത്തന്നൂർ -പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം.

1228 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കാഞ്ഞങ്ങാട്- കിഫ്ബി പദ്ധതികൾ</u>

1229 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ്, മേക്കാട്ട്-എരിക്കുളം റോഡ്, കാഞ്ഞങ്ങാട് ഫ്ലൈ ഓവർ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് ധനകാര്യ അംഗീകാരം നൽകിയോ; നൽകിയില്ലെങ്കിൽ എന്തൊക്കെ തടസങ്ങളാണ് നിലവിലുള്ളതെന്നും അത് പരിഹരിച്ച് ധനകാര്യ അംഗീകാരം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## <u>താമരശ്ശേരി വരിട്ട്യാക്കിൽ സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ പ്രവൃത്തി</u>

1230 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട താമരശ്ശേരി വരിട്ട്യാക്കിൽ സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പൂർത്തീകരണ കാലാവധി എന്നായിരുന്നു; എത്ര പ്രാവശ്യം കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്;

(സി) ഇതിന്റെ മൊത്തം കരാർ തുക എത്രയാണ്; എത്ര തുക ഇതുവരെയായി കരാറുകാരന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ബി.സി. വർക്കുകൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും;

(ഇ) കോഴിക്കോട് ജില്ലയിൽ അപ്ഗ്രഡേഷന് തിരഞ്ഞെടുക്കപ്പെട്ട ഈ റോഡിന്റെ തുടർ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) മാനിപുരം, കരുവംപോയിൽ തുടങ്ങിയ ടൗണുകളിൽ റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

## <u>ഇരിക്കൂറിലെ പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി</u>

1231 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി ഏറ്റെടുത്ത ആലക്കോട്-പൂവഞ്ചാൽ-മാവിൻതട്ട്-

കാപ്പിമല റോഡ്, മണക്കടവ്-മൂരിക്കടവ്-കാപ്പിമല റോഡ്, ആലക്കോട്-പാത്തൻപാറ-വെള്ളാട്-നൂലിട്ടമല-കനകകുന്ന് റോഡ് എന്നീ റോഡുകൾ കിഫ്ബി നിലവാരത്തിൽ നിർമ്മാണം നടത്തുന്നത് പ്രായോഗികമല്ല എന്ന കാരണത്താൽ പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയ്ക്ക് പകരം മറ്റ് റോഡുകൾ കിഫ്ബിയ്ക്ക് കൈമാറുന്നത് പരിഗണിക്കുമോ;

(സി) യാത്രായോഗ്യമല്ലാതായിരിക്കുന്ന മേൽപ്പറഞ്ഞ റോഡുകൾ പൊതുമരാമത്ത് വകുപ്പ് തന്നെ നിർമ്മാണ പ്രവൃത്തി നടത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## ഡ്രെയിനേജ് പുനഃസ്ഥാപിക്കാൻ നടപടികൾ

1232 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ടൗണിന്റെ പടിഞ്ഞാറ് ഭാഗത്തെ വെള്ളക്കെട്ട് തടയുന്നതിനായുള്ള ഡ്രെയിനേജ് എൻ.എച്ച്.എ.ഐ. യുടെ ഹൈവെ വികസനത്തിന്റെ ഭാഗമായി തകർന്നത് അടിയന്തിരമായി പുനഃസ്ഥാപിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കാലവർഷം തുടങ്ങുന്നതിന് മുമ്പെ ഈ ഡ്രെയിനേജ് പുനസ്ഥാപിച്ചില്ലെങ്കിൽ നിരവധി കുടുംബങ്ങൾ വെള്ളക്കെട്ടിലാകുമെന്നിരിക്കെ ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ?

## പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൾഡ് ഹൈവേ

1233 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൾഡ് ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ വില്ലേജുകളിലൂടെയാണ് പ്രസ്തുത ഹൈവേ കടന്നു പോകുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; അലൈൻമെന്റ് തയ്യാറാക്കൽ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) ഹൈവേ നിർമ്മാണത്തോടനുബന്ധിച്ച് വണ്ടൂർ നിയോജക മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിയമാനുസൃത നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എത്രപേരുടെ ഭൂമിയാണ് ഇത്തരത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; അവരുടെ പേരു വിവരവും ഇവർ ഓരോരുത്തരിൽ നിന്നും എത്രത്തോളം ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുവെന്നുമുള്ള വിശദവിവരവും ലഭ്യമാക്കാമോ;

(ഇ) ഏറ്റെടുക്കുന്ന ഭൂമിക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലുള്ള മാർക്കറ്റ് വിലയുടെ എത്ര ശതമാനം തുകയാണ് നഷ്ടപരിഹാരമായി നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനും റോഡ് പ്രവൃത്തി ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്കുമായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് തരംതിരിച്ച് വിശദമാക്കാമോ; ഗ്രീൻഫീൾഡ് ഹൈവേയുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**അങ്കമാലി ബൈപ്പാസ് നിർമ്മാണം**

1234 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന് 2017-ൽ 390 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ ഏതു ഘട്ടം വരെയായെന്നും ഏറ്റെടുക്കൽ എന്നത്തേയ്ക്കു പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) 2017-ൽ അംഗീകരിച്ച പദ്ധതി അഞ്ചുവർഷമായി ആരംഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അങ്കമാലി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിന്റെ കാലതാമസത്തിന് പരിഹാരം കാണുന്നതിന് 10/01/2022-ൽ സ്ഥലം എം.എൽ.എ. ഇ മെയിൽ ആയിട്ടും നേരിട്ടും നല്കിയ നിവേദനങ്ങളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

**ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ**

1235 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന തീരദേശ ഹൈവേ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഹൈവേയുടെ അലൈൻമെന്റ് സ്കെച്ച്, വിശദമായ രൂപരേഖ എന്നിവ ലഭ്യമാക്കാമോ?

**തുഷാരഗിരി - വൈറ്റ് വാട്ടർ കയാക്കിങ്**

1236 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം നിലച്ചുപോയ തുഷാരഗിരി-വൈറ്റ് വാട്ടർ കയാക്കിങ് മത്സരം ഈ വർഷം പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സരങ്ങൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കൈത്തറി മ്യൂസിയം**

1237 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരിയിൽ പ്രഖ്യാപിച്ചിട്ടുള്ള കൈത്തറി മ്യൂസിയം പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) മ്യൂസിയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മൂന്നാറിൽ കാരവൻ ടൂറിസം

1238 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന മൂന്നാറിൽ കാരവൻ ടൂറിസം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയിലെ വിവിധ വിനോദ സഞ്ചാര മേഖലകളിൽ എത്രയും വേഗത്തിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവന പദ്ധതികൾ

1239 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനത്തിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പാക്കേജ് പ്രകാരം കൊല്ലം ജില്ലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് അനുവദിച്ചത്; വിശദാംശങ്ങൾ നൽകുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1240 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഇ) മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## വിനോദ സഞ്ചാര മേഖലയിലെ നേട്ടങ്ങൾ

1241 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡും, പ്രളയാനന്തര പ്രശ്നങ്ങളും അതിജീവിച്ച് സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം അവാർഡുകൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(ബി) "മോസ്റ്റ് വെൽക്കമിംഗ് റീജിയൻ" വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനം കൈവരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഇന്ത്യാടുഡെ നടത്തിയ "ഹാപ്പിനെസ് ഇൻഡെക്സിൽ" കേരളം ഒന്നാമത് എത്തുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) അയ്മനം മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ദേശീയ അംഗീകാരം നേടാൻ കഴിഞ്ഞ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ടൂറിസം പദ്ധതികൾ

1242 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

## തീർത്ഥാടന ടൂറിസം പദ്ധതി

1243 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഡി. പി. ആർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ചുമതലപ്പെടുത്തിയ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

## ചലഞ്ച് ഡെസ്റ്റിനേഷൻ പദ്ധതി

1244 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിൽ പുതിയ വിനോദ സഞ്ചാര സ്ഥലങ്ങൾ കണ്ടെത്തുന്നതിനായുള്ള ടൂറിസം വകുപ്പിന്റെ ചലഞ്ച് ഡെസ്റ്റിനേഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റസ്പോൺസിബിൾ ടൂറിസം മിഷൻ

1245 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച പുതിയ യൂണിറ്റ്, ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷൻ അപേക്ഷകളുടെ എണ്ണം എത്രയാണ് ;അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച അപേക്ഷകളിൽ പുതിയ യൂണിറ്റിന്റെയും ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷന്റെയും തീർപ്പാക്കാത്ത അപേക്ഷകരുടെ ലിസ്റ്റ് നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റസ്പോൺസിബിൾ ടൂറിസം മിഷനിൽ (തിരുവനന്തപുരം) നേരിട്ട് ലഭിച്ച എത്ര അപേക്ഷകളാണ് പുതിയ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തിയത്; ഉൾപ്പെടുത്തിയ അപേക്ഷകരുടെ പേര് വിവരങ്ങൾ നൽകാമോ;

(ഡി) റസ്പോൺസിബിൾ ടൂറിസം മിഷനിൽ പുതിയ യൂണിറ്റ്, ആർട്ടിസ്റ്റ് (Artiste) രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള ഓൺലൈൻ സംവിധാനം പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണ്; ഈ കാലയളവിൽ നേരിട്ട് ലഭിച്ച എത്ര അപേക്ഷകൾ ആണ് ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തിയത്?

## മഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1246 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികളിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) മഞ്ചേരി ചെരണി പാർക്കിൽ പുതുതായി പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പാർക്കിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ

1247 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയുള്ള ടൂറിസം വികസന പദ്ധതികളുടെ നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ജില്ലകളിൽ ഇവയുടെ ക്രോഡീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ടൂറിസവുമായി ബന്ധപ്പെട്ടുള്ള ഹോം സ്റ്റേ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് ലൈസൻസ് ഉൾപ്പെടെയുള്ള അനുവാദങ്ങൾ ലഭിക്കുവാൻ ഒരു സിംഗിൾ വിൻഡോ സംവിധാനം രൂപപ്പെടുത്തുമോ;

(ഡി) ഹൗസ് ബോട്ട് സർവ്വീസ് പൂർണമായും ടൂറിസം വകുപ്പിന്റെ കീഴിലായതിനാൽ ലൈസൻസ് നൽകുന്നതിനും ഹൗസ് ബോട്ടുകളുടെ പരിശോധനകൾക്കുമുള്ള അധികാരം ടൂറിസം വകുപ്പിന് ഏറ്റെടുക്കുവാൻ കഴിയുമോ എന്നറിയിക്കാമോ?

## ടൂറിസം രംഗത്തെ പദ്ധതികൾ

1248 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിനോദ സഞ്ചാര മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് വ്യാപനം താറുമാറാക്കിയ ടൂറിസം രംഗത്തെ കൈപിടിച്ചുയർത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പഴയ പാലങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പഞ്ചായത്ത് തലത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## ഡി.റ്റി.പി.സി. ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ്

1249 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി. എക്സിക്യൂട്ടിവ് കമ്മിറ്റികളിൽ ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പരിധിയിൽ എം.എൽ.എ.മാരെ കൂടി ഉൾപ്പെടുത്തി പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## വിനോദ സഞ്ചാര മേഖലയിലെ വിദേശ സഹകരണം

1250 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയിൽ വിദേശ രാജ്യങ്ങളുമായുള്ള സഹകരണത്തിന് സംസ്ഥാനം മറ്റു രാജ്യങ്ങളുമായി ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡാനന്തര ആരോഗ്യ പരിരക്ഷണത്തിൽ സംസ്ഥാനത്തിലെ ആരോഗ്യ, ആയുർവ്വേദ ചികിത്സാ രംഗത്തെ മെച്ചപ്പെട്ട സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും മറ്റു രാജ്യങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന രീതിയിൽ ഈ രംഗത്തെ മാറ്റുന്നതിനായി ടൂറിസം വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഒരു കായലോര ഗ്രാമം ലോക പ്രശസ്ത ടൂറിസം മാഗസിനായ കോണ്ട് നാസ്റ്റ് ട്രാവലറിൽ ഇടം നേടിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വില്ലേജ് ടൂറിസത്തിന് ആഗോളതലത്തിൽ പ്രചരണം നടത്തുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുമോ;

(ഡി) കേരള ക്രേവിംഗ്സ് ക്യാംപെയിൻ കൂടുതൽ വിമാനത്താവളങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാനായിട്ടുണ്ടോ; വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1251 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ ചക്കരകണ്ടം പ്രദേശത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

1252 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി എത്ര തുക ചെലവാക്കി എന്നും തുടങ്ങിയവയിൽ പൂർത്തികരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലാ വികസനത്തിനായി ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കിഫ്ബി വഴി നടത്താൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ബീച്ച് ടൂറിസം പദ്ധതി

1253 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഒഴുകുന്ന എട്ട് നദികളെ കോർത്തിണക്കി ആവിഷ്കരിച്ച റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ നിലവിലെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നു വിശദമാക്കാമോ;

(ബി) മുഴപ്പിലങ്ങാട്, ധർമ്മടം ബീച്ചുകളെ ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കുന്ന ബീച്ച് ടൂറിസം പദ്ധതിയുടെ നിലവിലെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) മുസരീസ് പൈതൃക പദ്ധതിയുടെ മാതൃകയിൽ തലശ്ശേരിയിലും ആലപ്പുഴയിലും ആവിഷ്കരിച്ച രണ്ട് പൈതൃക സംരക്ഷണ പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ; നിലവിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## വിനോസഞ്ചാര വ്യവസായം- പ്രോത്സാഹനപ്രവർത്തനങ്ങൾ

1254 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. എ. രാജ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സവിശേഷ സംസ്കാരവും പരിസ്ഥിതിയും കാലാവസ്ഥയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കിക്കൊണ്ട് അവയ്ക്ക് ആഘാതം ഏല്പിക്കാതെ വിനോസഞ്ചാര വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാരത്തിന്റെ സദ്ഫലം എല്ലാവരിലേക്കും എന്ന ലക്ഷ്യത്തോടെ രൂപം നൽകിയിട്ടുള്ള സ്ട്രീറ്റ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) ഉത്തരവാദിത്ത ടൂറിസത്തിന്റെ മുന്നേറ്റം ലക്ഷ്യമാക്കി രാജ്യത്ത് ആദ്യമായി ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ടൂറിസം ക്ലാസിഫിക്കേഷൻ ആരംഭിച്ചിട്ടുണ്ടോ; ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഫാം 2 മലബാർ 500 എന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

## പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതി

1255 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതിക്ക് അനുവദിച്ചിരുന്ന തുക എത്രയായിരുന്നു; ഈ പദ്ധതിയുടെ പൂർത്തീകരണത്തിനു നേരിട്ട തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) രണ്ടാംഘട്ട നിർമ്മാണത്തിന് കഴിഞ്ഞ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഈ പ്രവൃത്തിക്ക് ബജറ്റിൽ അനുവദിച്ച തുക പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് മന്ത്രിക്കും ടൂറിസം വകുപ്പ് സെക്രട്ടറിക്കും ടൂറിസം ഡയറക്ടർക്കും എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിൽ തടസ്സം നിന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വാർഷിക ട്രാവലർ റിവ്യൂ അവാർഡ്</u>**

1256 **ഡോ.കെ.ടി.ജലീൽ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക ട്രാവലർ റിവ്യൂ അവാർഡിൽ മോസ്റ്റ് വെൽകമിംഗ് റീജ്യൻ വിഭാഗത്തിൽ കേരള സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതൊക്കെ പ്രക്രിയകളിലൂടെയാണ് പ്രസ്തുത പുരസ്കാര പട്ടിക തയ്യാറാക്കുന്നത്; പുരസ്കാരം ലഭ്യമാകുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന വിനോദസഞ്ചാര മേഖലയിലെ എന്തെല്ലാം സവിശേഷതകളാണ് ഒന്നാം സ്ഥാനത്തെത്തുന്നതിന് സഹായകമായത്; വിശദാംശങ്ങൾ നൽകാമോ?

**<u>വേലൂപ്പാടത്ത് ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ</u>**

1257 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വേലൂപ്പാടത്ത് കേരള ഫോറസ്റ്റ് റിസർച്ച് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് റിസർച്ച് സെന്ററിന്റെ 100 ഏക്കറിലധികം വരുന്ന സ്ഥലം ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ഇക്കോ ടൂറിസം വകുപ്പിൽ, കേരള വന ഗവേഷണ കേന്ദ്രം സമർപ്പിച്ച പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വേലൂപ്പാടം ഫോറസ്റ്റ് റിസർച്ച് സെന്റർ, ചിമ്മിനി ഡാം ഉൾപ്പടെയുള്ള മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനും ചിമ്മിനി ഡാം ഗാർഡന്റെ നവീകരണത്തിനും, വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>വിനോദസഞ്ചാര മേഖലയിൽ അബുദാബി-കേരള സഹകരണം</u>**

1258 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിൽ അബുദാബി-കേരള സഹകരണത്തിന് ധാരണയായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിലെ

സഹകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ആഗോള വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത സഹകരണം സഹായിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്നതിനും കൂടുതൽ വിദേശ മൂലധനം കേരള ടൂറിസം മേഖലയിൽ എത്തുന്നതിനും ഇത് സഹായകമാകുമോയെന്ന് വിശദമാക്കാമോ?

## കുട്ടനാട്ടിലെ ടൂറിസം മേഖലയ്ക്ക് പ്രത്യേക പാക്കേജ്

1259 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി മൂലം തകർന്ന കുട്ടനാടൻ കായൽ ടൂറിസം മേഖലയെ സഹായിക്കുവാൻ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹൗസ്ബോട്ട് ഉടമകളും തൊഴിലാളികളും നേരിടുന്ന വലിയ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വിനോദസഞ്ചാര മേഖലയുടെ വളർച്ച

1260 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ ആഘാതം കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വിപരീത വളർച്ചയ്ക്ക് കാരണമായിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ഫുഡീ വീൽസ് പദ്ധതി

1261 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംയുക്ത സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ആരംഭിക്കുന്ന ഫുഡീ വീൽസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സംരംഭകർ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.സി.യും തമ്മിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി തുടക്കത്തിൽ എവിടെയെല്ലാമാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്; പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ വിഭാവന ചെയ്ത പദ്ധതിയുടെ നടത്തിപ്പിലും ഗുണ-വില നിലവാരത്തിലും ഏകീകരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ടൂറിസം മേഖലയിലെ വിവധ സ്ഥാപനങ്ങളുമായി ചേർന്ന് ഈ സംരംഭം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## 2021-2022-ൽ ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികൾ

1262 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് 2021-2022 വർഷം എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്; വിശദമാക്കാമോ;

(ബി) പ്ലാൻ ഫണ്ടിൽ നിന്ന് 2021-2022 സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകി; പദ്ധതികളുടെ വിശദാംശവും തുകയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## വൈപ്പിൻ ബീച്ച് കോറിഡോർ പദ്ധതി

1263 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.03.2017ൽ വിനോദസഞ്ചാര വകുപ്പ് 160/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈപ്പിൻ മണ്ഡലത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്തും സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവാക്കിയും ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രാധാന്യവും നടപ്പിലാക്കാൻ നേരിടുന്ന കാലതാമസവും കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ 24.01.2022ന് നിയമസഭാംഗം നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## സ്ട്രീറ്റ് ടൂറിസം പദ്ധതി

1264 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ സ്ട്രീറ്റ് ടൂറിസം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുനലൂർ മണ്ഡലത്തിലെ തെന്മലയെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) പുനലൂർ മണ്ഡലത്തിലെ തെന്മല, അച്ചൻകോവിൽ പ്ലാന്റേഷൻ മേഖല കേന്ദ്രീകരിച്ച് ഒരു പ്ലാൻറ്റേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

## ഗ്രീൻ ഫാംസ് കേരള പദ്ധതി

1265 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ,കോവിഡ്,ഒമിക്രോൺ തുടങ്ങിയവ മൂലം പിന്നോട്ടുപോയ വിനോദസഞ്ചാര മേഖലയെ ഉയർത്തികൊണ്ടു വരുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് വിവിധ ക്ലാസിഫിക്കേഷൻ ഓൺലൈൻ ആക്കുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ക്ലാസിഫിക്കേഷൻ ഓൺലൈൻ ആക്കുന്നതോടൊപ്പം ആവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ഒഴിവാക്കി നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം വികസനത്തിന്റെ ഭാഗമായി ആയുർവേദ സെന്ററുകൾ ആരംഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഗ്രീൻ ഫാംസ് കേരള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കാൻ തയ്യാറാകുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായമാണ് സർക്കാർ നൽകുന്നതെന്ന് അറിയിക്കാമോ?

## സ്ട്രീറ്റ് പദ്ധതി

1266 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ പൈതൃകവും ചരിത്രവും പരിപോഷിപ്പിച്ചു കൊണ്ട് ടൂറിസം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്ട്രീറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് പ്രാദേശികമായ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്താണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വൈവിധ്യങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഓരോ പ്രോജക്ട് എരിയയിലും എത്ര പദ്ധതികൾ വീതമാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് വനിതാ സംരംഭകരുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും പദ്ധതികൾ പരമാവധി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## ജലോത്സവങ്ങൾ സംരക്ഷിക്കാൻ നടപടി

1267 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തിന് ഉത്തേജനം നൽകുന്ന ജലോത്സവങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജലോത്സവങ്ങൾക്കും നൽകി വരുന്ന ഗ്രാന്റ് വർധിപ്പിക്കാൻ എന്തെല്ലാം

നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ഇനം കളിവള്ളങ്ങൾക്കും നൽകുന്ന ഗ്രാന്റ് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## ഫാം ടൂറിസം പദ്ധതി

1268 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ സാംസ്കാരിക ഭക്ഷണ വൈവിധ്യങ്ങൾ ആഭ്യന്തര, വിദേശ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും അത്തരത്തിലുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## .ടൂറിസം പാക്കേജുകളുടെ പുരോഗതി

1269 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതിയിൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ ബജറ്റിൽ പ്രഖ്യാപിച്ച ടൂറിസം പുനരുജ്ജീവന പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിൽ എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയെന്ന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## പൊൻമുടി ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി

1270 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പൊൻമുടിയിൽ ടൂറിസം വകുപ്പ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നൽകിയ ഭരണാനുമതികളുടെ പകർപ്പ് നൽകാമോ?

## പയ്യാമ്പലം ബീച്ച് വാക്‌വേ

1271 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള പയ്യാമ്പലം ബീച്ച് വാക്‌വേ സൗന്ദര്യവത്കരണം രണ്ടാം ഘട്ട പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രവൃത്തി വളരെ വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>മാവേലിക്കര താമരക്കുളം വയ്യാങ്കൻചിറ ടൂറിസം പദ്ധതി</u>**

1272 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കൻചിറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വള്ളിക്കുന്നംചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>ഈരാറ്റിൻപുറം ടൂറിസം പദ്ധതി</u>**

1273 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതി പ്രദേശത്ത് ടൂറിസം വകുപ്പ് എത്ര കോടിയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച തുകയിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്നും അവ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച തുകയിൽ ഇനി എത്ര തുക ബാക്കി ഉണ്ടെന്ന് വിശദമാക്കാമോ?

**<u>കവ്വായി കായലിലെ ടൂറിസം</u>**

1274 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ മലബാറിൽ ടൂറിസം സ്പോട്ടായി അതിവേഗം വികസിക്കുന്ന വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലും കവ്വായി കായലിലെ സമീപ ദ്വീപുകളിലും ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികളുണ്ടാകുമോ; വിശദമാക്കുമോ?

**<u>ലോകനാർക്കാവ് ടെമ്പിൾ പിൽഗ്രിം ടൂറിസം</u>**

1275 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ടെമ്പിൾ' പ്രവൃത്തിയുടെ കരാർ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വിശദ വിവരങ്ങൾ സഹിതം അറിയിക്കാമോ; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും അറിയിക്കാമോ?

**<u>അരുവിക്കുഴി ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ടം</u>**

1276 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കുഴി ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ടം തുക അനുവദിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ചിൽഡ്രൻസ് പാർക്ക് ഉൾപ്പെടെ പൂർണ തോതിൽ സജ്ജമാക്കുന്ന തരത്തിൽ അരുവിക്കുഴി ടൂറിസം പദ്ധതിക്ക് തുക അനുവദിച്ച് പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

**അപ്പർ കുട്ടനാട് മേഖലയിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ**

1277 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലം ഉൾപ്പെടുന്ന അപ്പർ കുട്ടനാട് മേഖലയിലെ വിനോദ സഞ്ചാര സാദ്ധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ശാസ്താംപാറ അഡ്വഞ്ചർ അക്കാദമി**

1278 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറ അഡ്വഞ്ചർ അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) ആയതിന് വേണ്ടിയുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്നും അഡ്വഞ്ചർ അക്കാദമിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാകുമെന്നും വ്യക്തമാക്കാമോ?

**വർക്കല മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

1279 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**അരുവിപ്പുറം പിൽഗ്രിം ടൂറിസം വികസന പദ്ധതി**

1280 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറം പിൽഗ്രിം ടൂറിസം വികസന പദ്ധതി സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

**കൊടിഞ്ഞി ഇരുകുളം സൗന്ദര്യവൽകരണ പദ്ധതി**

1281 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കൊടിഞ്ഞി ഇരുകുളം സൗന്ദര്യവൽകരണ പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ കത്ത് പ്രകാരം വകുപ്പ് മന്ത്രി, ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**തിരുവനന്തപുരം ജില്ലയിലെ ടൂറിസം പദ്ധതികൾ**

1282 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്റ്റ് എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നും പ്രോജക്ടിന്റെ കരാറുകാർ ആരൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ചരിത്ര പ്രസിദ്ധ ഗുഹാക്ഷേത്രമായ മടവൂർപാറയിൽ മടവൂർപാറ ടൂറിസം പ്രോജക്ട് ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ചെമ്പഴന്തിയിൽ ഗുരുകുലം അമിനിറ്റി സെന്ററിനോടനുബന്ധിച്ചുള്ള ഡിജിറ്റൽ മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കോവളം-ബേക്കൽ ജലപാതയുടെ ഭാഗമായ പാർവ്വതി പുത്തനാർ ടൂറിസം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ഇ) ആക്കുളം ടൂറിസ്റ്റ് വില്ലേജ് പൂർണ്ണതോതിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

**ചൂലന്നൂർ മയിൽ സങ്കേതം ടൂറിസം കേന്ദ്രമാക്കാൻ നടപടി**

1283 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചൂലന്നൂർ മയിൽ സങ്കേതം വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുകയോ പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത മയിൽ സങ്കേതം ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## റാന്നിയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

1284 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ അനുവദിച്ച ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

## ക്ലിഫ് ഹൗസിലെ നീന്തൽകുള നവീകരണം

1285 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ ക്ലിഫ് ഹൗസിലെ നീന്തൽ കുളത്തിന്റെ നവീകരണത്തിനായി വിനോദസഞ്ചാര വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്നും ഓരോ പ്രവൃത്തിക്കും ചെലവായ തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെയാണോ നൽകിയതെന്ന് അറിയിക്കാമോ?

## ടൂർ ഓപ്പറേറ്റർമാർ നേരിടുന്ന പ്രതിസന്ധി

1286 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് കാര്യമായ പങ്ക് വഹിച്ചിരുന്ന ടൂർ ഓപ്പറേറ്റർമാർ കോവിഡ് വ്യാപനത്തോടെ കടുത്ത പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയുടെ തിരിച്ചുവരവിന് കളമൊരുക്കുന്നതിലും അവരുടെ അക്രഡിറ്റേഷൻ നടപടികൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ടൂർ ഓപ്പറേറ്റർമാർ, ടൂർ ആന്റ് ട്രാവൽ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവരെ സഹായിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1287 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം 3 കോടി രൂപ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളായ തിരുവങ്ങാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെയും ഗവൺമെന്റ് ബ്രണ്ണൻ ഹയർസെക്കന്ററി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

## ഖാദർ കമ്മിറ്റി ശിപാർശകൾ

1288 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ.എന്നീ വകുപ്പുകളുടെ സംയോജനത്തിന്റെ ഭാഗമായുള്ള താഴെത്തട്ട് മുതലുള്ള ഓഫീസ് സംവിധാനങ്ങൾ എന്ന് നിലവിൽ വരുമെന്ന് അറിയിക്കാമോ;

(ബി) ഖാദർ കമ്മിറ്റി ശിപാർശകൾ പൂർണ്ണമായി അനുസരിച്ചുള്ള സംവിധാനമാണോ നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകോപനം നടപ്പിലാക്കുമ്പോൾ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ എ.ഒ. തസ്തികയിലെ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കുമോ; വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1289 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (പുതിയ കെട്ടിടം മുതലായവ) ലഭ്യമാക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ നൽകാമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1290 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ പദ്ധതി

തയ്യാറാക്കിയപ്പോൾ വിട്ടുപോയ സ്കൂളുകൾക്ക് കിഫ്ബി ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഇൻകൽ, കില എന്നീ ഏജൻസികൾ ഏറ്റെടുത്ത പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതികളും പൂർത്തിയാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിൽ ഇൻകൽ, കില എന്നിവ നിർമ്മാണം ഏറ്റെടുത്ത സ്കൂളുകളും അവയുടെ ഭൗതിക നില സംബന്ധിച്ചും ഇനിയും പ്രസ്തുത ഏജൻസികൾ പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിർമ്മാണം താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇൻകൽ, കില എന്നിവർ ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്ത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ക്ലാസ് മുറികളിൽ ആവശ്യത്തിന് ഡസ്ക്, ബഞ്ച് എന്നിവ ഇല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ഡസ്ക്, ബഞ്ച് എന്നിവ കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വിദ്യാകിരണം മിഷൻ</u>

1291 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ കൂടുതൽ മികവോടെ തുടരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളേതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നവകേരളം കർമപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം മിഷനെക്കുറിച്ച് വിശദമാക്കാമോ;

(സി) കേരളത്തെ ഒരു വിജ്ഞാനസമൂഹമാക്കി പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ലോക വൈജ്ഞാനിക രംഗത്തുണ്ടായ കുതിപ്പ് ഉൾക്കൊള്ളുന്ന വിധത്തിൽ പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാണോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## <u>ഖാദർ കമ്മീഷൻ റിപ്പോർട്ട്</u>

1292 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ തുടർ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**ഓൺലൈൻ ക്ലാസും ടെലിഫോൺ കമ്പനികളുടെ നിരക്ക് വർദ്ധനവും**

1293 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ ടെലിഫോൺ കമ്പനികളുടെ നിരക്ക് വർദ്ധനവ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് സാമ്പത്തിക ക്ലേശം ഉണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസുകൾ തുടരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ആശ്വാസമായി നിരക്ക് വർദ്ധനവ് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മലയാള ലിപി ഏകീകരണം**

1294 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ലിപി വ്യവസ്ഥയിലെ സങ്കീർണതകൾ ഒഴിവാക്കി എഴുത്തിലും അച്ചടിയിലും ടൈപ്പിങ്ങിലും ഏകീകൃത ലിപി വ്യവസ്ഥ കൊണ്ടുവരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മലയാള ഭാഷ പരിഷ്കരണവുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഏകീകൃത ലിപി സമ്പ്രദായം എന്നത്തേയ്ക്ക് നിലവിൽ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏകീകൃത ലിപി സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ**

1295 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ശരിയായ ശാരീരികവ്യായാമത്തിന്റെ അഭാവം മൂലം കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ രൂപപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തൊക്കെ പ്രത്യേക പരിപാടികളാണ് സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകിയ സ്കൂൾ ബസുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടി**

1296 **ശ്രീ കെ ബി ഗണേഷ് കുമാർ**

**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗണിന് ശേഷം സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിയതും ദീർഘനാളുകളായി ഓടാതെ കിടന്നതുമായ സ്കൂൾ ബസ്സുകളുടെ ടാക്സ്, ഇൻഷുറൻസ്, ഫിറ്റ്നസ് തുടങ്ങിയവ പുതുക്കാത്തതിനാലും ടയറുകൾ ഉപയോഗപ്രദമല്ലാതായതിനാലും നിരത്തിലിറക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സർക്കാർ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് ഇതിലേക്ക് ആവശ്യമായ തുക കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള സ്കൂൾ ബസ്സുകൾ പ്രവർത്തന സജ്ജമാക്കുവാൻ വേണ്ട സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ?

## <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം</u>

1297 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിൽ 15000ത്തോളം ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ഫോക്കസ് ഏരിയ</u>

1298 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം മതിയായ ക്ലാസ്സുകളും പരിശീലനവും നൽകാൻ കഴിയാത്ത സാഹചര്യത്തിൽ 75 ശതമാനം മാർക്കിനുള്ള ഭാഗങ്ങൾ മാത്രം ഫോക്കസ് ഏരിയയിൽ ഉൾപ്പെടുത്തിയതിനാൽ ഈ അദ്ധ്യയന വർഷം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് വലിയ ആശങ്ക ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു പരീക്ഷകൾക്കുള്ള ഫോക്കസ് ഏരിയ നിർണയിക്കുന്നതിനായി അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) മുൻ അദ്ധ്യയനവർഷം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്ക്

പോലും പ്ലസ് വൺ അഡ്മിഷൻ ലഭ്യമാക്കുവാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു നടപടി സ്വീകരിച്ചത് കഴിഞ്ഞ അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടാണോ; വിശദാംശങ്ങൾ നൽകുമോ?

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

1299 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ കുട്ടിക്കും എത്ര തുക വീതമാണ് അനുവദിക്കുന്നത്; വിശദാംശം നൽകാമോ; നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് ഓരോ കുട്ടിക്കും എന്തെല്ലാം ഭക്ഷണങ്ങളാണ് ക്രമീകരിക്കേണ്ടത് എന്നും ബാക്കി തുക എങ്ങനെ കണ്ടെത്തുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ കുട്ടിക്കും നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾക്കായി അനുവദിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ആവശ്യമായ തുക പദ്ധതിയിൽ അനുവദിച്ച് നൽകുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ചാലഞ്ച് ഫണ്ട്

1300 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ചാലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ അറുപത്തിനാല് സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭിക്കുന്നതിൽ നേരിടുന്ന തടസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ 25.02.2021 ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഇളവ് അനുവദിക്കാൻ സാധ്യമല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലത്ത് പ്രവർത്തിക്കുന്ന ഭഗവതിവിലാസം ഹൈസ്കൂളിന് സർക്കാർ വിഹിതം ലഭിക്കുന്നതിലെ തടസം ഒഴിവാക്കി കിട്ടുന്നതിനായി 03.02.2022 ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## ഭൂമിയില്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങൽ

1301 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത എൽ.പി,യു.പി. സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി

കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കഴിഞ്ഞ സർക്കാർ എന്തെങ്കിലും നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിരുന്നോ;

(ബി) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്; പ്രസ്തുത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഭൂമി വാങ്ങിക്കുന്നതിന് ഫണ്ട് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## പ്ലസ് വൺ ബാച്ച്

1302 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം വർക്കി മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പാമ്പാടിയിൽ കഴിഞ്ഞ വർഷം അനുവദിച്ച സയൻസ് ബാച്ചിൽ ഒരു ഡിവിഷൻ കുറച്ചത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നത നിലവാരം പുലർത്തുന്ന പ്രസ്തുത സ്കൂളിൽ കഴിഞ്ഞവർഷം നഷ്ടപ്പെട്ടതും പാലക്കാട് ജില്ലയിലേക്ക് മാറ്റിയതുമായ പ്ലസ് വൺ സയൻസ് ബാച്ച് അടുത്ത അധ്യയന വർഷം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കോവിഡ് കാലത്ത് സ്കൂളുകളിൽ നിയമിതരായ ദിവസവേതന അദ്ധ്യാപകർക്കുള്ള ശമ്പളം

1303 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ നിയമിതരായ ദിവസവേതന അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സുകൾ എടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസ്സുകൾ എടുത്ത ദിവസ-വേതന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## പത്ത് വർഷം നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനു നടപടി

1304 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമ്പോൾ പിന്നാക്ക മേഖലകളിലും മറ്റും നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കുറഞ്ഞത് പത്തു വർഷമെങ്കിലുമായി പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും അംഗീകാരം നല്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അംഗീകാരം ലഭിക്കാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് പേര് സഹിതം വ്യക്തമാക്കുമോ?

## തിരൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

1305 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനാണ് കിഫ്ബി ഫണ്ട് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന വ്യക്തമാക്കുമോ;

(സി) പ്രവൃത്തി പൂർത്തിയാക്കാനുള്ളവ സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ; പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിർമ്മാണച്ചുമതല ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ഇത്രയും കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

## പുന്നമൂട് ഗവൺമെൻറ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ വികസനം

1306 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ പുന്നമൂട് ഗവൺമെൻറ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന് കിഫ്ബി പദ്ധതിപ്രകാരം മൂന്ന കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെയായി ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് ഏജൻസിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നതെന്നും, ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) കോവളം നിയോജകമണ്ഡലത്തിലെ നേമം ഗവൺമെൻറ് യു.പി. സ്കൂളിന് ഒരു കോടി രൂപ അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണപദ്ധതി

1307 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഉച്ചഭക്ഷണപദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ നിരക്കിലാണ് ഉച്ച ഭക്ഷണത്തിന് തുക അനുവദിക്കുന്നതെന്ന് അറിയിക്കാമോ; ഈ നിരക്കുകൾ അവസാനമായി പുനർനിർണ്ണയിച്ചത് ഏത് വർഷത്തിലാണ്; നിലവിലെ നിരക്കുകൾ പര്യാപ്തമാണോ; നിരക്ക് വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിന് നൽകി വരുന്ന തുക കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉച്ചഭക്ഷണം നൽകിയ വകയിൽ അധികമായി ചെലവു വന്ന തുക സ്കൂളുകൾക്ക് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ഉച്ചഭക്ഷണപദ്ധതി കമ്മ്യൂണിറ്റി കിച്ചൺ മാതൃകയിൽ നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) 2012-ന് ശേഷം ആരംഭിച്ച, പി.ടി.എ. നടത്തുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി

1308 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് നിലവിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

## എലംബ്രയിൽ എൽ.പി.സ്കൂൾ അനുവദിക്കാൻ നടപടി

1309 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വളരെ പിന്നോക്കം നിൽക്കുന്ന എലംബ്ര എന്ന പ്രദേശത്തെ രക്ഷിതാക്കളും,കുട്ടികളും അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കി അവിടെ ഒരു എൽ.പി.സ്കൂൾ അനുവദിക്കാനുള്ള ഹൈക്കോടതിവിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച തൽസ്ഥിതി അറിയിക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി

1310 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവ. യു.പി.എസ്., തൃക്കുന്നപ്പുഴ ഗവ.

എൽ.പി.എസ്., കണിച്ചനല്ലൂർ ഗവ. എൽ.പി.എസ്., ആറാട്ടുപുഴ മംഗലം ഗവ. എച്ച്.എസ്.എസ്., എന്നീ സ്കൂളുകളിൽ സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹൈടെക്ക് സ്കൂൾ പദ്ധതി, പ്ലാൻ ഫണ്ട് എന്നിവ പ്രകാരം പുതിയ കെട്ടിനിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി വൈകുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>ഗുരുതരരോഗങ്ങൾ ബാധിച്ച വിദ്യാർത്ഥികൾക്ക് അടുത്തുള്ള സ്കൂളിൽ പ്രവേശനം</u>

1311 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാസിം മജീദ്, വി.പി.ഹൗസ്, മട്ടന്നൂർ എന്ന പ്ലസ് വൺ വിദ്യാർത്ഥി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കാരണം സ്കൂൾ മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഗുരുതരമായ രോഗങ്ങൾ ബാധിച്ച വിദ്യാർത്ഥികൾക്ക് മാനുഷിക പരിഗണന നൽകി അടുത്തുള്ള സ്കൂളിൽ പ്രവേശനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം</u>

1312 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഗവ. യു.പി.എസ്. വിലങ്ങ്, ഗവ. എൽ.പി.എസ്. മലയിടംതുരുത്ത് എന്നീ സ്കൂളുകളിൽ 2018-19-ൽ ആരംഭിച്ച കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൂർത്തീകരിക്കുവാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പൂത്രക്ക ഗവ. ഹയർസെക്കൻഡറി സ്കൂളിൽ കിഫ്ബി മുഖേന അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് കരാർ നൽകിയിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കുന്നന്താനം സെന്റ് മേരീസ് ഗവണ്മെന്റ് ഹൈസ്കൂൾ കെട്ടിട നിർമ്മാണ പുരോഗതി</u>

1313 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 3 കോടി രൂപയും, നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽനിന്ന് അനുവദിച്ച 1 കോടി രൂപയും ഉപയോഗിച്ചുകൊണ്ട് കുന്നന്താനം സെന്റ് മേരീസ് ഗവണ്മെന്റ് ഹൈസ്കൂളിൽ

നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ

1314 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവ.യു.പി.എസ്., തൃക്കുന്നപ്പുഴ ഗവ.എൽ.പി.എസ്., കണിച്ചനല്ലൂർ ഗവ.എൽ.പി.എസ്., ആറാട്ടുപുഴ മംഗലം ഗവ.എച്ച്.എസ്.എസ്.,എന്നീ സ്കൂളുകളിൽ പുതിയ കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി വൈകുന്നതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ: വ്യക്തമാക്കാമോ ?

## ഒന്നാം ക്ലാസ്സ് പ്രവേശന പ്രായപരിധി

1315 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് 6 വയസ്സ് തികയണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ വിദ്യാഭ്യാസത്തെ എപ്രകാരം ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള പ്രായപരിധിയിൽ തന്നെ സ്കൂൾ പ്രവേശനം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദാംശം നൽകുമോ?

## ഡയറ്റിലെ അധ്യാപക നിയമനം

1316 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപക തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് ഇതുവരെയും വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) നേരിട്ടുള്ള അദ്ധ്യാപക നിയമനം അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

1317 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഹൈസ്കൂൾ ഹയർ സെക്കന്ററി ലയനം നടക്കുമ്പോൾ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, സൂപ്രണ്ട് എന്നീ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 1500 കുട്ടികൾ വരെയുള്ള സ്ഥാപനത്തിൽ മൂന്ന് ഓഫീസ് അറ്റൻഡന്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകുമോ;

(ഡി) 500 കുട്ടികൾക്ക് ഒരാൾ എന്ന നിലയിൽ ഫുൾടൈം മീനിയൽ സ്റ്റാഫിനെ നിയമിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## <u>സമഗ്ര ശിക്ഷ കേരളം പദ്ധതിയിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം.</u>

1318 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷ കേരളം പദ്ധതിയിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവരുടെ ശമ്പളയിനത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതം 7000 രൂപയിൽ നിന്നും 4000 രൂപയായി കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓഫീസ് അറ്റെൻഡന്റുമാർക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ശമ്പളമാണ് പ്രസ്തുത അദ്ധ്യാപകർക്ക് ലഭിക്കുന്നത് എന്നത് പരിഗണിച്ചുകൊണ്ട് സംസ്ഥാന വിഹിതം ഉയർത്തി മാന്യമായ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

1319 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളാണ് ഉപയോഗിച്ചതെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിട നിർമാണം</u>

1320 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം 2018-19 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്കുള്ള 3 കോടി രൂപ പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതി പ്രകാരമുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആർക്കാണെന്ന് പറയാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ സ്കൂളുകളിൽ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും പറയാമോ?

## <u>'കില' നിർവ്വഹണ ഏജൻസിയായ സ്കൂൾ കെട്ടിട നിർമ്മാണം</u>

1321 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ 3 കോടി അനുവദിച്ച് കില നിർവ്വഹണ ഏജൻസിയായി നിർമ്മിക്കുന്ന സ്കൂൾ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ജി.എച്ച്.എസ്. പുതുപ്പാടി, ജി.എം.യു.പി.എസ്. ചേന്ദമംഗല്ലൂർ എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിലവിലെ നിർമ്മാണ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>കിച്ചൻ കം സ്റ്റോർ നിർമ്മാണം</u>

1322 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് കിച്ചൻ കം സ്റ്റോർ നിർമ്മിക്കുന്നതിന് 2019 ന ശേഷം അനുവദിച്ച തുക 2021 മാർച്ച് 31-ന് തിരിച്ചെടുത്തത് സ്കൂളുകൾക്ക് തിരിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതം നൽകി; അതിൽ എത്ര സ്കൂളുകൾ പണം ചെലവഴിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് ചെലവഴിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ട് അനുവദിച്ചെങ്കിലും കിച്ചൻ കം സ്റ്റോർ നിർമ്മിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2022 മാർച്ച് 31-നകം കിച്ചൻ കം സ്റ്റോർ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>കേരള വിദ്യാഭ്യാസ കോൺഗ്രസ്</u>

1323 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ കോൺഗ്രസ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ കിച്ചൺ കം സ്റ്റോർ</u>

1324 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ കം സ്റ്റോർ നിർമ്മിക്കുന്നതിന് വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പുതിയ കിച്ചൺ കം സ്റ്റോറിന്റെ ആവശ്യമുണ്ടെന്ന കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം

1325 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ വീണ് കുട്ടികൾ മരിക്കുന്ന നിരവധി സംഭവങ്ങൾ അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് പഠനത്തോടൊപ്പം നീന്തൽ പരിശീലനം നൽകുന്നത് അവരുടെ മാനസിക-ശാരീരികാരോഗ്യത്തിന് നല്ലതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്.-ന് കെട്ടിടവും ലാബും

1326 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ലെ സംസ്ഥാന ബജറ്റിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്തു പണികളുടെ അനുബന്ധം 2, വാല്യം 2-ലെ പേജ് നമ്പർ 51 -ൽ ക്രമ നമ്പർ 859 ആയി 2 കോടി അടങ്കൽ തുകയുടെ 20 ശതമാനമായ 40 ലക്ഷം രൂപ വകയിരുത്തി നിലമ്പൂർ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്. ലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ലാബും കെട്ടിടങ്ങളും എന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നോ എന്നറിയിക്കാമോ; ഇക്കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൊത്തം അടങ്കലിന്റെ 20% തുക വകയിരുത്തിയിരുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ 224262/2021 നമ്പർ ഫയൽ എന്നാണ് ഡയറക്ടറേറ്റിൽ ലഭിച്ചതെന്നും ഫയലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; മേൽ ഫയലിൽ കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) 2022 മാർച്ച് 31 നകം മേൽ പ്രവൃത്തിയുടെ ധനാനുമതി ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കാനായില്ലെങ്കിൽ പ്രവൃത്തി അസാധുവാകുന്നതല്ലേയെന്ന അറിയിക്കാമോ;മാർച്ച് 31 നകം ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

1327 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സ്കൂൾ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ച കോട്ടക്കൽ മണ്ഡലത്തിലെ പൈങ്കണ്ണൂർ ഗവൺമെന്റ് സ്കൂളിന് പകരം ഗവൺമെൻറ് സ്കൂൾ പൊന്മളയെ ഉൾപ്പെടുത്തുന്നതിനായി നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കുറ്റിപ്പുറം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകളെ മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ

1328 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021- 22 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് കെ.എസ്.എഫ്.ഇ. മുഖേന രണ്ടു ലക്ഷം ലാപ് ടോപ്പുകൾ ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) ലാപ് ടോപ്പുകൾ ലഭ്യമാക്കിയ സ്കൂളുകൾ, ഓരോ സ്കൂളിലും ലഭ്യമാക്കിയ എണ്ണം, തീയതി എന്നിവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം എന്നത്തേക്ക് കൈവരിക്കാനാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് അറിയിക്കാമോ?

## പാഠപുസ്തക വിതരണം

1329 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാഠപുസ്തക വിതരണത്തിന്റെ ചുമതലയുള്ള കെ.ബി.പി.എസ്., പാഠപുസ്തക വിതരണത്തിന് മാത്രമായി 2018-19 വർഷം മുതൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ കണക്ക് അദ്ധ്യയന വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പാഠപുസ്തക വിതരണത്തിന്റെ എന്തെങ്കിലും ചുമതലകൾ കെ.ബി.പി.എസ് അല്ലാതെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾ നിർവ്വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പാഠപുസ്തക വിതരണം കെ.ബി.പി.എസിനെ ഏൽപ്പിക്കുന്നതിന് മുൻപുള്ള സംവിധാനത്തിൽ എത്ര രൂപയാണ് വർഷം തോറും ചെലവഴിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

## എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയുടെ ചോദ്യപേപ്പർ ഘടന

1330 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയിൽ എഴുപത് ശതമാനം ഫോക്കസ് ഏരിയയിൽ നിന്നാക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഫോക്കസ് ഏരിയ തന്നെ പഠിപ്പിച്ചു തീർക്കാത്തതിനാലും അദ്ധ്യയന വർഷാരംഭത്തിൽ ഇത്തരം പരിഷ്കാരത്തെപ്പറ്റി സൂചിപ്പിക്കാത്തതിനാലും വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രീ പ്രൈമറി സ്കൂളുകളിൽ 2012 നുശേഷം നിയമിതരായ അധ്യാപകർ

1331 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രീ പ്രൈമറി സ്കൂളുകളിൽ 2012-ന് ശേഷം നിയമിതരായ അദ്ധ്യാപകർക്കും ആയമാർക്കും നിലവിൽ യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും മറ്റും നിയമിതരായ ഇവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ഒന്നാം ക്ലാസ് അഡ്മിഷൻ പ്രായം

1332 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ് അഡ്മിഷന് ആറു വയസ് പൂർത്തിയാക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നിലവിൽ യു.കെ.ജി ക്ലാസുകളിൽ പഠിക്കുന്നവരും 2022 ജൂണിൽ ആറു വയസ്സ് പൂർത്തിയാകാത്തവരുമായ വിദ്യാർഥികൾക്ക് ഒരു അദ്ധ്യയന വർഷം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി അടുത്ത അധ്യയന വർഷം മുതൽ എൽ.കെ.ജി. അഡ്മിഷന് നാല് വയസ്സ് പൂർത്തിയാക്കണമെന്ന നിബന്ധന ഏർപ്പെടുത്തുകയും അപ്രകാരം അഡ്മിഷൻ നേടിവരുന്ന കുട്ടികൾക്ക് ഒന്നാം ക്ലാസ് അഡ്മിഷന് ആറു വയസ്സ് ബാധകമാക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## കോഴിക്കോട് പുവാട്ടുപറമ്പ എ.എൽ.പി സ്കൂൾ

1333 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുവാട്ടുപറമ്പ എ.എൽ.പി. സ്കൂളിന്റെ സ്ഥലത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) 29.12.2021-ലെ 5769191/21/Min/Edn നമ്പർ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക്

1334 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 അദ്ധ്യയന വർഷം എസ്.എസ് .എൽ.സി., പ്ലസ് ടു ക്ലാസുകളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിനാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്; വിശദമാക്കാമോ;

(ബി) മുൻവർഷങ്ങളിൽ നിലവിലുള്ള രീതിയിൽ തന്നെയാണോ ഗ്രേസ് മാർക്ക് അനുവദിക്കുന്നത്; വിശദമാക്കാമോ; അതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഗ്രേസ് മാർക്ക് നൽകുന്ന കാര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ നയത്തിലെ മാനദണ്ഡങ്ങൾ തന്നെയാണോ സംസ്ഥാന സർക്കാരും അവലംബിക്കുന്നത്; വിശദമാക്കാമോ?

## ബി.ടെക്.,ബി.എഡ് ബിരുദധാരികൾക്ക് കെ-ടെറ്റ് പരീക്ഷയ്ക്ക് അവസരം

1335 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ടെക്., ബി.എഡ്. (കണക്ക്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക നിയമനത്തിനായുള്ള കെ-ടെറ്റ് പരീക്ഷയ്ക്ക് അവസരം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കൂടി കെ-ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹയർ സെക്കൻഡറി പരീക്ഷകൾക്കുള്ള ഗ്രേസ് മാർക്കിന്റെ പുതിയ നിയമാവലി

1336 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമാവലി ഇറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പരീക്ഷകളിൽ മോഡറേഷൻ നൽകുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

വിശദാംശം നൽകാമോ?

**ഹൈസ്കൂൾ-ഹയർ സെക്കൻഡറി ഏകീകരണം**

1337 **ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ-ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലകളെ ലയിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി സ്പെഷ്യൽ റൂൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏകീകരണത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പഠന സമ്പ്രദായം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ ഈ നടപടിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കാട്ടായിക്കോണം യു.പി.സ്കൂൾ ഹൈസ്കൂളാക്കി മാറ്റുന്നതിനു നടപടി**

1338 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടായിക്കോണം യു.പി.സ്കൂൾ പ്രത്യേക പരിഗണന നൽകി ഹൈസ്കൂളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ബി) സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം എന്ന ആശയം പ്രാവർത്തികമാക്കുവാൻ വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സർക്കാർ വിദ്യാലയങ്ങളിൽ നൈപുണ്യപഠന ക്ലാസ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ശ്രീകാര്യം ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കൻഡറി നിലവാരത്തിലേക്ക് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കഴിവൂർ ഗവൺമെൻറ് ഹൈസ്കൂളിന് ഹയർസെക്കണ്ടറി കോഴ്സുകൾ**

1339 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 14 വർഷമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറ് ശതമാനം വിജയവും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിലും നിൽക്കുന്ന കഴിവൂർ ഗവൺമെൻറ് ഹൈസ്കൂളിൽ ഹയർസെക്കണ്ടറി കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാഞ്ഞിരംകുളം, കരിങ്കുളം എന്നീ പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുകളിൽ ഹയർസെക്കണ്ടറി കോഴ്സുകൾ ഇല്ലാത്ത സാഹചര്യത്തിൽ അടുത്ത അദ്ധ്യയന

വർഷം മുതൽ ഹയർസെക്കണ്ടറി കോഴ്സകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം .

1340 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മാർച്ച് മാസം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പൊതു സ്ഥലംമാറ്റം അനുവദിച്ചിരുന്നോ എന്നറിയിക്കാമോ;

(സി) വിജ്ഞാപനം ക്ഷണിച്ച് അപേക്ഷകൾ ലഭിച്ചിട്ടും പൊതു സ്ഥലംമാറ്റ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം എല്ലാ വർഷവും കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ഇ) മാതൃ ജില്ലയിലെ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സമീപ ജില്ലയിലെ സ്ഥലത്തേക്ക് അന്തർജില്ലാ സ്ഥലംമാറ്റം കരസ്ഥമാക്കി പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്ന അനഭിലഷണീയ പ്രവണതകൾ തടയുന്നതിനായി ദൂരപരിധി നിശ്ചയിക്കുന്നത് ഉൾപ്പെടെയുള്ള നിശ്ചിത മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് സ്ഥലം മാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുമോ?

## പ്ലസ് വൺ പ്രവേശനം

1341 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു അദ്ധ്യയന വർഷത്തിൽ സംസ്ഥാന ഹയർ സെക്കൻഡറി പ്ലസ് വൺ ക്ലാസുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിനായി ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം, അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം, പ്രവേശനം ലഭിക്കാത്തവരുടെ എണ്ണം എന്നിവ ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(ബി) അധികമായി ഈ അദ്ധ്യയന വർഷത്തിൽ അനുവദിച്ച സീറ്റുകളുടെയും ബാച്ചുകളുടെയും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

## പ്ലസ് വൺ പ്രവേശനം

1342 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) അർഹരായ എല്ലാ കുട്ടികൾക്കും പ്രവേശനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പഠനം സാധ്യമാക്കുന്ന പൊതു ഓൺലൈൻ സംവിധാനങ്ങൾ

1343 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാധ്യമാക്കുന്ന രീതിയിൽ പൊതു ഓൺലൈൻ സംവിധാനം രൂപീകരിക്കും എന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഗോത്രവർഗ്ഗ മേഖലകളിലെ കുട്ടികൾക്കായി ഇപ്രകാരമുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സാങ്കേതികവിദ്യയുടെ സഹായത്തോടെ അദ്ധ്യാപന നിലവാരം ഉയർത്തൽ

1344 **ശ്രീ സി ആർ മഹേഷ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം കാലത്തിനനുസൃതമായി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഓൺലൈൻ ക്ലാസ്സുകളുടെ പരിമിതിമൂലം കഴിഞ്ഞ രണ്ട് വർഷത്തെ പാഠഭാഗങ്ങൾ കുട്ടികൾക്ക് പൂർണമായും ഗ്രഹിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോവിഡിന് ശേഷം കുട്ടികൾ സ്കൂളുകളിൽ എത്തുമ്പോൾ കഴിഞ്ഞ രണ്ട് വർഷത്തെ പാഠഭാഗങ്ങൾ റിഫ്രഷ് ചെയ്യാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## ചേളാരി വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

1345 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളാരി വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) നിലവിൽ സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ഒരു എക്സ്പേർട്ട് ടീമിനെ നിയോഗിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ടീം ഘടന വ്യക്തമാക്കാമോ;

(സി) പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 2.85 കോടി രൂപയും കിഫ്ബി വഴി ലഭിച്ച 3 കോടി രൂപയും വിനിയോഗിക്കാൻ സാധിക്കാത്ത ഗുരുതരമായ അവസ്ഥ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## മലയാലപ്പുഴ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

1346 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ മലയാലപ്പുഴ സർക്കാർ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കൊയിലാണ്ടി ഗവ: മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനം

1347 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി 3 കോടി രൂപ അനുവദിച്ച കൊയിലാണ്ടി ഗവ: മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി ഡി.പി.ആർ തയ്യാറാക്കുന്ന ചുമതല ഇൻകൽ എന്ന സ്ഥാപനത്തിൽ നിന്നും മാറ്റി കില എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതിനാൽ ഇൻകൽ എന്ന സ്ഥാപനത്തിൽ നിന്നും അതുവരെ തയ്യാറാക്കിയ ഡി.പി.ആർ കിലയ്ക്ക് കൈമാറിക്കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഡി.പി.ആർ രേഖകൾ ഇൻകലിൽ നിന്നും ലഭിക്കാൻ കില നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കിലയുടെ മേൽനോട്ടത്തിൽ സ്കൂളിന്റെ പ്ലാൻ, എസ്റ്റിമേറ്റുകൾ തുടങ്ങിയവ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിച്ച് അംഗീകാരത്തിന് സമർപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി

1348 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ മാനേജരുടെ ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ;

നിലവിൽ മാനേജറുടെ ചുമതല വഹിക്കുന്നയാൾക്ക് പൂർണ്ണ ചുമതല നൽകിക്കൊണ്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2012-ൽ മാനേജറുടെ മരണത്തെ തുടർന്ന് നിരീക്ഷണ കാലാവധി പൂർത്തിയാക്കാത്തതും സ്ഥാനക്കയറ്റം ലഭിക്കാത്തതുമായ എത്ര ജീവനക്കാരുണ്ടെന്നും ആരൊക്കയാണെന്നും വിശദമാക്കാമോ;

(ഡി) ഇതേ ജീവനക്കാർക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂളിനും വട്ടേക്കാട് ഗവഃ യു.പി.സ്കൂളിനും അനുവദിച്ച ഫണ്ട്

1349 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മുൻ സർക്കാർ നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂളിനും, വട്ടേക്കാട് ഗവഃ യു.പി.സ്കൂളിനും ഫണ്ട് അനുവദിച്ചതിന്റെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) നാളിതുവരെയായി ഈ സ്കൂളുകളുടെ പണികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കോടാലി ഗവ. എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ നവീകരണം

1350 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (വാർഷിക പദ്ധതി 2020-21) ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിലെ കോടാലി ഗവ. എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ഇനിയും ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ഏറ്റെടുത്തിട്ടുള്ള നിർമ്മിതികേന്ദ്രം തൃശ്ശൂർ ഒറിജിനൽ കരാർ ഉടമ്പടി തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 2021 ജൂൺ മാസം സമർപ്പിച്ചിട്ടും മുൻകൂർ തുകയോ ഒപ്പുവെച്ച കത്തിന്റെ പകർപ്പോ ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല എന്ന നിർമ്മിതിയുടെ മറുപടി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഉടുമ്പൻചോല ഗവ. ഹൈസ്കൂളിൽ (തമിഴ്)യു. പി. വിഭാഗം ഇല്ലാതെ എൽ.പി.,എച്ച്. എസ്.

1351 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല ഗവ. ഹൈസ്കൂളിൽ (തമിഴ്) യു.പി. വിഭാഗം ഇല്ലാതെ എൽ.പി.,എച്ച്.എസ്. വിഭാഗങ്ങൾ പ്രവർത്തിക്കുന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) യു.പി. വിഭാഗം ഇല്ലാതെ പ്രസ്തുത സ്കൂൾ പ്രവർത്തിക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) എൽ.പി.സ്കൂൾ മാത്രമായിരുന്ന പ്രസ്തുത സ്കൂൾ എച്ച്. എസ്. ആയി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) എൽ.പി.സ്കൂൾ വിദ്യാഭ്യാസം നടത്തിയിട്ടുള്ള കുട്ടികൾ (തമിഴ്)യു.പി. വിദ്യാഭ്യാസം നേടാൻ കഴിയാതെ സംസ്ഥാനത്തിന് വെളിയിൽ പോകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) ഇവിടെ അടിയന്തരമായി യു.പി.വിഭാഗം അനുവദിക്കണമെന്നുള്ള ബാലാവകാശ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) പ്രസ്തുത സ്കൂളിൽ യു.പി.വിഭാഗം അടിയന്തരമായി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>വടകര ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം</u>

1352 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ച കൊണ്ട് കിഫ്ബിയുടെ അനുമതി ലഭിക്കുകയുണ്ടായോ; അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലം അടങ്ങുന്ന ഗ്രൗണ്ട് പ്രദേശവാസികൾക്ക് കളിസ്ഥലം ആയി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കളിസ്ഥലമായി ഉപയോഗിക്കുന്നതിനും അവിടെ മുനിസിപ്പാലിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് നവീകരണം നടത്തുന്നതിനും അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെയും അനുമതി പത്രത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണത്തിനായുള്ള സ്ഥലം പ്രദേശവാസികൾക്ക് കളിസ്ഥലമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ സ്കൂൾ കെട്ടിട നിർമ്മാണം ഡയറ്റ് (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ്) കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുകയുണ്ടായോ;

(ഇ) എങ്കിൽ പ്രദേശവാസികൾക്ക് കളിസ്ഥലം നഷ്ടപ്പെടാതെയും സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെയും കെട്ടിടം നിർമ്മാണത്തിനുള്ള സ്ഥലം മാറ്റുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>കുന്നിട, കലഞ്ഞൂർ എൽ.പി. സ്കൂളുകൾക്ക് പുതിയ കെട്ടിടം</u>

1353 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കുന്നിട, കലഞ്ഞൂർ സർക്കാർ എൽ.പി. സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും ആയത് എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## പ്രമാടം സർക്കാർ എൽ.പി സ്കൂളിന് പുതിയ കെട്ടിടം

1354 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം സർക്കാർ എൽ.പി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ?

## മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ്

1355 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ റീ- ഇംപേഴ്സ്മെന്റിനു അപേക്ഷ നൽകിയ ശ്രീമതി ബവിത ബി. നായർ (എച്ച്.എസ്.ടി., കെ.വി.എസ്.എം.എച്ച്.എസ്., കുരുടപ്പദവ്, ഫയൽ നമ്പർ ആർ 4/88006/2020 ഡി. പി .ഐ, 10331/2021/എച്ച്3 ഡി.ഡി.ഇ. കാസർകോട്) -ടെ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്ത ക്കുമോ; നിലവിൽ പ്രസ്തുത ഫയൽ ഏത് ഓഫീസിലാണ് എന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ; മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് എപ്പോൾ അനുവദിച്ച് നൽകുമെന്ന് വിശദമാക്കുമോ;

(ബി) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്. കടമ്പാർ സ്കൂളിലെ പി.ഡി. ടീച്ചർ ശ്രീമതി തനുജ- യ്ക്ക് വി.ആർ.എസ്. അനുവദിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപിക വി.ആർ.എസ്. റദ്ദ് ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആരോഗ്യ പ്രശ്നം കാരണം വി.ആർ.എസ്.-ന് അപേക്ഷ നൽകുകയും പിന്നീട് രോഗം ഭേദമായതിനാൽ സർവ്വീസിൽ തുടരുന്നതിന് സന്നദ്ധയായിട്ടുള്ള പ്രസ്തുത അദ്ധ്യാപികയ്ക്ക് വി.ആർ.എസ്. റദ്ദ് ചെയ്ത് സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സർക്കാർ സ്കൂളുകളിൽ പി.ടി.എ. നിയമിച്ച പ്രീ പ്രൈമറി അദ്ധ്യാപകരുടെ വേതനം

1356 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012- ന ശേഷം സർക്കാർ സ്കൂളുകളിൽ പി.ടി.എ. നിയമിച്ച പ്രീ പ്രൈമറി അദ്ധ്യാപകർ പത്ത് വർഷത്തോളമായി വേതനം ഇല്ലാതെ ജോലി ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് വേതനം അനുവദിക്കുന്നതിന് മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് നയപരമായ ഒരു തീരുമാനം കൈക്കൊള്ളുമോ;

(സി) നിർധനരായ ഇവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ലോക്ക് ഡൗൺ കാലത്ത് സ്വന്തം കയ്യിലുള്ള തുക ചെലവഴിച്ച് കുഞ്ഞുങ്ങൾക്ക് ഓൺലൈൻ ക്ലാസ്സുകൾ എടുത്ത ഇവരുടെ സേവനത്തെ വിലമതിച്ച് 2012 വരെ നിയമിതരായ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ ഇവർക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ശമ്പള പുനർ നിർണയം നിഷേധിച്ച നടപടി

1357 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ജിഷ വി. നായർ, എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) അദ്ധ്യാപികയുടെ ശമ്പള പുനർ നിർണയം ഹയർ സെക്കണ്ടറി കോട്ടയം മേഖലാ ഉപമേധാവിയുടെ 06.01.2022 തീയതിയിലെ ബി2/5962/2021/RDD/HSE/Kottayam നമ്പർ കത്ത് പ്രകാരം നിഷേധിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ നിഷേധിക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ; ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് നിഷേധിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) 2017-ൽ ജൂനിയർ പോസ്റ്റ് അംഗീകരിക്കപ്പെട്ട പ്രസ്തുത അദ്ധ്യാപികയ്ക്ക് 2021-ൽ സീനിയർ പോസ്റ്റ് അംഗീകരിക്കുന്നതുവരെ ശമ്പളം നിർണ്ണയിക്കാതിരിക്കണം എന്നാണോ ഉത്തരവിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) 06.01.2022 തീയതിയിലെ ബി2/5962/2021/RDD/HSE/Kottayam നമ്പർ കത്തിന് ആധാരമായ ഉപമേധാവി ഓഫീസിലെ ഫയലിന്റെ എല്ലാ പേജിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

## കെ-ടെറ്റ് ഇല്ലാത്ത അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ

1358 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവ്വീസിലുള്ള 2012 മുതൽ 2020 മാർച്ച് 31 വരെ നിയമിതരായ അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ കെ-ടെറ്റ് ഇല്ലാത്ത കാരണത്താൽ തടഞ്ഞുവച്ചതായുള്ള റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നൽകിയ 01.10.2011- ലെ 199/2011.പൊ.വി.വ.നമ്പർ

ഉത്തരവ് അനുസരിച്ചുള്ള പരിഗണന 2012 മുതൽ 2020 മാർച്ച് 31 വരെ നിയമിതരായ അദ്ധ്യാപകർക്കും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പെൻഷൻ ആനുകൂല്യങ്ങൾ

1359 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തത് സംബന്ധിച്ച് എത്ര ഫയലുകളാണ് പൊതു വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ എന്ന് തീർപ്പാക്കുമെന്നും അപേക്ഷകർക്ക് പെൻഷൻ തുക പലിശ അടക്കം നൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) ഫയലുകൾ കെട്ടിക്കിടക്കാൻ സാഹചര്യം ഒരുക്കിയ ജീവനക്കാരുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെ 2021 - 22 അധ്യയന വർഷത്തെ നിയമനങ്ങളുടെ അംഗീകാരം

1360 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2021 - 22 അധ്യയന വർഷത്തെ നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിക്കപ്പെട്ട എത്ര പ്രൊപ്പോസലുകൾ നാളിതുവരെ തീരുമാനമെടുക്കാതെ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സമന്വയയിൽ പൂർണമായ രേഖകൾ ഉൾപ്പെടുത്തി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നിയമന അംഗീകാരത്തിനുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## എൽ.പി.എസ്.എ. തസ്തികയിലെ നിയമന അംഗീകാരം

1361 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോമ്പാല എ.ഇ.ഒ. ഓഫീസിന്റെ കീഴിലുള്ള എടച്ചേരി നോർത്ത് യു.പി. സ്കൂളിൽ എൽ.പി.എസ്.എ. തസ്തികയിൽ ശ്രീമതി ഭവ്യ പനോളിയുടെ നിയമന അംഗീകാരം സംബന്ധിച്ച് നൽകിയ 5367078/21/MIN/EDU നമ്പർ കത്തിന് ഡി.ജി.ഇ. അപേക്ഷകയെ നേരിൽ കേൾക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ശ്രീമതി ഭവ്യ പനോളിയുടെ G2/234124 സമന്വയ ഫയലിൽ നിയമന അംഗീകാരം നിഷേധിച്ചതിനുള്ള കാരണങ്ങൾ നേരത്തേ തന്നെ പരിഹരിച്ച് ആയത് ഡി.ജി.ഇ. ഓഫീസിൽ രേഖാ മൂലം നൽകിയിട്ടും നിയമന അംഗീകാരം നിഷേധിച്ചതിന്റെ കാരണം വിശദമാക്കാമോ; ഇത്തരത്തിൽ ഉത്തരവാദിത്തമില്ലാതെ ഫയൽ കൈകാര്യം ചെയ്ത് അധ്യാപകരുടെ അവസരം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാലിശമായ കാരണങ്ങൾ പറഞ്ഞ് നിയമന അംഗീകാരം നിഷേധിക്കുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ?

## കയ്യൂർ വി.എച്ച്.എസ്.ഇ.യിലെ ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക

1362 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ വി.എച്ച്.എസ്.ഇ.യിൽ പ്ലസ് ടു ബാച്ച് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക അപ്ഗ്രേഡ് ചെയ്ത് അനുവദിക്കാത്തതു മൂലം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സമയബന്ധിത തീരുമാനമുണ്ടാകുമോ?

## മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്

1363 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) എസ്.എസ്.എൽ.സി. കഴിഞ്ഞ നിർധനരായ കുട്ടികൾക്ക് തുടർ പഠനത്തിന് 60 കിലോ മീറ്ററിലധികം യാത്ര ചെയ്യേണ്ട അവസ്ഥ പരിഹരിക്കാൻ ഈ വർഷം തന്നെ പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുമോ?

## എയ്ഡഡ് സ്കൂൾ സ്ഥിരം അദ്ധ്യാപകർക്ക് മുഴുവൻ ശമ്പളവും അലവൻസുകളും നല്കാൻ നടപടി

1364 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ 31.3.2011 വരെ സ്ഥിരം ഒഴിവുകളിൽ നിയമിതരായ അദ്ധ്യാപകർക്ക് കുട്ടികളുടെ എണ്ണം കണക്കാക്കാതെ മുഴുവൻ ശമ്പളവും അലവൻസുകളും കൊടുക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ;

(ബി) ഉണ്ടെങ്കിൽ 01.06.2011 മുതൽ 31.12.2011 വരെ നിയമിതരായവർക്ക് കൂടി ഇപ്രകാരം ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പത്തു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന ഇവരുടെ സർവീസ് കാലയളവ് ഇൻക്രിമെന്റിനും പുതിയ ശമ്പള പരിഷ്കരണത്തിനും പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1365 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണമെന്ന ശിപാർശ നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കെ ടെറ്റ് യോഗ്യത നേടുന്നതിനുള്ള ഇളവ്

1366 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 31 മുതൽ 2020 മാർച്ച് 31 വരെ എയ്ഡഡ് മേഖലയിൽ നിയമിതരായ അദ്ധ്യാപകർക്ക് കെ ടെറ്റ് യോഗ്യത നിർബന്ധമാക്കുന്നതിൽ ഇളവ് നൽകികൊണ്ട് അവരുടെ സേവനം പരിഗണിച്ച് ഇൻക്രിമെന്റ് അനുവദിക്കുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ഹയർസെക്കന്ററി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ സ്പെഷ്യൽ ഫീസ്

1367 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാരണം 2020-21 അധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്തതിനാൽ പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഹയർസെക്കന്ററി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ സ്പെഷ്യൽ ഫീസ് തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ;

(ബി) സർക്കാരിന്റെ ഭാഗത്ത് നിന്നും നിർദേശങ്ങൾ വരുന്നതിനു മുമ്പ് തന്നെ സ്കൂളുകൾ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച സ്പെഷ്യൽ ഫീസിന്റെ വിശദാംശം നൽകുമോ;

(സി) വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ സ്പെഷ്യൽ ഫീസ് തിരികെ നൽകണമെന്ന് പൊതുവിദ്യഭ്യാസ വകുപ്പിന്റെ നിർദേശമുണ്ടായിട്ടും പ്രസ്തുത തുക നാളിതുവരെ നല്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ അധ്യയന വർഷം (2020-21 ) ഈടാക്കിയ സ്പെഷ്യൽ ഫീസ് തിരിച്ചു നൽകാൻ നടപടികൾ സ്വീകരിക്കുമോ?

## പാപ്പിനിശ്ശേരി എ.ഇ.ഒ. ഓഫീസ്

1368 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ പാപ്പിനിശ്ശേരിയിൽ എ.ഇ.ഒ. ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ.ഇ.ഒ. ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ സ്കൂൾകെട്ടിടനിർമ്മാണം

1369 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങാനം ഗവ.എൽ.പി.സ്കൂൾ, പൂവംപൊലിയിൽ ഗവ.എൽ.പി.സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഘടനാ മാറ്റം

1370 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഘടനാമാറ്റം ഉടൻ നടപ്പാക്കുന്നുണ്ടോ;

(ബി) ജില്ല, വിദ്യാഭ്യാസ ജില്ല ,ഉപജില്ല ഓഫീസുകളിൽ നിലവിലുള്ള സംവിധാനങ്ങളിൽ എന്ത് മാറ്റമാണ് വരിക;

(സി) ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകൾ ഇല്ലാതാകുമോ ; എങ്കിൽ നിയമനം എങ്ങനെയായിരിക്കും;

(ഡി) മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ എന്തൊക്കെ അക്കാദമിക പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

## വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ച തുക

1371 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക വിനിയോഗിച്ചു; എത്ര പുതിയ സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായി; നിർമ്മാണം നടന്നു വരുന്നത് എത്ര; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനായി വിതരണം ചെയ്ത ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്തൊക്കെ; കണക്കുകൾ ലഭ്യമാക്കാമോ; ഇതിനുവേണ്ടി ആകെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## എക്കണോമിക് കാറ്റഗറിയിൽ ഉൾപ്പെട്ട വിദ്യാലയങ്ങളിലെ അദ്ധ്യാപകർ

1372 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപ് അൺ എക്കണോമിക് കാറ്റഗറിയിലും ഇപ്പോൾ എക്കണോമിക് കാറ്റഗറിയിലും ഉൾപ്പെട്ട വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് സർക്കാരിന്റെ പുതിയ ഉത്തരവ് അനുസരിച്ച് നിയമനാംഗീകാരം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാറ്റഗറിയിൽ ഉൾപ്പെട്ട വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുമോ;വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് കൊവിഡ് കാലത്ത് സർക്കാർ സമാശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അൺ എക്കണോമിക്ക് സ്കൂളുകൾ ഏതൊക്കെയാണെന്നും ഓരോ സ്കൂളിലെയും സ്ഥിരം അദ്ധ്യാപകരുടെയും ദിവസവേതന അദ്ധ്യാപകരുടെയും എണ്ണം തരം തിരിച്ച് ലഭ്യമാക്കുമോ?

## <u>സ്കൂൾ വാർഷിക പരീക്ഷ</u>

1373 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ പൂർണ്ണമായും തുറന്ന സാഹചര്യത്തിൽ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ വാർഷിക പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ക്ലാസ്സുകൾ തുടരുന്നതിനും പരീക്ഷ നടത്തുന്നതിനും എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കോവിഡ് പശ്ചാത്തലത്തിൽ രണ്ട് വർഷത്തോളം സ്കൂളുകളിൽ നിന്ന് വിട്ടു നിന്ന വിദ്യാർത്ഥികൾക്ക് മാനസ്സിക സമ്മർദ്ദം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് വേണ്ടി സ്കൂളുകളിൽ കൗൺസിലിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പാഠഭാഗങ്ങൾ പൂർണ്ണമായി പഠിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ആശങ്ക ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കരിക്കുലം അനുസരിച്ച് പാഠഭാഗങ്ങൾ പൂർത്തീകരിക്കാൻ ആയിരം മണിക്കൂർ അല്ലെങ്കിൽ ഇരുന്നൂറ് പ്രവൃത്തി ദിനങ്ങൾ ആവശ്യമായിരിക്കെ അത് ലഭിക്കാത്ത സാഹചര്യത്തിൽ പരീക്ഷകൾക്ക് മുഴുവൻ പാഠ ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകുന്നത് വിദ്യാർത്ഥികളിൽ മാനസിക സംഘർഷം ഉണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>സ്കൂളുകളുടെ പുരോഗതിക്കായി പുതിയ കെട്ടിടങ്ങൾ</u>

1374 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഏതെല്ലാം സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിർദ്ദേശിക്കപ്പെട്ട സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണം

1375 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് അദ്ധ്യാപന മികവ് വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും പാഠപുസ്തകങ്ങൾ ക്ലാസ്സ് ആരംഭിക്കുന്നതിന് മുൻപ് തന്നെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൈസ്കൂൾ-ഹയർ സെക്കന്ററി ഏകീകരണം ഭരണപരമായ കാര്യക്ഷമത വർദ്ധനവിനും ഭൗതിക സൗഹചര്യങ്ങളുടെ വിനിയോഗം മെച്ചപ്പെടുത്തുന്നതിനും ഏതെല്ലാം തരത്തിൽ പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ഏകീകരണത്തിന്റെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## നെന്മാറ നിയോജകമണ്ഡലത്തിലെസ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ

1376 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കാണ് മൂന്ന് കോടി രൂപ വീതം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് തുടങ്ങിയത്; ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ?

## സ്കോളർഷിപ്പ്

1377 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ച കുട്ടികൾക്ക് മൌലാന അബ്ദുൽ കലാം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ;

(ബി) ഒന്നാം ക്ലാസ് മുതൽ കോളേജ് തലം വരെ നിലവിലുള്ള സ്കോളർഷിപ്പുകളും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## കെ-ടെറ്റ് യോഗ്യതാ പരീക്ഷ

1378 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക തസ്തികയിലേയ്ക്ക് കെ-ടെറ്റ് യോഗ്യത പി.എസ്.സി. നിർബന്ധമാക്കിയത് 30-08-2016 ആണെന്നിരിക്കെ 2013 മുതൽ എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപകർക്ക് പ്രസ്തുത യോഗ്യത നിർബന്ധമാക്കിയിട്ടുള്ള വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രണ്ട് മേഖലയിലുള്ളവർക്കും 2016 ആയി ഏകീകരിക്കാൻ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ;

(ബി) കെ-ടെറ്റിന് തുല്യമായ മറ്റ് പരീക്ഷകൾക്കെല്ലാം പാസ് മാർക്ക് 50 ശതമാനം മതി എന്നിരിക്കെ കെ-ടെറ്റിന് മാത്രം 60 ശതമാനം എന്നുള്ളതിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) 2016ന് മുൻപ് സർവ്വീസിൽ കയറിയ അദ്ധ്യാപകരെ കെ-ടെറ്റിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം</u>

1379 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക ഏതെല്ലാം സ്കൂളുകൾക്ക് അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക ഉപയോഗിച്ചുള്ള നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കനുവദിക്കുമ്പോൾ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>ചിത്തിരപുരം ഐ.ടി.ഐ.</u>

1380 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ചിത്തിരപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് സ്ഥലം അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് ഫയൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ അറിയിക്കാമോ; ഫയൽ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം റീജിയണൽ ഓഫീസിലെ ഒഴിവുള്ള തസ്തികകൾ</u>

1381 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം റീജിയണൽ ഓഫിസിൽ മതിയായ ജീവനക്കാരുടെ അഭാവം മൂലം ഓഫീസ് പ്രവർത്തങ്ങൾ അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീജിയണൽ ഓഫീസിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) അധ്യാപകരുടെ പെൻഷൻ, പി എഫ് , ഇൻഷുറൻസുകൾ, ഗ്രാറ്റുവിറ്റി തുടങ്ങിയവയിൽ മാസങ്ങളായി നടപടിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നികത്തുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

## ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട സംവരണ ഒഴിവുകൾ

1382 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുപ്രീംകോടതി വിധി പ്രകാരം ജീവനക്കാരുടെ അംഗബലത്തിന്റെ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകൾ സംവരണ നിയമനത്തിന് അർഹതപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർഥികൾക്കായി മാറ്റിവച്ച് നിയമനം നടത്തുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അർഹതപ്പെട്ട സംവരണ ഒഴിവുകൾ കണക്കാക്കുന്നതിന് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തെയും ഓരോ യൂണിറ്റ് ആയാണോ പരിഗണിക്കുന്നത്;വിശദാംശം നൽകാമോ;

(സി) ഏതെങ്കിലും തസ്തികയിലേക്ക് യോഗ്യത നേടിയ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ പ്രസ്തുത ഒഴിവുകൾ സ്ഥിരം നിയമനം നടത്താതെ മാറ്റിവയ്ക്കുകയും തുടർന്നു വരുന്ന വർഷങ്ങളിൽ പ്രസ്തുത വിഭാഗത്തിൽ നിന്നും യോഗ്യരായ ഉദ്യോഗാർഥികൾ ലഭ്യമായി വരുമ്പോൾ മുൻവർഷത്തെ നിയമന കുറവ് കൂടി പരിഹരിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.എ . ഒഴിവുകൾ

1383 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് 1 മുതൽ ജൂൺ 30 വരെ എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന എൽ.പി.എസ്.എ . (മലയാളം മീഡിയം) അദ്ധ്യാപകരുടെ എണ്ണം, എൽ.പി.എസ്.എ. തസ്തികയിലുള്ള പി.ഡി. അദ്ധ്യാപകരുടെ എണ്ണം എന്നിവ അറിയിക്കാമോ;

(ബി) 2022 മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ എറണാകുളം ജില്ലയിൽ നിന്നും വിരമിക്കുന്ന എൽ.പി.എസ്.എ. തസ്തികയിലുള്ള പ്രധാനാദ്ധ്യാപകരുടെ എണ്ണം അറിയിക്കാമോ;

(സി) നിലവിൽ എൽ.പി.എസ്.എ. യിലെ എത്ര ഒഴിവുകൾ എറണാകുളം ജില്ലയിൽ നിന്നും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ജില്ലയിലെ 2022 -ലെ എൽ.പി.എസ്.എ. തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ

എത്രയെന്ന് അറിയിക്കാമോ?

**ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

1384 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ ആകെ എത്ര ലാബ് അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഏതെല്ലാം സ്കൂളുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലാബ് അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം മുഖേന നിയമനത്തിന് ഫുൾടൈം മീനിയൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിലുണ്ടോ?

**മിനിസ്റ്റീരിയൽ തസ്തികകളിലെ ഉദ്യോഗക്കയറ്റം**

1385 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ നൽകാൻ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) മിനിസ്റ്റീരിയൽ തസ്തികകളിലെ ഉദ്യോഗക്കയറ്റങ്ങൾ യഥാസമയം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**അദ്ധ്യാപകരുടെ പ്രമോഷൻ**

1386 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020, 2021 വർഷങ്ങളിൽ അന്യത്രസേവനത്തിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ വിവരങ്ങൾ വിഷയാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അന്യത്രസേവനം വഴി വിവിധ വിഷയങ്ങളിലുണ്ടായ സീനിയർ ഒഴിവുകളിൽ പ്രമോഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾക്കാണ് നൽകിയിട്ടുള്ളത്; എത്ര എണ്ണത്തിനാണ് ഇനി നൽകാൻ ഉള്ളത്; അന്യത്രസേവന ഒഴിവുകളിൽ പ്രമോഷൻ നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ;

(സി) വിവിധ വിഷയങ്ങളിലായി ജൂനിയർ തസ്തികയിൽ അന്യത്രസേവനം വഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം ലഭ്യമാക്കാമോ;

(ഡി) ഓരോ വർഷത്തെയും ജൂനിയർ ടു സീനിയർ പ്രമോഷനായി കണക്കാക്കപ്പെട്ട

ഒഴിവുകളുടെ അതേ എണ്ണം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മാത്രമേ ഡി.പി.സി.യിൽ പ്രമോഷനായി പരിഗണിക്കാറുള്ളൂ എന്നും നിലവിൽ വരുന്ന ഒഴിവുകളുടെ മൂന്ന് മടങ്ങ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഉൾപ്പെടുത്താറില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ജൂനിയർ ടു സീനിയർ പ്രമോഷനായുള്ള ഡി.പി.സി.യിൽ ഒഴിവുകൾക്കനുസൃതമായി മാത്രം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതു കാരണം, അദ്ധ്യാപകർ അവർക്ക് കിട്ടുന്ന പ്രൊമോഷൻ നിരസിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തപ്പെടാൻ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാതെ അടുത്ത വർഷത്തെ പ്രമോഷൻ വരെ തുടരുന്നത് ഒഴിവാക്കാനായി നടപടികൾ സ്വീകരിക്കാമോ; ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

## <u>സാക്ഷരതാ പ്രേരക് മാരുടെ വേതന കുടിശിക</u>

1387 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സാക്ഷരതാ പ്രേരക്-മാർക്ക് നിലവിൽ എത്ര മാസത്തെ വേതനം നൽകാനുണ്ട്;വേതന കുടിശ്ശിക തീർത്തു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സാക്ഷരതാ പ്രേരക്-മാരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>എറണാകുളം ജില്ലയിലെ യു.പി.എസ്.എ. നിയമനം</u>

1388 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ 2021 മുതൽ 2025 വരെ ഉണ്ടാകാവുന്ന ഒഴിവുകളുടെ വിവരം സ്കൂളും വർഷവും തിരിച്ച് നല്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ എപ്രകാരം നിയമനം നടത്തുന്നതിനായാണ് മാറ്റി വെച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2022-23 അദ്ധ്യയനവർഷത്തെ തസ്തിക നിർണയ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;പ്രസ്തുത കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

## <u>അനധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കാലോചിതമായ മാറ്റം</u>

1389 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.ആർ. നിലവിൽ വന്ന അരനൂറ്റാണ്ട് കഴിഞ്ഞിട്ടും അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) വിവിധ കാരണങ്ങളാൽ തസ്തിക നഷ്ടപ്പെട്ടവരും അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെടാത്തവരുമായ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ;

(സി) വിരമിക്കൽ, പ്രമോഷൻ, രാജി തുടങ്ങിയ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരും അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടവരുമായ ജീവനക്കാരുടെ മുൻകാല സേവനം അംഗീകരിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോ വിശദാംശം നൽകുമോ;

(ഡി) സംസ്ഥാന സ്കൂൾ കലോത്സവ മാനുവലിൽ അനദ്ധ്യാപകരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.എ. ഒഴിവുകൾ

1390 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് 1 മുതൽ ജൂൺ 30 വരെ എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന എൽ.പി.എസ്.എ.(മലയാളം മീഡിയം), പി.ഡി. (എൽ.പി. എസ്.എ.തസ്തികയിലുള്ള ) അദ്ധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ 2022 മാർച്ച്, മെയ്, ജൂൺ മാസങ്ങളിൽ വിരമിക്കുന്ന എൽ.പി.എസ്.എ. തസ്തികയിലുള്ള പ്രധാന അദ്ധ്യാപകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിന്നും റിപ്പോർട്ട് ചെയ്ത എൽ.പി.എസ്.എ. ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) 2022-ൽ എറണാകുളം ജില്ലയിൽ പ്രതീക്ഷിക്കുന്ന എൽ.പി.എസ്.എ. ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ ?

## ഡയറ്റുകളിലെ ലക്ച്ചറർ തസ്തികകളിൽ നിയമനം

1391 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഡയറ്റുകളിലുമായി നിലവിൽ എത്ര ലക്ച്ചറർ തസ്തികയിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം

എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഡയറ്റുകളിലെ ലക്ച്ചറർ തസ്തികകളിലെ നിയമനം സംബന്ധിച്ചുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ ജില്ലാ ലേബർ ഓഫീസിന്റെ സ്ഥലപരിമിതി

1392 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ലേബർ ഓഫീസിന്റെ സ്ഥലപരിമിതിയെക്കുറിച്ചുള്ള പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## തൊഴിൽ നഷ്ടപ്പെട്ടവർക്ക് പ്രത്യേക പദ്ധതി

1393 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ മേഖലകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) സൺറൈസ് ഇൻഡസ്ട്രീസ് അടക്കമുള്ള തൊഴിൽ സാദ്ധ്യതകൾ കേരളത്തിലെ യുവാക്കൾക്ക് പ്രാപ്യമാക്കാൻ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോവിഡിന്റെയടക്കം പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കോവിഡ് പ്രതിസന്ധി മൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയവർക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പി.എഫ്. പെൻഷൻ

1394 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എഫ്. പെൻഷൻകാർക്ക് നിലവിൽ ലഭിക്കുന്ന പെൻഷൻ തുക വളരെ തുച്ഛമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളിൽ മുപ്പത് വർഷത്തിലധികം ജോലി ചെയ്തവർക്ക് പോലും വളരെ തുച്ഛമായ പെൻഷൻ ലഭിക്കുന്ന സാഹചര്യത്തിൽ ആയത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ

1395 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി ജില്ലാ ലേബർ ഓഫീസിൽ അപേക്ഷിക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ ഡി.എൽ.ഒ. ഓഫീസുകളുടെയും അഭിപ്രായം തേടുന്നത് മൂലമുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷന് അപേക്ഷ നൽകിയാൽ നടപടി പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകുന്നതിന് നിലവിൽ എത്ര സമയം എടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ നടപടികൾക്കായി സംസ്ഥാനതലത്തിൽ തന്നെ സമയക്രമം നിശ്ചയിക്കുവാനും കുറ്റമറ്റ രീതിയിൽ ഈ സംവിധാനം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട ശൗചാലയങ്ങളും വിശ്രമമുറികളും

1396 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ട ശൗചാലയം, വിശ്രമമുറികൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 1961-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങൾ അനുസരിച്ച് കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വേണ്ട ശൗചാലയങ്ങളും വിശ്രമമുറികളും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയമ വ്യവസ്ഥ എല്ലാ കടകളും കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ ശൗചാലയങ്ങളും വിശ്രമമുറികളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

## നോക്കുകൂലി

1397 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധിച്ച ശേഷവും നോക്കുകൂലി ആവശ്യപ്പെടുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) നോക്കുകൂലി ആവശ്യപ്പെടുന്നത് ക്രിമിനൽ കുറ്റമായി പരിഗണിക്കണമെന്ന് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കോവിഡ് കാരണമുള്ള തൊഴിൽ നഷ്ടം**

1398 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടും ജീവനോപാധികൾക്കായി എടുത്ത വായ്പ തിരിച്ചടക്കാൻ നിവൃത്തിയില്ലാതെയും നിരവധി പേർ ആത്മഹത്യ ചെയ്ത സാഹചര്യം ഉണ്ടയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ തയ്യാറാകുമോ; വിശദമാക്കാമോ;

(സി) വിവിധ തൊഴിൽ മേഖലയിലെ തൊഴിലാളികൾ കോവിഡിന്റെ പശ്ചാത്തലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കോവിഡ് കാരണം ജോലി നഷ്ടപ്പെട്ടവർക്കായി പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുമോ?

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം**

1399 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതി പ്രകാരം താമസ സൗകര്യം എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിയ്ക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000/- രൂപ നൽകുന്നതിനുള്ള പദ്ധതി പ്രകാരം 2021-22 കാലയളവിൽ എത്രപേർക്ക് കേരളത്തിൽ സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞു എന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നിലവിൽ ഈ വർഷം കുടിശ്ശികയുണ്ടോയെന്ന് അറിയിക്കുമോ?

**അസംഘടിത മേഖല തൊഴിലാളി സംരക്ഷണ പദ്ധതി**

1400 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ അസംഘടിത മേഖല തൊഴിലാളി സംരക്ഷണ പദ്ധതി പ്രകാരമുള്ള പ്രയോജനം എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച്

കണക്ക് വ്യക്തമാക്കാമോ; ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈ നിർമ്മാണം എന്ന് പൂർത്തീകരിച്ച് തൊഴിലാളികൾക്ക് ഉപകാരപ്രദമായി പ്രവർത്തനം ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

<u>**ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ**</u>

1401 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 -22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്രപേർക്കാണ് ഇതിനോടകം തൊഴിൽ നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന തൊഴിൽ ലഭിക്കുന്നതിനായി സംസ്ഥാനത്ത് എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന ഏതൊക്കെ മേഖലകളിൽ എത്ര പേർക്ക് വീതം ഇതിനോടകം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട് ; ഇതിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>**നോക്കുകൂലി**</u>

1402 **ശ്രീ. എം. എം. മണി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി ഇല്ലാതാക്കുന്നതിന് 2018-ൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചതിനെത്തുടർന്ന് തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്തിയത് വഴിയും തൊഴിലാളി സംഘടനകളുമായുള്ള ചർച്ചയുടെ ഫലമായും നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; 2021-ൽ അംഗീകൃത തൊഴിലാളി സംഘടനകൾ നോക്കുകൂലി ആവശ്യപ്പെട്ടുതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ;

(ബി) ഓരോ ജില്ലയിലും ചുമട്ടുതൊഴിലിന്റെ കൂലി ഏകീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ നിശ്ചയിക്കുന്ന വേതനം ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കാമെന്ന വ്യവസ്ഥ ഉണ്ടായിരിക്കേ അനുചിത തൊഴിൽ തർക്കങ്ങൾക്ക് പ്രധാന കാരണം തൊഴിലുടമകൾ അംഗീകൃത തൊഴിലാളികളെ ഒഴിവാക്കി ഇതര സംസ്ഥാനക്കാരെയുൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലയിലും നിശ്ചയിച്ച് പ്രസിദ്ധീകരിച്ചതിലും കുറഞ്ഞ വേതനത്തിന് തൊഴിലെടുപ്പിക്കാൻ ശ്രമിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) ചില അധികാര കേന്ദ്രങ്ങളുൾപ്പെടെ യുക്തിരഹിതമായി ചുമട്ടുതൊഴിലാളികളുടെ

നിയമാനുസൃത അവകാശങ്ങൾക്കും തൊഴിലിനും പ്രതികൂലമാകുന്ന വിധത്തിൽ പ്രതികരണവും ഇടപെടലും ആവർത്തിക്കുന്ന സാഹചര്യത്തിൽ ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ചുമട്ടുതൊഴിൽ മേഖല

1403 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് തലച്ചുമടിന് പകരം ബദൽ മാർഗ്ഗം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഹൈക്കോടതിയിൽ നിന്നുണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## തിരൂരങ്ങാടിയിൽ ഇ.എസ്.ഐ. ആശുപത്രി

1404 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ആസ്ഥാനമായി ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുമോ; വ്യക്തമാക്കാമോ;

(ബി) തിരൂരങ്ങാടി മണ്ഡലത്തിൽ നിലവിലുള്ള തൊഴിൽ സ്ഥാപനങ്ങളെ സംബന്ധിച്ചും അവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി തിരൂരങ്ങാടി മണ്ഡലത്തിൽ ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പീടിക തൊഴിലാളികൾ നേരിടുന്ന മൗലികാവകാശ ലംഘനങ്ങൾ

1405 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിന് കീഴിൽ വരുന്ന പീടിക തൊഴിലാളികൾ തൊഴിൽ മേഖലയിൽ പലവിധത്തിലുള്ള മൗലികാവകാശ ലംഘനങ്ങളും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ആയതിന് പരിഹാരം കണ്ടെത്തുന്നതിനുമായി സർക്കാർ പ്രത്യേക സമിതിയെ നിയോഗിക്കുമോ; വിശദാംശം നൽകുമോ?

## തോട്ടം തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

1406 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം കാലാനുസൃതമായി

വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ?

## എസ്. ആർ. അസോസിയേറ്റ്സിലെ തൊഴിൽ സമരം

1407 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രമുഖ ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ 50 ദിവസമായി നടന്ന സമരം കാരണം മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനം പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും സാധനം വാങ്ങിയതിന്റെ പേരിൽ കംപ്യൂട്ടർ സ്ഥാപന ഉടമയെ ട്രേഡ് യൂണിയൻ തൊഴിലാളികൾ മർദ്ദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിധി പ്രകാരം കയറ്റിറക്കിന് സ്വന്തം തൊഴിലാളികളെ നിയമിച്ചത് കൊണ്ടാണ് പ്രസ്തുത സ്ഥാപനം പൂട്ടണ്ടി വന്നത് എന്നത് വസ്തുതയാണോ;

(ഇ) സമാനമായ തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; 50 ദിവസം സമരം നടന്നിട്ടും പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## ചുമട്ടുതൊഴിലാളി സമരം

1408 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങൾക്കുള്ള സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ തന്നെ ഇറക്കുന്നതിന് അനുകൂലമായ കോടതി ഉത്തരവുണ്ടായിട്ടും കണ്ണൂർ മാതമംഗലത്ത് ചുമട്ടുതൊഴിലാളികളുടെ സമരത്തെ തുടർന്ന് കടകൾ അടച്ചുപൂട്ടേണ്ടിവന്ന സംഭവം പരിശോധിച്ചിട്ടുണ്ടോ;

(ബി) ലൈസൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ് മാതമംഗലത്തെ കട അടയ്ക്കേണ്ടിവന്നത് എന്നതരത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം

നൽകുമോ;

(സി) ചുമട്ടുതൊഴിലാളി സമരത്തെ തുടർന്ന് സമാനമായ സംഭവം കണ്ണൂർ പഴയങ്ങാടിയിലും ഉണ്ടായിട്ടുണ്ടോ;

(ഡി) വ്യാപാര-വ്യവസായ മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ സഹചര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ്</u>

1409 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് ഏത് രീതിയിലാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് കണക്കാക്കുന്നത്;

(ബി) വീടിന്റെ സ്ക്വയർഫീറ്റ് കണക്കിലാണോ സെസ്സ് കണക്കാക്കുന്നത്; എങ്കിൽ ഒരു സ്ക്വയർഫീറ്റിന് സെസ്സ് എത്ര രൂപയാണ്; വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തൊഴിലാളികൾക്ക് ഏതെല്ലാം രീതിയിലാണ് പ്രയോജനപ്പെടുന്നത്;

(ഡി) പാലക്കാട് ജില്ലയിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് ഇനത്തിൽ 2016 മുതൽ പിരിച്ചെടുത്ത തുക എത്രയെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## <u>ആറ്റിങ്ങൽ മണ്ഡലത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസ്</u>

1410 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ കേന്ദ്രീകരിച്ച് അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## <u>സ്റ്റോർകീപ്പർ റേഷ്യോ പ്രൊമോഷൻ</u>

1411 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിൽ എൽ.ഡി. സ്റ്റോർകീപ്പർ, യു.ഡി. സ്റ്റോർകീപ്പർ എന്നീ തസ്തികകളിൽ 1:1 റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എൽ.ഡി. സ്റ്റോർകീപ്പർ, യു.ഡി. സ്റ്റോർകീപ്പർ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

## <u>വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി</u>

1412 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ അവസാനമായി ഭേദഗതി ചെയ്തതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിലും മറ്റും കാലാനുസൃതമായ മാറ്റങ്ങൾ ഡി.ജി.റ്റി. (ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ്, ഭാരത സർക്കാർ) വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വന്നാൽ കേരളത്തിലെ ഐ.ടി.ഐ. കളുടെ അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ പ്രഥമ യോഗ്യതയായി എഞ്ചിനീയറിംഗ് ബിരുദവും ഒരു വർഷത്തെ പ്രവർത്തിപരിചയവും പ്രിൻസിപ്പിൾ ഓഫ് ടീച്ചിംഗ് കോഴ്സ് സർട്ടിഫിക്കറ്റും ഉൾപ്പെടുത്തണമെന്ന് ഡി.ജി.റ്റി.യുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിർദ്ദശം സ്പെഷ്യൽ റൂൾ ഭേദഗതിക്കായി തയ്യാറാക്കിയ കരടിൽ പ്രഥമ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) വ്യവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതിക്കായി തയ്യാറാക്കിയ കരടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ</u>

1413 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ അവസാനമായി ഭേദഗതി ചെയ്തതെന്നാണ് എന്നറിയിക്കാമോ;

(ബി) വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി ഡി.ജി.റ്റി. (ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ്, ഭാരതസർക്കാർ) ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിലും മറ്റും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഡി.ജി.റ്റി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വന്നാൽ കേരളത്തിലെ ഐ.ടി.ഐ.കളുടെ അഫിലിയേഷൻ നഷ്ടപ്പെടുമെന്ന ഗുരുതരമായ സാഹചര്യം അഭിമുഖീകരിക്കേണ്ടിവരും എന്ന വസ്തുത വ്യാവസായിക പരിശീലന വകുപ്പ്, സർക്കാറിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ പ്രഥമ യോഗ്യതയായി എൻജിനീയറിങ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും പ്രിൻസിപ്പിൾ ഓഫ് ടീച്ചിംഗ് കോഴ്സ് സർട്ടിഫിക്കറ്റും ഉൾപ്പെടുത്തണമെന്ന ഡി.ജി.റ്റി. യുടെ നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പിന് ആദ്യമായി ലഭിച്ചത് എന്നാണ് എന്നറിയിക്കാമോ;

(ഇ) പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള പ്രമോഷന് പരിഗണിക്കപ്പെടുമ്പോൾ, ബിരുദം

/ഡിപ്ലോമ / സി.റ്റി എസ്. സർട്ടിഫിക്കറ്റ് തരംതിരിവ് ഇല്ലാതെ ഇൻസ്ട്രക്ടർ യോഗ്യതയുള്ള എല്ലാവർക്കും സീനിയോരിറ്റി അനുസരിച്ച് പ്രിൻസിപ്പാൾ പോസ്റ്റിലേക്ക് പ്രമോഷൻ നൽകണമെന്ന ഡി.ജി.റ്റി. നിർദ്ദേശം കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് ഐ.ടി.ഐ ഇൻസ്ട്രക്ടർമാരുടെ യോഗ്യതകളിൽ നിർബന്ധമായും ഉൾപ്പെടുത്തണം എന്നാണ് ഡി.ജി.റ്റി.യുടെ ഉത്തരവ് എന്നിരിക്കെ സ്പെഷ്യൽ റൂൾ ഭേദഗതി കരടിൽ ഈ യോഗ്യത ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ജി) വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി കരടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ ആവശ്യം വേണ്ട പുതിയ തസ്തികകൾ

1414 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ മിനിമം 4 ട്രേഡും 8 യൂണിറ്റും ആരംഭിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ.കളിൽ ഇൻസ്ട്രക്ടർമാരുടെ പ്രമോഷൻ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## സർക്കാർ ഐ.ടി.ഐ. കളിൽ പുതിയ കോഴ്സുകൾ

1415 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോഴ്സുകൾ ഏതെല്ലാം ജില്ലകളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ മേഖലയിൽ പുതിയെ ഐ.ടി.ഐ.കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## മുണ്ടക്കയത്ത് ഗവ. ഐ.ടി.ഐ. സ്ഥാപിക്കാൻ നടപടി

1416 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുണ്ടക്കയം കേന്ദ്രമാക്കി ഒരു ഗവ. ഐ.ടി.ഐ.

സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി മുണ്ടക്കയം ഗ്രാമപഞ്ചായത്ത് ഒന്നരയേക്കർ സ്ഥലം സൗജന്യമായി വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു ഗവ. ഐ.ടി.ഐ. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

1417 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് പ്രായപരിധി അൻപത്തിയഞ്ച് വയസ്സിൽ നിന്നും അൻപത് വയസ്സായി കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ദീർഘകാലമായി തൊഴിലിനായി കാത്തിരിക്കുന്നവരുടെ സാഹചര്യം പരിഗണിച്ചുകൊണ്ട് പ്രസ്തുത പ്രായപരിധി അൻപത്തിയഞ്ച് വയസ്സ് ആയി തന്നെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭിന്നശേഷിക്കാർക്ക് പ്രായപരിധിയിൽ കൂടുതൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

1418 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി.

1419 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിക്കായി കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് പുതുക്കി സമർപ്പിച്ച രൂപരേഖയ്ക്ക് സർക്കാർ ആവശ്യമായ ഭേദഗതി വരുത്തി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അംഗീകാരത്തിന് കാലതാമസം വരുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ ?

## വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി

1420 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഡിസ്പെൻസറി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ?

## റവന്യൂ ഭൂമി

1421 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ വികസന പ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അനുയോജ്യമായ 75 സെന്റിന് മുകളിൽ വിസ്തീർണമുള്ള റവന്യൂ ഭൂമികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ 75 സെന്റിന് മുകളിൽ വിസ്തീർണമുള്ള സർക്കാർ ഭൂമിയുടെ വിവരം ലഭ്യമാക്കുമോ; ഭൂമിയുടെ തരം, വിസ്തീർണം, വില്ലേജ്, സർവ്വേ നമ്പർ, ഉടമസ്ഥാവകാശം എന്നിവ തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്ത് ഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

1422 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനും വാണിജ്യാവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ ഉണ്ടെന്ന് വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ഭവന നിർമ്മാണ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ പ്രത്യേക പരിഗണന നൽകി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നെൽവയൽ തണ്ണീർത്തട നിയമം വരുന്നതിന് മുമ്പ് നികത്തപ്പെട്ടതും എന്നാൽ രേഖകളിൽ നഞ്ച എന്ന് രേഖപ്പെടുത്തിയതുമായ 25 വർഷം മുൻപുള്ള കെട്ടിടങ്ങൾക്ക് നിലവിൽ രൂപമാറ്റം വരുത്തുന്നതിന് ഭൂമി തരംമാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി തീർപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## പുറമ്പോക്ക് ഭൂമിയുടെ വിശദാംശം

1423 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ പഞ്ചായത്ത്/നഗരസഭകളിൽ വിവിധ ഇനങ്ങളിലായി സർക്കാർ വകുപ്പിന് കീഴിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ട്; സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെ വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## ഭൂമി തരംമാറ്റൽ ജോലികൾക്ക് താൽക്കാലിക ജീവനക്കാർ

1424 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ആറ് വർഷത്തിലധികമായി ഡേറ്റ എൻട്രി ജോലി ചെയ്തുകൊണ്ടിരിക്കുന്ന താൽക്കാലിക ജീവനക്കാരെ ഇപ്പോൾ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; റവന്യൂ രേഖകളുമായി ബന്ധപ്പെട്ട ജോലിചെയ്തിരുന്ന പ്രസ്തുത ആളുകളെ ഭൂമി തരംമാറ്റൽ ജോലികൾക്ക് നിയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളിലാണ് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ ലഭ്യമായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്ര വില്ലേജ് ഓഫീസുകളിൽ ഇത് പ്രവർത്തനസജ്ജമാണെന്ന് അറിയിക്കുമോ; കമ്പ്യൂട്ടറും സ്കാനറും പ്രവർത്തിക്കാത്ത ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ പട്ടിക പ്രസിദ്ധീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ?

## വസ്തു കരം ഒടുക്കുന്നതിനുള്ള അവകാശം

1425 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുവനന്തപുരം ജില്ല എന്ന വ്യക്തിയുടെ വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവകാശം പുനസ്ഥാപിക്കണമെന്ന അപേക്ഷയിൽ റവന്യൂ വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസം വിശദമാക്കുമോ;

(ബി) ശ്രീ. ജോൺ ജോസിന്റെ അപേക്ഷ അയിരൂപ്പാറ വില്ലേജ് ഓഫീസിൽ വാങ്ങിവച്ച ശേഷം 9 മാസം ഒരു നടപടിയും സ്വീകരിക്കാതെ 2021 ഓഗസ്റ്റിൽ ഫയൽ നമ്പരിട്ട് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ താലൂക്ക് സർവ്വേയർ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ എച്ച്1/27673/21 പ്രകാരം താലൂക്ക് സർവ്വേയർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; ഈ ഫയലിൽ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചതായി പ്രസ്തുത വ്യക്തിയെ

അറിയിച്ചിട്ടുണ്ടോ; ഈ അപേക്ഷകന്റെ കൈവശഭൂമിക്ക് കരം തീർത്ത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) 2020 നവംബറിൽ അയിരൂപ്പാറ വില്ലേജിൽ കൊടുത്ത അപേക്ഷ ഫയൽ നമ്പറിടാതെ മനപ്പൂർവ്വം കാലതാമസം വരുത്തി 9 മാസം കഴിഞ്ഞ് ഫയൽ നമ്പറിട്ട് താലൂക്ക് ഓഫീസിൽ നൽകി 15 മാസമായിട്ടും നടപടികൾ പൂർത്തിയാകാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രസ്തുത വ്യക്തിയുടെ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഭൂമി തരംമാറ്റം

1426 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഇതുവരെ പുറത്തിറങ്ങിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് ഓഫ് പ്രൊസീജിയർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആർ.ഡി.ഒ. ഓഫീസുകളിൽ ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള നടപടികളിൽ അകാരണമായ കാലതാമസം വരുത്തുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി ഇത്തരം അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഭൂമി തരംമാറ്റുന്നതിൽ അകാരണമായ കാലതാമസം വരുത്തിയതിനെത്തുടർന്ന് അപേക്ഷകർ ആത്മഹത്യ ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കരം അടവ് സംബന്ധിച്ച വഖഫ് ബോർഡിന്റെ കത്ത്

1427 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കൊച്ചി താലൂക്കിൻകീഴിലെ കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ വർഷങ്ങളായി കൈവശം വെച്ച് കരം തീർത്ത് അനുഭവിച്ച് വരുന്ന വസ്തുവകകളുടെ കരം അടച്ചുനൽകരുതെന്ന് ആവശ്യപ്പെട്ട് വഖഫ് ബോർഡ് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) വഖഫ് ബോർഡ് നൽകിയ കത്തിൽ പറയുന്ന വസ്തുവകകളുടെ നിലവിലെ ഉടമസ്ഥാവകാശം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പൊന്മുടിയിൽ രാജാക്കാട് സർവീസ് സഹകരണ ബാങ്കിന് നൽകിയ ഭൂമി

1428 **ശ്രീ . ഷാഫി പറമ്പിൽ**

**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടിയിൽ 21 ഏക്കർ റവന്യൂ ഭൂമി, അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ രാജാക്കാട് സർവീസ് സഹകരണ ബാങ്കിന് കെ.എസ്.ഇ.ബി. 15 വർഷത്തേക്ക് പാട്ടത്തിന് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്കാണെന്ന് റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാനുള്ള അധികാരം റവന്യൂ വകുപ്പിന് മാത്രമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി സംബന്ധിച്ച് ഉടുമ്പഞ്ചോല തഹസീൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ;

(ഇ) അനധികൃതമായി പാട്ടത്തിന് നൽകിയതായി പറയപ്പെടുന്ന പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എഫ്.എം.ബി. യിൽ വന്നിട്ടുള്ള അപാകത

1429 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജിലെ എഫ്.എം.ബി.യിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകിയാൽ റീസർവ്വെ നടപടി സ്വീകരിച്ച് എഫ്.എം.ബി. യിലെ തെറ്റ് തിരുത്തുന്നതിന് എത്ര ദിവസത്തെ കാലതാമസം എടുക്കുമെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള കാര്യങ്ങളിൽ സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

## റവന്യൂ വകുപ്പിലെ വിവിധ സംവിധാനങ്ങൾ

1430 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ജനങ്ങൾ നൽകുന്ന അപേക്ഷകൾ സ്വീകരിച്ച്, രജിസ്റ്റർ ചെയ്ത്, രസീത് നൽകി തുടർ നടപടികൾ സ്വീകരിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ റവന്യൂ വകുപ്പിൽ ഉള്ളതെന്നും അവയുടെ പ്രവർത്തനം എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ബി) ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റവന്യൂ വകുപ്പിൽ സമയബന്ധിതമായി അപേക്ഷകൾ സ്വീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) വകുപ്പിൽ കഴിഞ്ഞ പത്തുവർഷക്കാലയളവിൽ സ്വീകരിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാകാത്ത ഫയലുകളെ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ കാലയളവിൽ കൈക്കൂലി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പരാതികളെപ്പറ്റിയും നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചുമുള്ള വിശദാംശം ജില്ല തിരിച്ച് നൽകുമോ?

## കോഴിക്കോട് ജില്ലയിലെ കോവിഡ് മരണനിരക്ക്

1431 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇതിനോടകം എത്ര കോവിഡ് മരണങ്ങൾ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടി, പയ്യോളി, ഇരിങ്ങൽ, മൂടാടി, പന്തലായനി, വിയ്യൂർ, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി വില്ലേജുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് മരണങ്ങൾ എത്രയെന്ന് വില്ലേജ് അടിസ്ഥാനത്തിൽ പട്ടികയായി ലഭ്യമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച 8 വില്ലേജുകളിൽ നിന്നായി കോവിഡ് മരണാനന്തരമുള്ള ഒറ്റത്തവണ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്രയെണ്ണം തീർപ്പാക്കി പണം കൈമാറിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) പ്രതിമാസ കോവിഡ് ധനസഹായം ലഭിക്കുന്നതിന് ബി.പി.എൽ. കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്നും മേൽപ്പറഞ്ഞ വില്ലേജ് ഓഫീസുകളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## റവന്യൂ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

1432 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 07.10.2021-ലെ ജി.ഒ.(പി) 1/2021/പി.ഐ.ഇ.&എം.ഡി. പ്രകാരം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ നൽകി വരുന്ന നേറ്റിവിറ്റി, ജാതി തുടങ്ങി 11 ഇന സർട്ടിഫിക്കറ്റുകൾക്ക് പകരമായി എസ്.എസ്.എൽ.സി. ബുക്ക്, റേഷൻകാർഡ് തുടങ്ങിയ രേഖകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവിറങ്ങിയിട്ടും വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകം ഉത്തരവില്ലാത്തിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് കൊണ്ട് പൊതു ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവരുടെ ആദ്യ മീറ്റിംഗിലും 05.11.2021-ന് നടന്ന രണ്ടാമത്തെ മീറ്റിംഗിലും ജീവനക്കാർ ഉന്നയിച്ച ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, പ്രിന്റർ, ടോണർ, ലാപ് ടോപ്പ്, സ്കാനർ, ഫോട്ടോ കോപ്പി പേപ്പർ തുടങ്ങിയവ നൽകുക എന്നീ ആവശ്യങ്ങൾ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയിരുന്നോ; റവന്യൂ വകുപ്പിലെ അടിസ്ഥാന ആഫീസായ വില്ലേജോഫീസുകളിൽ മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും നാളിതുവരെ നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) റവന്യൂ വകുപ്പിൽ ആനുകാലികമായി നടത്തപ്പെടുന്ന മീറ്റിംഗിലേക്ക് ജില്ലാ കളക്ടേറ്റിൽ നിന്നും വില്ലേജ് ഓഫീസർമാരെ പ്രതിനിധീകരിച്ച് രണ്ട് വില്ലേജ് ഓഫീസർമാരെ തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ ജില്ലകളിലെയും ഭരണാനുകൂല സർവ്വീസ് സംഘടനയുടെ നേതാക്കളോ പ്രതിനിധികളോ മാത്രമാകുന്നുവെന്ന ആരോപണം നിലനിൽക്കുന്നതായും അതുമൂലം യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നു എന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് മാറ്റം വരുത്തുന്നതിന് ശ്രമിക്കുമോ;

(ഡി) എല്ലാ വകുപ്പുകളിലും ഓൺലൈൻ സ്ഥലം മാറ്റങ്ങൾ മാത്രമേ നടത്തുകയുള്ളുവെന്ന് സർക്കാർ തീരുമാനമുണ്ടായിട്ടും അപേക്ഷകൾ ക്ഷണിക്കാതെ തന്നെ റവന്യൂ വകുപ്പിൽ ജില്ലാ കളക്ടേറ്റുകളിൽ സ്ഥലം മാറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വിലക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വസ്തു തരം മാറ്റുന്നത് വേഗത്തിലാക്കാൻ നടപടി

1433 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു തരംമാറ്റുന്നത് വേഗത്തിലാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) റവന്യൂ വകുപ്പിലെ ജോലി ഭാരം പരിഗണിച്ച് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം നൽകുമോ?

## ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി

1434 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ ഭൂമി നൽകുന്നതിനോ ഭവനം നിർമ്മിച്ച് നൽകുന്നതിനോ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വാർഡിലുള്ള സ്വകാര്യ വ്യക്തികളുടെ ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകാമോ?

## കുന്ദമംഗലം വില്ലേജിലെ സ്ഥലം കൈയ്യേറ്റം

1435 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം വില്ലേജിൽ എൻ.എച്ച്. 766ന് സമീപം കുന്ദമംഗലം ടൗണിൽ നിലവിലുള്ള സ്ഥലം കയ്യേറ്റത്തിന് വിധേയമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടികൾ വില മതിക്കുന്ന പ്രസ്തുത ഭൂമി ഒഴിപ്പിച്ച് പൊതു ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ;

(സി) പ്രസ്തുത സ്ഥലം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനായി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## അന്യാധീനപ്പെട്ട ആദിവാസി ഭൂമി

1436 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിന് റവന്യൂ (ആർ) വകുപ്പിന്റെ 23.09.2011-ലെ സ.ഉ. (കൈ) 346/2011/റവ. നമ്പർ ഉത്തരവിന്മേൽ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പട്ടയത്തിനുള്ള അപേക്ഷ

1437 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ കളത്തിപ്പറമ്പ് വീട്ടിൽ ഗോപാലൻ മകൻ ഹരി ഉൾപ്പെടെ അഞ്ചുപേർ വർഷങ്ങളായി താമസിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിലെ 167/എ3/2016 നമ്പർ ഫയലിലും എറണാകുളം ജില്ലാ കളക്ടേറ്റിലെ എൽ1-62885/11 നമ്പർ ഫയലിലും സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്നും പട്ടയം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## പുറമ്പോക്ക് ഭൂമിയിലെ സ്ഥിര താമസക്കാർക്ക് പട്ടയം

1438 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ വില്ലേജിലെ 413/1, 410/4 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട പുറമ്പോക്ക് ഭൂമിയിലെ സ്ഥിര താമസക്കാർ അവരുടെ കൈവശഭൂമിയ്ക്ക് പട്ടയം കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത ഭൂമിയിലെ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകാൻ വേണ്ട നിർദ്ദേശം നൽകാമോ?

## പെരിന്തൽമണ്ണ താലൂക്കിലെ പട്ടയ വിതരണം

1439 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വെ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് നിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർവ്വേ നമ്പരിലുള്ള ഭൂമി ഉൾപ്പെട്ട മിച്ചഭൂമി കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എസ്.എം.വി. 49/77 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വേ നമ്പരിൽ നിന്നും 18.40 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഡി) ദീർഘനാളായിട്ടും പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പട്ടയത്തിനായി ആകെ എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; പട്ടയവിതരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും ആയതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നടപടി

1440 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം വന്ന പട്ടയം സംബന്ധിച്ച ആധികാരിക രേഖ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് സാധാരണ ജനങ്ങൾക്ക് ലഭിക്കാത്തത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർഷങ്ങൾക്ക് മുമ്പ് സർക്കാർ അനുവദിച്ച പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം ഉൾപ്പെടെയുള്ള റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്ത് അതാത് താലൂക്കുകളിൽ സൂക്ഷിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ 1975/3117(സി) മുതൽ വശം 1977-637 നമ്പർ ക്രയ സർട്ടിഫിക്കറ്റ്/പട്ടയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ചെങ്ങറ പാക്കേജ്

1441 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ പാക്കേജിൽ ഓരോ ജില്ലയിലും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം പുനരധിവാസ കേന്ദ്രങ്ങളിലായി എത്ര കുടംബങ്ങൾക്ക് വീതമാണ് പട്ടയം നൽകിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പുനരധിവാസ കേന്ദ്രങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര കുടുംബങ്ങൾ വീതം താമസമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ചെങ്ങറ പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി**

1442 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വേണമെന്നുള്ള കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടയ ഭൂമിയിൽ കൃഷി ചെയ്യാനും വീട് വെയ്ക്കാനും മാത്രം അവകാശം നൽകുന്ന 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4, 1993ലെ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 3 എന്നിവയുടെ ഭേദഗതി അടിയന്തരമായി നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

**മംഗലശ്ശേരി തോട്ടം പട്ടയവിതരണം**

1443 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികളിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയവിതരണത്തിന് കാലതാമസം നേരിടാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ; അർഹരായവർക്ക് എപ്പോൾ പട്ടയം നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

**തീരദേശവാസികൾക്ക് പട്ടയം**

1444 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളിൽ താമസ സ്ഥലത്തിന് പട്ടയത്തിനപേക്ഷ നല്കി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ട് എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് സമയബന്ധിതമായി പട്ടയം ഉറപ്പാക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും കഴിഞ്ഞ സർക്കാർ എത്ര പേർക്ക് പട്ടയം നല്കി എന്നും ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(സി) കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് കഴിഞ്ഞ സർക്കാർ പട്ടയം നല്കി എന്ന് വിശദമാക്കുമോ; പ്രസ്തുത മണ്ഡലത്തിൽ പട്ടയത്തിനായി നിലവിലുള്ള അപേക്ഷകൾ എത്രയെന്നും അവർക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

1445 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരമുള്ള പട്ടയ അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈവശ ഭൂമിക്ക് ഉടമസ്ഥർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ജിയോ സർവ്വേ</u>**

1446 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന താലൂക്കുകളിൽ പട്ടയം ലഭിക്കുന്നതിനായി സംയുക്ത പരിശോധന കഴിഞ്ഞ കേസുകളുടെ ജിയോ സർവ്വേയുമായി ബന്ധപ്പെട്ടുള്ള നിലവിലെ അവസ്ഥ വില്ലേജ് തിരിച്ച് പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

**<u>കയത്തങ്കാട് കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം</u>**

1447 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി വില്ലേജിലുള്ള കയത്തങ്കാട് കോളനിയിൽ താമസിക്കുന്നവർക്ക് നാളിതുവരെയായി പട്ടയം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയത്തിനായി കോളനിക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളനിയിൽ താമസിക്കുന്ന എത്ര പേർക്കാണ് നിലവിൽ പട്ടയം ഇല്ലാത്തതെന്നും ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

**<u>കടൽ തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കുന്നതിനുള്ള തടസ്സം</u>**

1448 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കാൻ പറ്റുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സെറ്റിൽമെന്റ് അഥവാ അടങ്കൽ രജിസ്റ്റർ എന്താണെന്നും അതിന്റെ ഉദ്ദേശം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ രജിസ്റ്ററിൽ പെടാത്ത കടസ്ഥൽ സർവ്വേ ചെയ്യാത്ത കടൽത്തീരത്തുള്ള ഭൂമി പാവപ്പെട്ട കുടുംബങ്ങൾക്ക് അൺ സർവ്വേയ്ഡ് ലാൻഡ് എന്ന് കാണിച്ച് അടങ്കൽ രജിസ്റ്ററിലെ അവസാന നമ്പറിന്റെ തുടർച്ചയായി പട്ടയം നൽകാറുണ്ടോ എന്ന്

വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ പട്ടയം ലഭിച്ചവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ പട്ടയം അനുവദിച്ച സ്ഥലം റീസർവ്വേ ചെയ്ത് ബി.റ്റി.ആർ. ൽ ഉൾപ്പെടുത്താത്തത് മൂലം ഭൂനികുതി ഒടുക്കാൻ പറ്റാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പട്ടയം അനുവദിച്ചിട്ടും സെറ്റിൽമെന്റ് / അടങ്കൽ രജിസ്റ്ററിൽ പെടാത്ത ഭൂമി വില്ലേജിന്റെ പരിധിയിൽ വരുന്നില്ലെന്നും അത് ഉൾപ്പെടുന്നത് മൂലം ബന്ധപ്പെട്ട വില്ലേജ് അഥവാ റീസർവ്വേ ബ്ലോക്കിന്റെ വിസ്തീർണ്ണം വർദ്ധിക്കുമെന്നും അത് താലൂക്ക്, ജില്ല, സംസ്ഥാന വിസ്തീർണം കൂടാൻ ഇടവരുമെന്നും ഏതെങ്കിലും ജില്ലയിലെ റീസർവ്വേ അധികൃതർ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പ്രശ്നമുള്ളതെന്നും ഇവ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## രവീന്ദ്രൻ പട്ടയം

1449 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ എത്ര ആളുകൾക്കാണ് രവീന്ദ്രൻ പട്ടയം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റദ്ദ് ചെയ്യപ്പെട്ട പ്രസ്തുത പട്ടയങ്ങളുടെ ഭൂവുടമകൾക്ക് എത്ര കാലയളവിനുള്ളിൽ പട്ടയങ്ങൾ നൽകുന്നതിന് സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പട്ടയങ്ങൾ ഈട് നൽകി ബാങ്ക് ലോണുകളും മറ്റ് വായ്പകളും എടുത്തിട്ടുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ധനസഹായം നൽകുന്നതിലെ കാലതാമസം

1450 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019ലെ പ്രകൃതിക്ഷോഭത്തിൽ വീടും ഭൂമിയും വാസയോഗ്യമല്ലാതായിത്തീർന്ന മണ്ണാർക്കാട് താലൂക്കിലെ അഗളി വില്ലേജിൽ ഉൾപ്പെട്ട ഒ.എൽ.എച്ച്. കോളനിയിലെ ഉമാ മഹേശ്വരി, അട്ടപ്പാടി ചിറ്റൂർ സീനാ മൻസിലിൽ താമസിക്കുന്ന സലാഹുദ്ദീൻ എന്നിവരെ പുനരധിവസിപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി സർക്കാരിലേക്ക് ശുപാർശ നൽകിയ പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് പാലക്കാട് ജില്ലാ കളക്ടർ ശിപാർശ നൽകിയ ധനസഹായം നൽകാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ;

(സി) ഇവർക്ക് ധനസഹായം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വീട് നഷ്ടപ്പെട്ട വിധവയ്ക്ക് നഷ്ടപരിഹാരം

1451 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട വിധവയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിന് കൈക്കൂലി ചോദിച്ച എന്ന പരാതിയിന്മേൽ കാട്ടാക്കട താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകണമെന്ന് ലോകായുക്ത വിധി പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോടതി വിധി പ്രകാരം ലഭിച്ച ഭൂമിയിൽ പോക്കുവരവ് ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്ക് ഓഫീസിൽ 2019 മുതൽ നില നിൽക്കുന്ന ജി1-8624/2019 എന്ന ഫയലിൽ നടപടി സ്വീകരിക്കാൻ എന്ത് തടസ്സമാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മൂന്ന് വർഷം പിന്നിട്ടിട്ടും പ്രസ്തുത ഫയലിൽ നടപടി ഉണ്ടാകാത്തതിന്റെ കാരണം വിശദമാക്കുമോ?

## പ്രകൃതിക്ഷോഭത്തിൽ നശിച്ച റോഡുകളുടെ പുനർനിർമ്മാണം

1452 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ നാശം വന്ന റോഡുകൾ പുനർനിർമ്മിക്കാൻ സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞാൽ റോഡുകളുടെ പണി പൂർത്തിയാകുന്നതുവരെ പാലിക്കേണ്ട നടപടിക്രമങ്ങൾ ഘട്ടം ഘട്ടമായി വിശദമാക്കാമോ;

(ബി) സർക്കാർ ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ കഴിയാതെ അനിശ്ചിതാവസ്ഥയിലാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ദുരന്തനിവാരണ സാക്ഷരത

1453 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേരളത്തിൽ ദുരന്തനിവാരണ സാക്ഷരത വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മാറ്റി പാർപ്പിക്കേണ്ടവരുടെ പട്ടിക

1454 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ പാലക്കയം വില്ലേജിൽപ്പെട്ട ശ്രീ. ഷാജി ജോസഫ്, ശ്രീ. എം. മാത്യൂ, ശ്രീമതി എൽസി തോമസ് എന്നിവരെ അപകട ഭീഷണിയുള്ള സ്ഥലത്ത് നിന്നും മാറ്റി പാർപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന്

പാലക്കാട് ജില്ലാ കളക്ടർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ദുരന്ത നിവാരണ സംവിധാനങ്ങൾ

1455 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയവും ഉരുൾപൊട്ടലും മണ്ണൊലിപ്പും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ സിൽവർ ലൈൻ പോലുള്ള വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ ദുരന്ത സാധ്യത വർദ്ധിപ്പിക്കും എന്നത് വസ്തുതയാണോ;

(ബി) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ സിൽവർ ലൈൻ പോലുള്ള വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങളെ എതെല്ലാം തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സിൽവർ ലൈൻ പോലുള്ള പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ഇവ പ്രകൃതി ദുരന്തങ്ങൾക്ക് ആക്കം കൂട്ടില്ല എന്ന് ഉറപ്പു വരുത്താൻ ദുരന്ത നിവാരണ വകുപ്പ് എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

## കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പ്രകൃതി ദുരന്തങ്ങൾ

1456 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനാൽ ദുരന്തനിവാരണത്തിനും ആഘാത ലഘൂകരണത്തിനുമായി ആധുനിക സാങ്കേതികവിദ്യ അധിഷ്ഠിതമായി കാര്യക്ഷമവും കൂടുതൽ ഫലപ്രദവുമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മികവുറ്റ രീതിയിൽ രക്ഷാപ്രവർത്തനം നടത്താൻ പ്രാപ്തരായ വിദഗ്ദ്ധ സംഘത്തെ തയ്യാറാക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഐ. എം. ഡി. യുടെ കാലാവസ്ഥാപ്രവചനം കൃത്യതയുള്ളതാക്കി തീർക്കാൻ ആവശ്യമായ ഉപകരണങ്ങളും ശാസ്ത്രീയ സംവിധാനവും ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പൊതുജനങ്ങളിൽ ദുരന്ത പ്രതികരണാവബോധം സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) പരിസ്ഥിതി ദുർബല മേഖലകളിൽ വീട് നിർമ്മിക്കുമ്പോഴും കൃഷിയിറക്കുമ്പോഴും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണാവബോധം സൃഷ്ടിക്കുന്നതിനും പ്രചരണ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## കൊക്കയാർ ഗ്രാമപഞ്ചായത്തിലെ തകർന്ന വീടുകൾ

1457 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 16.10.2021 ലുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും എത്ര തുകയുടെ നഷ്ടമുണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കൃഷി, ഭവനം, റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ എത്ര വീടുകളാണ് പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത്തരത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രദേശം ഭാവിയിൽ വീടുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ പകരം ഭൂമി കണ്ടെത്തി വീടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## കാലവർഷ കെടുതിയിൽ തകർന്ന റോഡുകൾ

1458 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഭരണാനുമതി ലഭിച്ച കാലവർഷ കെടുതിയിൽ തകർന്ന റോഡുകളിൽ ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്ത എത്ര റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത റോഡുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഡാറ്റാ ബാങ്കിലെ അപാകതകൾ

1459 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തിരുവമ്പാടി വില്ലേജിലെ ഇത്തരത്തിൽ അപാകതയുണ്ടെന്ന് പറയപ്പെടുന്ന ഡാറ്റാ ബാങ്ക് പുന:പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഭൂമി തരം മാറ്റൽ

1460 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2021-22 വർഷത്തിൽ ഇതുവരെ ഭൂമി തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകളും ആയതിന്മേൽ സ്വീകരിച്ച നടപടികളും അപേക്ഷ സമർപ്പിച്ച തീയ്യതി സഹിതം വില്ലേജടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഭൂമി തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ എപ്പോൾ തീർപ്പാക്കാനാകുമെന്ന് വിശദമാക്കാമോ?

## ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ

1461 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ, തുടക്കം മുതൽ അവാർഡ് തുക നൽകുന്നത് വരെ, ലാന്റ് അക്വിസിഷൻ വിഭാഗം മുഖേന നടത്തുന്ന നടപടിക്രമങ്ങൾ, അവയുടെ ഓരോ ഘട്ടത്തിലെയും സമയപരിധി സഹിതം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഫയൽ നീക്കങ്ങൾ സമയബന്ധിതമായി നടക്കുകയാണെങ്കിൽ അവാർഡ് തുക വിതരണം ചെയ്യുന്നത് വരെയുള്ള നടപടികൾ പൂർത്തീകരിക്കാൻ എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഉണ്ടാവുന്ന കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്

1462 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന സ്ഥാപനത്തിന് പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം അടിയന്തരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

1463 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അധിക ഭൂമി

ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുദ്ദേശിക്കുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കാമോ?

**വെള്ളായണിയിൽ കായൽ ഭൂമി ഏറ്റെടുക്കാൻ നടപടി**

1464 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ പ്രദേശത്ത് കർഷകർക്ക് കൃഷി ചെയ്യാൻ കഴിയാത്ത കായൽ ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 2/12/2020-ലെ ബി3/568/2018 ഉത്തരവ് പ്രകാരം ഏന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) കർഷകരുടെ കൈവശമുള്ള കായൽഭൂമി ഏറ്റെടുക്കാൻ എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/5/2017-ൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നതിന് 2022 ഫെബ്രുവരി വരെ പൂർത്തീകരിച്ച നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) വെള്ളായണി കായൽ പ്രദേശത്തെ കൃഷി ഭൂമി ഏറ്റെടുക്കുന്നതിന് റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

**കണ്ണൂർ കിൻഫ്രയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

1465 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കിൻഫ്രയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് മതിയായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

**മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം**

1466 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**കുറുപ്പന്തറ, കടുത്തുരുത്തി റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

1467 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറുപ്പന്തറ, കടുത്തുരുത്തി റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് റെയിൽവേയിൽ നിന്നുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പുമൂലം നഷ്ടപ്പെടുന്ന നിർമ്മിതികൾ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റവന്യൂ നഷ്ടപരിഹാര പാക്കേജ് യഥാസമയം അംഗീകരിച്ചിട്ടുണ്ടോ; ഇതിനായി ഹിയറിംഗ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**പാറക്കടവ് വില്ലേജിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് ഭൂമി**

1468 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പാറക്കടവ് വില്ലേജിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന നമ്പർ 132, 69 എന്നീ അംഗനവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് കളക്ടറേറ്റിലും കൊച്ചി റവന്യൂ ഡിവിഷനിലും സമർപ്പിച്ച അപേക്ഷയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അംഗനവാടികൾ സംബന്ധിച്ച ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത അംഗനവാടികളുടെ ആവശ്യങ്ങൾക്ക് എന്നത്തേക്ക് പരിഹാരമുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

**പള്ളിക്കത്തോട് ട്രഷറിക്ക് സ്ഥലം കൈമാറുന്ന നടപടി**

1469 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്കുള്ള സ്ഥലം കൈമാറുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി സ്ഥലം കൈമാറി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

1470 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ സർക്കാർ വസ്തുവകകൾ വീണ്ടെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നയപരിപാടികൾ വിശദീകരിക്കാമോ;

(ബി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ;

(സി) കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ തിരിച്ചെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## ഇറിഗേഷൻ വകുപ്പിന്റെ ഭൂമി പാട്ടത്തിന് നല്കുന്നതിനുള്ള നടപടി

1471 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ എരവട്ടൂർ വില്ലേജിൽ ഉള്ള ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട 60 സെന്റ് ഭൂമി കെ.എസ്.എഫ്.ഡി.സി. ക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ബി.എഡ്. കോളേജിന് നൽകിയ ഭൂമിയുടെ പാട്ടത്തുക

1472 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ബി.എഡ്. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുക 17,700 രൂപയിൽ നിന്നും 14,33,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) 50 കുട്ടികൾക്ക് മാത്രം ഒരു വർഷം പ്രവേശനം നൽകാൻ കഴിയുന്ന ഈ സ്ഥാപനത്തിന് ചുമത്തിയിട്ടുള്ള തുക കുറച്ചുനൽകണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിന് ചുമത്തിയിട്ടുള്ള പാട്ടത്തുക കുറച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പ്രളയ ധനസഹായം

1473 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ വീട് പൂർണ്ണമായി തകർന്ന മുകുന്ദപുരം താലൂക്ക് ചെങ്ങാലൂർ വില്ലേജിലെ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ, എളയത്ത്വീട് എന്ന അപേക്ഷകയ്ക്ക് അനുവദിച്ച എസ്.ഡി.ആർ.എഫ്. വിഹിതമായ 95100/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്. വിഹിതമായ 304900/- രൂപ കൂടി അനുവദിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിനും തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പ്രളയ നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ നടപടി

1474 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വീടും പുരയിടവും നഷ്ടപ്പെട്ടതിന് സർക്കാർ അനുവദിച്ച നഷ്ടപരിഹാര തുക സാങ്കേതിക തകരാർ കൊണ്ടോ മറ്റെന്തെങ്കിലും കാരണങ്ങൾ കൊണ്ടോ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തുക കിട്ടാത്തവർ എത്ര പേരുണ്ടെന്നും തകരാറുകൾ എന്തെല്ലാമാണെന്നും അനുവദിക്കപ്പെട്ട തുക, പേരുവിവരം, ഫോൺ നമ്പർ സഹിതമുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) സാങ്കേതിക തകരാറുകൾ പരിഹരിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നഷ്ടപരിഹാര തുക എന്നേക്ക് നൽകാനാവുമെന്ന് അറിയിക്കാമോ;

(സി) റവന്യൂ വകുപ്പിലാണോ ട്രഷറി വകുപ്പിലാണോ സാങ്കേതിക തകരാറുകൾ സംഭവിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത തകരാറുകൾ അടിയന്തരമായി പരിഹരിച്ച് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ചാലക്കുടി റവന്യൂ ടവർ നിർമ്മാണം

1475 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി ഭവനനിർമ്മാണ ബോർഡിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് അറിയിക്കുമോ;

(ബി) റവന്യൂ ടവറിന്റെ സ്ട്രക്ച്ചർ ഡിസൈൻ ഡ്രോയിങ്ങ് ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുണ്ടോയെന്നും ആയത് അംഗീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ?

## ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ

1476 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി തറക്കല്ലിട്ടിട്ട് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

1477 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തത് കാരണം എത്ര സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന്

വിശദമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം അനുവദിയ്ക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക്**

1478 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയും ആയതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഏറനാട്, പെരിന്തൽമണ്ണ, തിരൂർ താലൂക്കുകളിലെ വില്ലേജുകളും ചേർത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളും വില്ലേജുകളും വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

**പള്ളിച്ചൽ വില്ലേജ് ഓഫീസിനായുള്ള ഭൂമി**

1479 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജ് ഓഫീസിനായുള്ള ഭൂമി വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇതിനായി എത്ര സെന്റ് ഭൂമിയാണ് വാങ്ങാനുദ്ദേശിക്കുന്നത്; ആയതിനുള്ള നടപടികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

**കോഴിക്കോട് സിവിൽ സ്റ്റേഷൻ പദ്ധതി**

1480 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ, മോഡൽ സിവിൽ സ്റ്റേഷനാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സിവിൽ സ്റ്റേഷനിലെ പ്ലാനിംഗ് വകുപ്പിന് താഴെയുള്ള ക്യാന്റീനിൽ നിന്നും മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

1481 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## <u>സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യം</u>

1482 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിൽ കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കൽ ഓഫീസുകളിൽ ഭൂമി ഏറ്റെടുക്കൽ ജോലികൾക്കായി വിവിധ സർക്കാർ വകുപ്പുകൾ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന കണ്ടിജൻസി ഫണ്ട്, എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് എന്നിങ്ങനെ ലഭിയ്ക്കുന്ന തുക ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാരിന്റെയോ മറ്റ് ഹയർ അതോറിറ്റികളുടെയോ അനുമതി വാങ്ങേണ്ടതുണ്ടോ;

(സി) പ്രസ്തുത ഓഫീസുകൾക്ക് ടി തുകകൾ ഉപയോഗിച്ച് സ്വന്തം നിലയിൽ ഓഫീസിൽ മതിയായ അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിന് നിയമ തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ ഓഫീസുകളിൽ വാഹന സൗകര്യം ഇല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ടിജൻസി ഫണ്ട്, എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് എന്നിങ്ങനെ ലഭിയ്ക്കുന്ന തുക ഉപയോഗിച്ച് പ്രസ്തുത ഓഫീസുകൾ സ്വന്തം നിലയിൽ മാസവാടക അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിയമ തടസ്സമുണ്ടോ; ആയതിന് സർക്കാരിന്റെയോ ജില്ലാ കളക്ടറുടെയോ അനുമതി ആവശ്യം ഉണ്ടോ; വ്യക്തമാക്കാമോ?

## <u>വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം</u>

1483 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ കുറവുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം എല്ലാ വില്ലേജുകളിലും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) എച്ച്.ആർ.എം.എസ്. ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് പ്രൊമോഷൻ ലഭിച്ച് മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് തിരിച്ച് സ്വന്തം ജില്ലകളിലേയ്ക്ക്

നിയമനം ലഭിക്കാതെ ഒരു വർഷമായി ബുദ്ധിമുട്ടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ?

## മിനി സിവിൽ സ്റ്റേഷൻ

1484 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കിഴക്കുംഭാഗം-വടക്കുംഭാഗം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഴക്കുംഭാഗം-വടക്കുംഭാഗം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ പുറമ്പോക്ക് ഭൂമിയുണ്ടോ; എങ്കിൽ ഭൂമിയുടെ അളവ്, സ്കെച്ച് എന്നിവ ലഭ്യമാക്കുമോ?

## റവന്യൂ വകുപ്പിലെ നിയമനം

1485 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്ക് അപേക്ഷകൾ തീർപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേകം നിയമനം നടത്തുന്നുണ്ടോ; എങ്കിൽ എത്ര പേർക്കാണ് നിയമനം നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് പരിശോധനാ കമ്മിറ്റിയുടെ കൺവീനർമാരെ സഹായിക്കുന്നതിന് പ്രത്യേകം നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കരിപ്പൂർ വിമാനത്താവള സ്ഥലമെടുപ്പ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളം

1486 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവള സ്ഥലമെടുപ്പ് വകുപ്പിലെ ജീവനക്കാർക്ക് 1510-61ബി-030 ശീർഷകത്തിൽ തുടർച്ചാനുമതി ലഭിക്കാത്തതിനാൽ ആറ് മാസത്തിലേറെയായി ശമ്പളം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് നിയമനം

1487 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ അനുവദനീയമായ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം റവന്യൂ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ വില്ലേജ് ഫീൽഡ്

അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) 2022 സെപ്തംബർ മാസത്തിനകം പ്രസ്തുത തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളെന്ന് വ്യക്തമാക്കാമോ; ഈ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ

1488 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ജീവനക്കാർക്ക് എല്ലാ വർഷവും നടത്തിയിരുന്ന ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ ഓരോ വർഷവും നടത്തേണ്ടതില്ലെന്ന് വകുപ്പുതലത്തിൽ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ റിസൽട്ട് പ്രസിദ്ധീകരിക്കുന്നതിന് ഏതാനും ദിവസം മുൻപ് ഡി.പി.സി. ചേർന്ന് പുതിയ പ്രമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) ടെസ്റ്റ് പാസ്സായി നിൽക്കുന്ന റവന്യൂ വകുപ്പിലെ ജൂനിയർമാരെ സഹായിക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ അകാരണമായ കാലതാമസം വരുത്തിയത് എന്ന തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

## റവന്യൂ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം

1489 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം മൂലം കേഡർ സീനിയോറിറ്റി അട്ടിമറിക്കപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് ജില്ലകളിലേക്ക് പ്രൊമോഷനായി പോകുന്നവർക്ക് സ്ഥലമാറ്റത്തിൽ മുൻഗണന നൽകണമെന്ന 25.02.2017 ലെ സ.ഉ. (പി) നം.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ഓൺലൈൻ സ്ഥലം മാറ്റം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) 30.07.2021-ലെ സ.ഉ. (സാധാ) 2485/2021/റവ. നമ്പർ ഉത്തരവിൽ എടുത്തു കളഞ്ഞ കേഡർ സീനിയോറിറ്റി സംവിധാനം നിലനിർത്തുവാനും ഒരേ ഉത്തരവിൽ പ്രൊമോഷനായവരിൽ സ്വന്തം ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ചവർക്ക് പൊതു സ്ഥലംമാറ്റത്തിൽ സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ; അറിയിക്കുമോ?

## പൊതുസ്ഥലമാറ്റവും റീ അലോട്ട്മെന്റും

1490 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ പ്രൊമോഷൻ വഴി മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെട്ട വില്ലേജ് ഓഫീസർമാരുടെ റീ-അലോട്ട്മെന്റ് നടത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; കെ.എ.ടി. യിലെ 1258/2021-ാം നമ്പർ കേസിലെ ഇടക്കാല ഉത്തരവിൽ സ്ഥലംമാറ്റം, റീ അലോട്ട്മെന്റ് എന്നിവയ്ക്ക് സ്റ്റേ ബാധകമല്ലാത്ത സ്ഥിതിക്ക് ആയത് കഴിഞ്ഞ ഒരു വർഷത്തിലധികമായി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുസ്ഥലം മാറ്റം സംബന്ധിച്ച 25.07.2017-ലെ സ.ഉ. (പി) 3-2017 നമ്പർ ഉത്തരവിലെ ഖണ്ഡിക 10 (VIII) പാലിക്കാതെയാണ് 17.08.2021, 08.10.2021, 13.01.2022 എന്നീ തീയതികളിലെ എൽ.ആർ.ഇ7/1218/2021 നമ്പർ കത്ത് പ്രകാരം വി.ഒ. സ്ഥാനക്കയറ്റവും നിയമനവും നടത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻഗണന വിഭാഗങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരമുള്ള റീ അലോട്ടുമെന്റ് കഴിഞ്ഞ ഒന്നരവർഷമായി നൽകിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത്തരം ജീവനക്കാർക്ക് റീ അലോട്ട്മെന്റ് എന്നാണ് നൽകാൻ കഴിയുന്നത് എന്ന് വിശദമാക്കുമോ;

(ഡി) എല്ലാ തസ്തികകളിലെയും പൊതുസ്ഥലമാറ്റവും റീ അലോട്ട്മെന്റും തടഞ്ഞുവെച്ചിട്ടുള്ള സാഹചര്യത്തിലും മുൻഗണനയോ പ്രത്യേക പരിഗണനയോ ബാധകമല്ലാത്ത ഏതാനും പേർക്ക് 05.02.2022-ലെ എൽ.ആർ./471/2021/ എൽ.ആർ.(ഇ2) പ്രകാരം ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവയിൽ അന്വേഷണം നടത്തി പ്രസ്തുത സ്ഥലം മാറ്റം റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ;

(ഇ) ജീവനക്കാർക്ക് മൂന്ന് വർഷത്തിലധികമായി മറ്റ് ജില്ലകളിൽ നിന്നും മാതൃ ജില്ലകളിലേക്ക് റീ അലോട്ട്മെന്റ് ലഭിക്കാത്തതായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; റീ അലോട്ട്മെന്റ് നടപടികൾ ഈ സാമ്പത്തിക വർഷത്തിൽ പുനരാരംഭിക്കാൻ കഴിയുമോ;

(എഫ്) 26.08.2020-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച കരട് ലിസ്റ്റ് പ്രകാരം പൊതുസ്ഥലം മാറ്റം നടത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ പുറമ്പോക്ക് ഭൂമി

1491 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയുടെ വിശദവിവരം നൽകുമോ?

## എളവള്ളി വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ

1492 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓഫീസിൽ വില്ലേജ് ഓഫീസറുടെ ഒഴിവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് നികത്താൻ നടപടി എടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ?

## ഭൂമി കൈമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി

1493 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പോളിടെക്നിക്കിനായുള്ള ഭൂമി കൈമാറ്റ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇക്കാര്യത്തിലെ തുടർനടപടികൾ എന്തെല്ലാമെന്നും ഭൂമി കൈമാറ്റം എന്ന് സാധ്യമാകുമെന്നും വ്യക്തമാക്കാമോ;

(ബി) ുങ്ങാംപാറ എക്കോ ടൂറിസം പദ്ധതിയ്ക്കായി കുളത്തുമ്മൽ വില്ലേജ് പരിധിയിൽപ്പെട്ട ഭൂമി ഉപയോഗ അനുമതിയ്ക്കായി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ?

## ഭൂമി കൈമാറ്റം

1494 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ. കമ്പനിയും അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും പരസ്പരം ഭൂമി കൈമാറുന്ന നടപടികൾ പൂർത്തിയാക്കുന്നതിന് (ഫയൽ നം. 30/എ3/2019/റവ.) കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ടെന്നത് പരിഗണിച്ച് പ്രസ്തുത ഭൂമി കൈമാറ്റം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം

1495 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മുൻ സർക്കാർ ഏർപ്പെടുത്തിയ നിർമ്മാണ നിരോധനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നിർമ്മാണ നിരോധനം മൂലം പ്രസ്തുത ജില്ലയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; നിർമ്മാണ നിരോധനം പൂർണ്ണമായി പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

## അനന്തരാവകാശ സർട്ടിഫിക്കറ്റ്

1496 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ ഭാഗം ചെയ്യുന്നതിനും ക്രയവിക്രയങ്ങൾ നടത്തുന്നതിനും അവകാശികളെ തീരുമാനിക്കാൻ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ കൊണ്ട് സാധിക്കുമോ;

(സി) 2021 ഒക്ടോബർ 6-ലെ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 10.08.1967-ലെ ജി.ഒ. (എം.എസ്.) നം.67/ആർ.ഡി., കേരള വില്ലേജ് മാനുവൽ ക്ലോസ്സ് 261 എന്നിവ അനുസരിച്ച് സിവിൽ കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് വില്ലേജ് മാനുവൽ ഭേദഗതി വരുത്തി അന്തരാവകാശ സർട്ടിഫിക്കറ്റ് കൂടുതൽ ഉപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>അനന്തരാവകാശ സർട്ടിഫിക്കറ്റ് ഓൺലൈൻ വഴി ലഭ്യമാക്കാൻ പദ്ധതി</u>

1497 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അനന്തരാവകാശ സർഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം വന്നുകഴിഞ്ഞാൽ ബന്ധപ്പെട്ട അപേക്ഷകർക്ക് ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

## <u>ജില്ലാ-താലൂക്ക് വികസന സമിതി</u>

1498 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിഹരിക്കുന്നതിനും ഭരണ നടപടികൾ ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിച്ച ജില്ലാ-താലൂക്ക് വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ജില്ലാ-താലൂക്ക് വികസന സമിതി മാതൃകയിൽ വില്ലേജ് തല ജനകീയ സമിതികൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ സമിതിയുടെ ഘടന, സമിതി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്നിവ വിശദമാക്കാമോ?

## <u>കുടിവെള്ള പദ്ധതിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടി</u>

1499 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കരവാരം, പുളിമാത്ത്, നഗരൂർ കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ഭൂമി കൈമാറുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കോവിഡ് ബാധിച്ച് മരിച്ചരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി

1500 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചരുടെ ആശ്രിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 5000 രൂപ വീതം 36 മാസം ധനസഹായം നൽകുന്ന പദ്ധതിയിൽ ധനസഹായ വിതരണം തുടങ്ങിയോ;

(ബി) ഈ പദ്ധതിയിൽ അർഹരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്ക് എന്നത്തേക്ക് ധനസഹായം നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

## ഭൂമി തരംതിരിക്കലുമായി ബന്ധപ്പെട്ട അപേക്ഷകൾ

1501 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംതിരിക്കലുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ വിവിധ വില്ലേജുകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഭൂമി തരംതിരിക്കലുമായി ബന്ധപ്പെട്ട് 2021- ലെ സർക്കാർ ഉത്തരവിന് മുമ്പ് അപേക്ഷ നൽകിയവരുടെ കാര്യത്തിൽ ഇളവുകൾ ബാധകമാണോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## ഭൂമി തരംമാറ്റൽ

1502 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിനായി ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയ ശേഷം എത്ര അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തരംമാറ്റൽ നടപടികളിലെ കാലതാമസം ഒഴിവാക്കി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലം തരംമാറ്റുന്നതിന് എത്ര സമയം എടുക്കുമെന്നും എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും ആയതിന് എന്തെല്ലാം നടപടിക്രമങ്ങൾ ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ സെറ്റിൽമെന്റ് രജിസ്റ്ററിൽ നിലമെന്നും ബി.ടി.ആർ. ൽ പുരയിടമെന്നും കിടക്കുന്ന വസ്തു തരംമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

എന്തെല്ലാമാണെന്നും പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

**ഭൂമി തരം മാറ്റൽ**

1503 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റിക്കിട്ടാനായി വില്ലേജ് ഓഫീസ് മുതൽ ആർ.ഡി.ഒ. ഓഫീസ് വരെ സമീപിച്ചിട്ടും ഫലമില്ലാതെ വന്നപ്പോൾ അപേക്ഷകനായ മത്സ്യത്തൊഴിലാളി ജീവൻ ഒടുക്കിയതായി പറയപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഓരോ ഫയലിലേയും നടപടികൾ യഥാസമയം പൂർത്തീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വർഷങ്ങളായി പുരയിടമായി മാറിയ സ്ഥലങ്ങൾ പോലും ഡേറ്റാ ബാങ്കിൽ നിലം എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന പരാതികൾ പരിഗണിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**ഭൂമി പതിച്ച് നൽകുന്നതിലെ കാലതാമസം**

1504 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കെ.എസ്.ഇ.ബി. യുടെ പള്ളിവാസൽ ജനറേഷൻ ഡിവിഷന്റെ അധീനതയിലുള്ള സർവ്വെ നമ്പർ 272/6-ൽ ഉൾപ്പെട്ട 4.99 സെന്റ് സ്ഥലം ശ്രീ. അജികുമാർ എ. എൻ., ആനിക്കാക്കുന്നേൽ വീട്, മീൻകെട്ട് എന്നയാളുടെ പേരിൽ 1964-ലെ ഭൂമി പതിവ് ചട്ടം പ്രകാരം പതിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ആയത് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിന്റെ സ്ഥലത്തെ റീസർവ്വെ**

1505 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ റീസർവ്വെ പ്രകാരമുള്ള വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുവാൻ വൈക്കം ഭൂരേഖാ തഹസീൽദാർക്ക് കടുത്തുരുത്തി പഞ്ചായത്ത് സെക്രട്ടറി നൽകിയ

കത്തിന്റെ അടിസ്ഥാനത്തിൽ 12.10.2021 ൽ നടന്ന ഭൂമി അളവിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർവ്വെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ടോ; പഞ്ചായത്ത് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) വൈക്കം ഭൂരേഖാ തഹസീൽദാർ ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

## കോതമംഗലം താലൂക്കിലെ റീസർവ്വെ നടപടികൾ

1506 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 വില്ലേജുകൾ ഉൾപ്പെടുന്ന കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെ 12 താലൂക്കിലും റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) നൂറ് വർഷത്തോളം പഴക്കമുള്ളതും തിരുവിതാംകൂർ രാജാവിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതുമായ റെക്കോഡുകളാണ് റീസർവ്വെ പൂർത്തീകരിക്കാത്ത 12 വില്ലേജുകളിലും നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റീസർവ്വെ പൂർത്തീകരിക്കാത്തതിനാൽ ഭൂമിയുമായി ബന്ധപ്പെട്ട് പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിലവിൽ റീസർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന ഡിജിറ്റൽ ഡ്രോൺ സർവ്വെയിൽ ഉൾപ്പെടുത്തി കോതമംഗലം താലൂക്കിലെ റീസർവ്വെ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

## റീസർവ്വെ സംബന്ധിച്ച പരാതികൾ

1507 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ റീസർവ്വെ സംബന്ധിച്ച പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം പരാതികൾ തരം തിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ആരംഭിച്ച സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സ്ഥലമെടുപ്പ് നടപടി

1508 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതിയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി മേൽപ്പാലം നിർമ്മാണത്തിന് എപ്പോൾ ഭൂമി കൈമാറുമെന്നും വിശദമാക്കാമോ; പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതിയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എപ്പോൾ ഭൂമി കൈമാറുമെന്നും വിശദമാക്കാമോ;

(ബി) മണ്ണന്തല-പൗഡിക്കോണം, പൗഡിക്കോണം-ശ്രീകാര്യം റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്ത് എപ്പോൾ കൈമാറുമെന്നും അറിയിക്കാമോ; ആറ്റിപ്ര പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതിയും പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(സി) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉണ്ടാകുന്ന കാലതാമസവും അനാവശ്യ നടപടിക്രമങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂവുടമകൾ ഭൂമി വിട്ടു നൽകിയാലും ഭൂമി ഏറ്റെടുക്കലിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; സുഗമമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഇപ്പോഴുള്ള നിയമം പര്യാപ്തമാണോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) നിലവിലുള്ള നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടും കേസ് നടത്തിപ്പിന് ധാരാളം തുക സർക്കാർ ചിലവാക്കുകയും ഭീമമായ തുക നഷ്ടപരിഹാരം നൽകേണ്ടതായും വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിന് നിലവിലുള്ള നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) 33 വർഷങ്ങൾക്ക് മുമ്പ് ഇപ്പോൾ നിലവിൽ ഇല്ലാത്ത പോസ്റ്റൽ ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിന് കൈമാറിയ യാതൊരുവിധ പ്രവർത്തനങ്ങളും നാളിതുവരെ നടത്താതെ കിടക്കുന്ന ഭൂമി ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ജി) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിന്മേൽ സ്വകാര്യ വ്യക്തി ഉടമസ്ഥാവകാശം സ്ഥാപിച്ച് സ്റ്റേ സമ്പാദിക്കുവാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; ഈ വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ

1509 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലും താലൂക്ക്

ഓഫീസുകളിലും ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി തരംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നുണ്ടെങ്കിലും കൃഷി ഓഫീസിൽ നിന്നും വില്ലേജ് ഓഫീസിൽ നിന്നുമുള്ള റിപ്പോർട്ടുകൾ കൂടി അപ് ലോഡ് ചെയ്താൽ മാത്രമേ ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ കഴിയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ അപേക്ഷകൾ നേരിട്ട് സമർപ്പിക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത് എന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ റിപ്പോർട്ടിനായി ജനങ്ങൾ കയറിയിറങ്ങേണ്ടി വരുന്ന അവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ഭൂമി തരംമാറ്റത്തിന് എത്ര തരം അപേക്ഷകളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

## ഭൂമി തരംമാറ്റം

1510 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിൽ ഭൂമി തരംമാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ തരംമാറ്റം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; നിരസിച്ചിട്ടുള്ളത് എത്ര; തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നത് എത്ര; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ

1511 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 2015 ജനുവരി മുതൽ ഇതു വരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ എത്ര സമയം വേണ്ടി വരുമെന്ന് വിശദമാക്കുമോ;

(ഇ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിനായി മണ്ഡലത്തിൽ റവന്യൂ അദാലത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

## ആദിവാസി കുടുംബങ്ങൾക്ക് സെറ്റിൽമെന്റ് ആധാരം

1512 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ സെറ്റിൽമെന്റ് ആധാരം നടത്തി ആദിവാസി കുടുംബങ്ങൾക്ക് ഭൂരേഖകൾ നൽകാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ആദിവാസി ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ കളക്ടർക്കും തഹസീൽദാർക്കും എത്ര പരാതികൾ ലഭിച്ചു; അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>ഭൂമി തരംമാറ്റുന്നതിന് അപേക്ഷ</u>

1513 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകുവാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച അപേക്ഷ ആർ.ഡി.ഒ. ഓഫീസുകളിൽ നേരിട്ട് സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് ആർ.ഡി.ഒ. ഓഫീസുകളിൽ നേരിട്ടും ഓൺലൈൻ മുഖേനയും അപേക്ഷകൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) അപേക്ഷകൾ ഓൺലൈൻ വഴി അയക്കുന്നതിന് ഓൺലൈൻ സെർവർ പലയിടത്തും സജ്ജമായിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും അപേക്ഷ സ്വീകരിക്കാനുള്ള കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>ഭൂമി തരംമാറ്റൽ</u>

1514 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് സെന്റ് ഭൂമി ഒന്നര വർഷമായി തരംമാറ്റി കിട്ടാത്തതിൽ മനംനൊന്ത് പറവൂരിൽ മത്സ്യത്തൊഴിലാളി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തതയും ഉദ്യോഗസ്ഥ മനോഭാവവുമാണ് ആത്മഹത്യയ്ക്ക് കാരണമെന്ന് ആത്മഹത്യാക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോടതി വിധിയെ തുടർന്ന് 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റത്തിന് ഫീസ് സൗജന്യമാക്കി സർക്കാർ ഉത്തരവിറക്കിയിരുന്ന സാഹചര്യത്തിൽ 4 സെന്റ് ഭൂമി മാത്രം തരംമാറ്റുന്നതിന് അപേക്ഷ നൽകിയിരുന്ന പ്രസ്തുത വ്യക്തിക്ക് ഈ ആനുകൂല്യം നൽകുന്നതിൽ സർക്കാർ സംവിധാനങ്ങൾക്ക് ഉണ്ടായതായി പറയപ്പെടുന്ന വീഴ്ച അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന അനുകൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കാനും

ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുന്നതിൽ വകുപ്പിന് വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>**അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി**</u>

1515 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് അടക്കമുള്ള വിദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കാൻ സിവിൽ കോടതിയിൽ കേസ് നൽകാൻ റവന്യൂ വകുപ്പിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കളക്ടർമാരോ എ.ജി. യുടെ ഓഫീസോ ഇക്കാര്യത്തിൽ തടസ്സമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>**തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി**</u>

1516 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര തോട്ടം തൊഴിലാളികളുടെ കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(സി) പദ്ധതിക്കായി എത്ര രൂപയുടെ ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

<u>**ഗൃഹശ്രീ ഭവന പദ്ധതി**</u>

1517 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) 2021-22 വർഷത്തിൽ ഇ.ഡബ്ല്യു.എസ്./എൽ.ഐ.ജി. ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>**പുതുക്കാട് മണ്ഡലത്തിലെ ഹൗസിംഗ് പ്രോജക്ട്**</u>

1518 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മാട്ടുമല ദേശത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനായി സാഫല്യം പദ്ധതിയിൽ ഉൾപ്പെടുത്തി ഫൗണ്ടേഷൻ നിർമ്മിച്ചുവെങ്കിലും ഏറെ വർഷങ്ങളായി നിർമ്മാണം പൂർണ്ണമായും നിലച്ചിരിക്കുന്ന സാഹചര്യത്തിൽ, മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ ഭവന-ഭൂരഹിതരായ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഹൗസിംഗ് ബോർഡിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹകരണത്തോടെ പ്രസ്തുത ഹൗസിംഗ് പ്രോജക്ട് യാഥാർത്ഥ്യമാക്കി 48 ഭവനരഹിത കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

1519 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ നിലവിലുള്ള ലക്ഷം വീടുകൾ ഏതൊക്കെയാണെന്നും പ്രസ്തുത ലക്ഷം വീട് സങ്കേതങ്ങളിൽ ഓരോന്നിലും എത്ര വീടുകൾ വീതമുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ ഏതെങ്കിലും ലക്ഷം വീടുകൾ നവീകരിക്കുവാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും പ്രസ്തുത ലക്ഷം വീടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## തുറമുഖ വികസനം

1520 **ശ്രീ കെ ആൻസലൻ**
**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) വിഴിഞ്ഞം രാജ്യാന്തര തുറമുഖവുമായി ബന്ധപ്പെട്ട പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; പ്രസ്തുത തുറമുഖം എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദവിവരം നൽകാമോ;

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന മറ്റ്

അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള തുറമുഖ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

## അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ്

1521 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൊല്ലം തുറമുഖത്തിന്റെ വികസനം

1522 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി സർക്കാർ പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുറമുഖത്ത് നിലവിലുള്ള സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശം, തുറമുഖത്തിനായി ഇതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര സഹായത്തിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

1523 **ശ്രീ എം വിൻസെൻറ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കാൻ 2024 വരെ അദാനി ഗ്രൂപ്പ് സമയം തേടിയിട്ടുണ്ടോ;

(ബി) 2019-ൽ തീർക്കേണ്ട പദ്ധതി ഇപ്പോഴും പൂർത്തിയാകാതെ നീണ്ടുപോകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) അദാനി ഗ്രൂപ്പിന്റെ അഭ്യർത്ഥന പ്രകാരം 2024 വരെ സമയം നീട്ടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പാറയും കല്ലും ലഭിക്കാനുള്ള പ്രശ്നങ്ങൾ മൂലം പുലിമുട്ട് നിർമ്മാണം വൈകുന്നതിനാലാണ് നിർമ്മാണം വൈകുന്നതെന്ന് അദാനി ഗ്രൂപ്പ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) സിൽവർ ലൈൻ പദ്ധതിക്കായി മധ്യകേരളത്തിൽ ആവശ്യത്തിന് പാറയും കല്ലും ലഭ്യമാണ് എന്ന് അവകാശപ്പെടുന്ന സർക്കാർ വിഴിഞ്ഞം കരാറിനായി പാറയും കല്ലും ലഭ്യമാക്കാൻ മുൻകൈ എടുക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## തുറമുഖ വികസനത്തിനായി സ്വീകരിച്ച നടപടികൾ

1524 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2022 ജനുവരി വരെയുള്ള കാലഘട്ടത്തിൽ തുറമുഖ വികസനത്തിനായി സ്വീകരിച്ച നടപടികൾ, പ്രവർത്തന പുരോഗതി, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മുട്ടം ബങ്കര ബീച്ചിലെ പുറമ്പോക്ക് ഭൂമി

1525 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം തുറമുഖ പരിധിയിൽപ്പെട്ട മംഗൽപാടി പഞ്ചായത്തിലെ മുട്ടം ബങ്കര ബീച്ചിലെ പുറമ്പോക്ക് ഭൂമി മംഗൽപാടി ഗ്രാമ പഞ്ചായത്തിന് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി ലൈസൻസ് അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ എത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമി മംഗൽപാടി ഗ്രാമ പഞ്ചായത്തിന് എപ്പോൾ കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ പാർക്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് സൗജന്യമായോ നാമമാത്ര തുകയ്ക്കോ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ്

1526 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് ഡ്രെഡ്ജിംഗ് നടക്കുന്നുണ്ടോ; എങ്കിൽ നിലവിൽ എത്ര മീറ്റർ ആഴത്തിലാണ് ഡ്രെഡ്ജിംഗ് നടത്തുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഡ്രെഡ്ജിംഗ് പ്രവൃത്തിയുടെ ആഴത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) തുറമുഖ പരിസരത്ത് കൂട്ടിയിട്ടിട്ടുള്ള ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ കഴിഞ്ഞ നാല് മാസത്തെ പുരോഗതി അറിയിക്കാമോ;

(ഇ) മെറ്റീരിയൽ നീക്കം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തീരദേശ പാസഞ്ചർ സർവ്വീസുകൾ

1527 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - കോഴിക്കോട്, കൊച്ചി - തിരുവനന്തപുരം, കോവളം - കന്യാകുമാരി എന്നീ മേഖലകളിൽ തീരദേശ പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) നീണ്ടകര, വലിയതുറ, കായംകുളം, മാനക്കോടം, മുനമ്പം, കൊടുങ്ങല്ലൂർ, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ, നീലേശ്വരം, കാസർഗോഡ്, മഞ്ചേശ്വരം എന്നീ നോൺ മേജർ തുറമുഖങ്ങളുടെ പ്രവർത്തനത്തിനായി വിവിധ സമുദ്ര ഭൗമ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമായ റിപ്പോർട്ട് നൽകാമോ?

## ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി

1528 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വിനോദസഞ്ചാരത്തിന്റെ പ്രധാന ആകർഷണമായ ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് 2018-ൽ തുറമുഖ വകുപ്പ് അദാലത്ത് സംഘടിപ്പിച്ചിരുന്നോ;

(ബി) ലൈസൻസില്ലാത്ത ബോട്ടുകളുടെ സർവ്വീസ് പുനരാരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അദാലത്തുമായി ബന്ധപ്പെട്ട പരാതികൾക്ക് തീർപ്പുകൽപ്പിക്കാൻ എടുത്ത നടപടികളെക്കുറിച്ച് വിശദമാക്കാമോ?

## അതിവേഗ യാത്രാ കപ്പൽ സർവ്വീസ്

1529 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോവളം, കോവളം-കന്യാകുമാരി മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നാറ്റ്പാക് (നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ) തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ട് പരിഗണിച്ച് മാരിടൈം ബോർഡ് നടത്തിയ നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

## മാരിടൈം ബോർഡ് രൂപീകരണം

1530 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് രൂപീകരിച്ചത് എപ്പോഴാണെന്നും കാലാവധി എത്ര വർഷമാണെന്നും വ്യക്തമാക്കാമോ;

(ബി) ബോർഡിന്റെ കാലാവധി ചുരുക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള

കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) കാലാവധി ചുരുക്കിയതിനാൽ നിലവിലെ ബോർഡിന്റെ കാലാവധി അവസാനിച്ചുവോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ 17 ചെറുകിട തുറമുഖങ്ങളുടെ വികസനം ലക്ഷ്യമിട്ടാണ് മാരിടൈം ബോർഡ് രൂപീകരിച്ചതെങ്കിൽ ആയത് കൈവരിക്കാൻ ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ബോർഡിൽ പുതുതായി കൊണ്ടുവന്ന നിയമഭേദഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കടലിലെ ആറ്റ് മണലിന്റെ ശേഖരം

1531 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ സമുദ്രങ്ങളിൽ പതിക്കുന്ന പ്രദേശങ്ങളിൽ ആറ്റ് മണലിന്റെ ശേഖരം ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം സർവ്വെയിലൂടെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പൊന്നാനി അഴിമുഖത്ത് നിന്നും കടലിന്റെ ഉള്ളിലേക്ക് പത്ത് നോട്ടിക്കൽ മൈൽ ദൂരത്തിലും അഞ്ച് നോട്ടിക്കൽ മൈൽ വീതിയിലും ആറ്റ് മണൽ തിട്ടയുണ്ടെന്ന് പ്രസ്തുത വിഭാഗം കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

## ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

1532 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഭരണാനുമതി ലഭിച്ച ചന്തപ്പുരയിലെ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

1533 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി കണ്ടെത്തിയ ഭൂമി പുരാവസ്തു വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ?

## എഴുത്തോംപാറ ശിലാലിഖിതങ്ങൾ

1534 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാരകുറിശി പഞ്ചായത്തിലെ എഴുത്തോംപാറ

ശിലാലിഖിതങ്ങൾ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ പ്രകാരം സംരക്ഷിത സ്മാരകം ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം**

1535 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പൈതൃക പ്രാധാന്യമുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

**ബുദ്ധ-ജൈന മതങ്ങളുടെ സ്വാധീനങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ**

1536 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബുദ്ധ-ജൈന മതങ്ങളുടെ സ്വാധീനങ്ങൾ പര്യവേക്ഷണത്തിലൂടെയും വിവരശേഖരണത്തിലൂടെയും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കാമോ?

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന് നടപടി**

1537 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) അത്തരത്തിൽ ശിപാർശ ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാരണം പരിഹരിച്ച് എത്രയും വേഗം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

**ചരിത്രസ്മാരകങ്ങളുടെ സംരക്ഷണം**

1538 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിയ്ക്കപ്പെട്ടിരിക്കുന്ന പുരാവസ്തു/ചരിത്ര മ്യൂസിയങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ പുരാവസ്തു വകുപ്പ് പുതിയതായി ഏതെങ്കിലും ചരിത്രസ്മാരകങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേരളത്തിൽ കേന്ദ്ര പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള ചരിത്രസ്മാരകങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സംരക്ഷണം**

1539 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ആലപ്പുഴ പൈതൃക പദ്ധതി**

1540 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിൽ പുതിയ കടൽപ്പാലം നിർമ്മിക്കുവാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) മുസിരിസ് പൈതൃകസംരക്ഷണ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ബീച്ചിൽ സ്ഥാപിക്കപ്പെട്ട കപ്പലിന്റെ അനുബന്ധമായി നടത്തേണ്ട പ്രവർത്തനങ്ങൾക്ക് തുറമുഖ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തടസങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം കെട്ടിടങ്ങളാണ് പുരാവസ്തു വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്; ഇത്തരം കെട്ടിടങ്ങൾ നശിച്ച് പോകാതിരിക്കുവാനും സംരക്ഷിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 06-03-2022
എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].